JUNE-JULY 1999

# NEW VISION








**ഭാരതത്തിൻെറ മതേതരത്വം ഇന്ന്**

ഡോ. അന്നമ്മ ജോർജ്ജ്, ഇരവിപേരൂർ

*(പേജ് 4)*

❑◆❑

## DOING JUSTICE TO GOD - AND TO HUMAN BEINGS

Prof. T. K. Thomas, Bangalore

*(Page 7)*

❑◆❑

**ഡോ. എ. കെ. തര്യൻ,**
**ഡോ. ജേക്കബ് ചെറിയാൻ എന്നിവരുമായി**
**ന്യൂവിഷൻ നടത്തിയ അഭിമുഖം**

*(പേജ് 8 മുതൽ 16 വരെ)*

❑◆❑

**ഫോണൽ എക്യുമെനിസം**

ഫാദർജി

*(പേജ് 18)*

❑◆❑

*കൂടാതെ, വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും മറ്റു പംക്തികളും...*

❑◆❑

## NEW VISION

### Editorial Board

**Prof. Mathew Koshy,**
Chief Editor, New Vision,
Punnackadu, Kozhencherry - 689 652
✆/Fax: 0473-314068
E-mail: kosh @ md3.vsnl.net.in.

**Rev. Prof. K. C. Mathew,**
Manager & Publisher, New Vision,
Manganam, Kottayam- 686 018
✆ 0481-578841

**Rev. A. C. Oommen, Kaviyoor**
✆ 0473-620187

**Rev. Dr. A. T. Abraham, Muvattupuzha**
✆ 0485-835120

**Rev. Dr. K. V. Mathew, Kottayam**
✆ 0481-573795

**Mr. M. Kurian, Manganam**
✆ 0481-578599

**Mr. Mathew P. Idicula, Chicago**
✆/Fax: 630-986 - 1195

**Prof. Zachariah Mathew, Kottayam**
✆ 0481-566135

### Advisory Board

Rt. Rev. T. B. Benjamin, Kottayam • Rt Rev. K. Michael John, Canada• Rt. Rev. Dr. Isaac Mar Philexinos, New Delhi• Rt. Rev. Geevarughese Mar Osthathiose, Parumala• Rt. Rev. Dr. Thomas Mar Athanasius, Kandanadu• Rev. Dr. E. C. John, Bangalore• Rev. Fr. Dr. K. M. George, Kottayam• Rev. Kurian Thomas, Mallappally• Rev. Thomas K. Oommen, Chengannoor• Rev. Fr. A. P. George, Mulamthuruthy• Rev. Prof. Mathew Daniel, Kozhencherry• Rev. Shajan Idiculla, Kanjikuzhy• Prof. Dr. K. M. Tharakan, Tiruvalla• Prof. Philip N. Thomas, Tiruvalla• Prof. Dr. Samuel Chandanappally• Prof. Mammen Varkey, Mavelikara• Mr. C. John Mathai, Chengalam• Mr. M. M. Yobel, Kottayam• Mr. Paul Manalil, Kottayam• Ms. Sara K. A. Mathew, Ernakulam• Mr. Sunil George Kurian, Trivandrum• Adv. K. I. Ninan, Aymanam• Ms. Accamma Paul, Mavelikara• Mr. M. C. Johney, Ernakulam• Mr. J. T. Wattachanackal, Chicago• Dr. George Mathew Nalumnakkal, Nagpur• Prof. T. K. Thomas, Bangalore.

### Co-ordinators in USA

Mr. John K. Mathew, Texas
Mr. Koshy George, New York
Dr. George Joseph, Chicago
Mr. Varghese K. David, New Jersey
Dr. Koshy Itty Eipe, Philadelphia
Dr. Thomas Koshy, Boston



### Contact address in USA & Canada

New Vision, 16 W, 684- 89th Place, Hinsadale, IL, 60521 USA
✆/Fax 630 986 1195

### Typesetting & Printing

Learners' Offset Printers, CMS College Road, Kottayam
✆ 0481-567438


## ന്യൂ വിഷൻ

വിവിധ ക്രൈസ്തവ സഭാ വിഭാഗങ്ങളിൽ പെട്ടവർ സംയുക്തമായി നടത്തുന്ന ഒരു എക്യുമെനിക്കൽ പ്രസിദ്ധീകരണമാണ് ന്യൂവിഷൻ. ഇതൊരു ജനകീയ സംരംഭമാണ്. യാതൊരു പ്രത്യേക മൂലധനവുമില്ലാതെ, വായനക്കാരുടെ ഉദാരസംഭാവനകളെ മാത്രം ആശ്രയിച്ചു പ്രസിദ്ധീകരിക്കുന്ന ഒരു ദ്വൈമാസിക. കഴിഞ്ഞ 37 ലക്കങ്ങൾ പ്രസിദ്ധീകരിക്കുവാൻ സാധിച്ചത് ജനങ്ങൾ ഈ പ്രസിദ്ധീകരണത്തിന് നൽകിയ ഹൃദ്യമായ സ്വീകരണം കൊണ്ടു മാത്രമാണ്. കേരളത്തിൽ ഇപ്രകാരമുള്ള ഒരു പ്രസിദ്ധീകരണം ആദ്യമാണ്. ഇതു നിലനിൽക്കണമെന്ന് നിങ്ങളും ആഗ്രഹിക്കുന്നുണ്ടാവും. എങ്കിൽ, താഴെപ്പറയുന്ന കാര്യങ്ങളിൽ നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

- ഈ പ്രസിദ്ധീകരണം ഇഷ്ടപ്പെടുമെന്ന് നിങ്ങൾ കരുതുന്ന ആളുകളുടെ മേൽവിലാസം ഞങ്ങൾക്കയച്ചുതരുക.
- ന്യൂ വിഷനെ നിങ്ങളുടെ സുഹൃത്തുക്കൾക്ക് പരിചയപ്പെടുത്തി കൊടുക്കുക.
- നിങ്ങളുടെ സംഭാവനകൾ ക്രമമായി അയച്ചുതരിക.

### For the kind attention of the readers

- All matter for publication in the magazine shall be sent to:
  **The Chief Editor,**
  NEW VISION,
  Punnackadu, Kozhencherry-689 652

  The following facilities are available.
  ✆/Fax: 0473-314068
  E-mail: kosh@md3.vsnl.net.in
- All correspondence shall be addressed to:
  **The Manager,**
  NEW VISION,
  Manganam, Kottayam-686 018
  ✆ 0481-578841
- All remittances shall be made to the Manager, in the above address.
- Change of address, if any, shall be intimated to the Manager, without fail.


NEW VISION is a bimonthly publication of an informal ecumenical fellowship having concern over the mission and ministry of the Church. It will be a forum for exchange of views and interaction-a source of fresh thinking and inspiration for enlightened action. All the readers of NEW VISION are its members. It is run by the voluntary contributions of its members. Hence we welcome your new idead as well as your generous donations.



എഡിറ്റോറിയൽ

# നാറ്റോ ആക്രമണം നിറുത്തണം

കൊസവോയിലെ അൽബേനിയൻ വംശജരെ രക്ഷിക്കാനെന്നു പറഞ്ഞാണ് അമേരിക്കയുടെ നേതൃത്വത്തിൽ 'നാറ്റോ' (NATO) യുഗൊസ്ലാവിയയിൽ ആക്രമണം ആരംഭിച്ചത്. പ്രസിഡണ്ട് മിസലോവിച്ചിനും അദ്ദേഹത്തിൻെറ പട്ടാളത്തിനുമെതിരായ യുദ്ധമായിട്ടാണു നാറ്റോ അതിനെ വിശേഷിപ്പിച്ചത്. പക്ഷേ, വാസ്തവത്തിൽ കാര്യങ്ങൾ നാറ്റോയുടെ പ്രതീക്ഷയിലൊന്നും ഒതുങ്ങിയ മട്ടില്ല. ഒരു തവണ ബോംബുകൾ വന്നു വീണത് അൽബേനിയൻ അഭയാർത്ഥികളുടെ തന്നെ വാഹനങ്ങൾക്കു മുകളിലാണ്. യുദ്ധത്തിൽ പങ്കൊന്നുമില്ലാത്ത യുഗൊസ്ലാവിയക്കാർ സഞ്ചരിക്കുകയായിരുന്ന ബസുകളും ആക്രമണത്തിനിരയായി. ബോംബുകളും മിസൈലുകളുമേറ്റു തകർന്ന സ്ഥലങ്ങളിൽ സൈനികസ്ഥാപനങ്ങൾ മാത്രമല്ല, ജനവാസ കേന്ദ്രങ്ങളും ഉൾപ്പെടുന്നുവെന്നതും അസ്വാസ്ഥ്യമുണ്ടാക്കുന്നു. കൊസവോയിൽ നിന്ന് അൽബേനിയൻ വംശജരെ പുറത്താക്കുന്നതു തടയാൻ നാറ്റോയ്ക്കു ഇനിയും സാധ്യമായിട്ടുമില്ല.

ജനാധിപത്യ വിശ്വാസികളെയെല്ലാം ഞെട്ടിക്കുന്ന സംഭവവികാസമാണ് സമാധാനത്തിൻെറ പ്രവക്താവും ലോകത്തിലെ ഒന്നാംനമ്പർ രാഷ്ട്രവുമായ അമേരിക്കയുടെ നേതൃത്വത്തിൽ നാറ്റോ അഴിച്ചു വിട്ടിരിക്കുന്ന നഗ്നമായ ശക്തിപ്രകടനം. രാജ്യാന്തര നിയമങ്ങളെല്ലാം തൃണവൽ ധിക്കരിച്ചുകൊണ്ട് നാറ്റോ തുടങ്ങിവച്ച ആക്രമണം ലോകസമാധാനത്തിനു ഗുരുതരമായ ഭീഷണി ഉയർത്തുന്നുവെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. 52 ദിവസമായിട്ടും ലക്ഷ്യഫലം കാണാതെ മനുഷ്യക്കുരുതിയും കഷ്ടപ്പാടും വാരി വിതറിക്കൊണ്ട് നഗ്നതാണ്ഡവമാടുന്ന ഈ ആക്രമണാഭാസം മനുഷ്യത്വത്തോടും ലോക പൊതുജനാഭിപ്രായത്തോടുമുള്ള തികഞ്ഞ അവഹേളനമാണ്.

ഏപ്രിൽ അവസാനം ബൽഗ്രേഡ് സന്ദർശിച്ച റഷ്യൻ ഓർത്തഡോക്സ് സഭാ മേലദ്ധ്യക്ഷൻ അലക്സി ദ്വിതീയൻ നാറ്റോ ആക്രമണത്തെ കഠിനമായി അപലപിച്ചു. ജീവൻ രക്ഷിക്കാനല്ല, നഗ്നമായ നിഷ്ഠുരശക്തി ഉപയോഗിച്ച് ഒരു പുതിയ ലോകവ്യവസ്ഥിതി അടിച്ചേല്പിക്കാനാണ് നാറ്റോ ഉദ്യമിക്കുന്നതെന്നു പാത്രിയർക്കീസ് കുറ്റപ്പെടുത്തി. തങ്ങളുടേതിൽ നിന്നു വ്യത്യസ്തമായ മൂല്യങ്ങൾ പുലർത്തുന്ന രാജ്യങ്ങളുടെ അവകാശങ്ങൾ ചവിട്ടി മെതിക്കാനാണു നാറ്റോ സഖ്യത്തിലെ രാജ്യങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കൊസവോയിൽ നീതിപൂർവമായ സമാധാനം സ്ഥാപിക്കാനും കൊലപാതകങ്ങൾ ഇനിയും നടക്കാതെ സൂക്ഷിക്കാനും സമരം താറുമാറാക്കിയ പ്രവിശ്യയിലേക്ക് അഭയാർത്ഥികളെ തിരികെ കൊണ്ടുവരാൻ രംഗമൊരുക്കാനും അദ്ദേഹം

## അല്പം ഭൂമിശാസ്ത്രം

ബാൾക്കൻ ഉപദ്വീപിലെ ഒരു രാഷ്ട്രമായ മുൻ യുഗൊസ്ലാവിയയിൽ ആറു റിപ്പബ്ലിക്കുകളാണ് ഉണ്ടായിരുന്നത് - സെർബിയ, ക്രൊയേഷ്യ, സ്ലോവാനിയ, മോണ്ടിനിഗ്രോ, ബോസ്നിയ - ഹെർസഗോവിന, മാസിഡോണിയ. കൊസവോ, വോജോഡിന എന്നീ രണ്ടു സ്വയം ഭരണ പ്രവിശ്യകളും. 1945- ൽ യുഗൊസ്ലാവിയ ഒരു റിപ്പബ്ലിക്കായി. ദീർഘവർഷങ്ങളിലെ കമ്മ്യൂണിസ്റ്റ് ഭരണത്തിനു ശേഷം പ്രസിഡൻറു മാർഷൽ ടിറ്റോ, സ്റ്റാലിൻെറ നയങ്ങളെ തിരസ്കരിച്ചു, പാശ്ചാത്യരാജ്യങ്ങളിൽ നിന്നു സാമ്പത്തിക സഹായം തേടി. 1990 ൽ ടിറ്റോ അന്തരിച്ചു.

ഇന്നു യുഗൊസ്ലാവിയ താഴെപ്പറയുന്നവ ഉൾപ്പെടുന്ന ഫെഡറേഷനാണ് - മുൻ സെർബിയ റിപ്പബ്ലിക്ക്, മുൻ മോണ്ടിനിഗ്രോ റിപ്പബ്ലിക്ക്, കൊസവോ സ്വയംഭരണ പ്രവിശ്യ, വോജോഡിന സ്വയംഭരണ പ്രവിശ്യ (ഇവ രണ്ടും സെർബിയയ്ക്കുള്ളിലാണ്.) അതിർത്തി രാജ്യങ്ങൾ : ഹംഗറി, റുമേനിയ, ബൾഗേറിയ, ഗ്രീസ്, അൽബേനിയ, ക്രൊയേഷ്യ, അഡ്രിയാറ്റിക് കടൽ.

**സെർബിയയ്ക്കുള്ളിൽ ആഭ്യന്തര പ്രവിശ്യകൾ:**

■ കൊസവോ : തലസ്ഥാനം : പ്രിസ്റ്റീന ■ ജനസംഖ്യ 18, 50, 000
■ വോജോഡിന : തലസ്ഥാനം : നോവിസാഡ് ■ ജനസംഖ്യ 20, 50, 000

1990 ൽ അംഗ റിപ്പബ്ലിക്കുകളുടെ മത്സരം ഫെഡറൽ ഐക്യത്തിനു ഭീഷണിയായി, 1991 ൽ സ്ലോവാനിയയും ക്രൊയേഷ്യയും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ക്രൊയേഷ്യയിൽ അഭ്യന്തര കലാപം പൊട്ടിപ്പുറപ്പെട്ടു. അതു ബോസ്നിയയിലേക്കു വ്യാപിച്ചു. വംശീയ കലാപം ആയിരങ്ങളുടെ മരണത്തിനിടയാക്കി. പരസഹസ്രം പേർ അഭയാർത്ഥികളായി നാടുവിട്ടു. 10 ലക്ഷത്തോളം ബോസ്നിയൻ മുസ്ലിമുകൾ ഓടിപ്പോകേണ്ടി വന്നുവെന്നാണു കണക്ക്.

1998 മധ്യത്തോടെ കൊസവോ പ്രശ്നം പ്രതിസന്ധിയിലെത്തി. വംശീയ അൽബേനിയക്കാരുടെ മഹാ ഭൂരിപക്ഷമുള്ള പ്രവിശ്യയിൽ വംശീയശുദ്ധി നടപ്പിലാക്കാൻ സെർബിയൻ പ്രസിഡൻറ് മിലോസെവിക് യത്നം നടത്തിയെന്ന് ആരോപണം ഉയർന്നു. കൊസവോ വിമോചനസേനയിലെ ഗറിലകളെ ആക്രമിക്കാൻ മിലോസെവിക് പട്ടാളത്തെ അയച്ചതിൻെറ ഫലമായാണ് വളരെയധികം മരണം നടന്നതും അഭയാർത്ഥി പ്രവാഹം ആരംഭിച്ചതും. കൊസവോയിൽ സൈനിക ഇടപെടലിനു നാറ്റോ നേരത്തെ പ്ലാൻ തയാറാക്കിയതാണ്. മർദ്ദനം അവസാനിപ്പിക്കാമെന്നും അൽബേനിയക്കാരുമായി സ്വയം ഭരണാവകാശത്തെപ്പറ്റി സംസാരിക്കാമെന്നും മിലോസെവിക് ഉറപ്പുനൽകിയതിനെത്തുടർന്നാണ് കഴിഞ്ഞ വർഷം നാറ്റോ നടപടി മാറ്റിവച്ചത്.

സേർബിയക്കാരെ (റഷ്യയുമായി അവർക്ക് ഉറ്റ ബന്ധമുണ്ട്) ആഹ്വാനം ചെയ്തു. അലക്സി പാത്രിയർക്കീസിന്റെ സമാധാന ശ്രമങ്ങൾക്ക് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പിന്തുണ പ്രഖ്യാപിച്ചതായി റഷ്യൻ ന്യൂസ് ഏജൻസി റിപ്പോർട്ടുചെയ്തു.

യുഗൊസ്ലാവിയയിലെ നാറ്റോ ബോംബിങ്ങിനെ അസന്ദിഗ്ധമായ ഭാഷയിൽ അപലപിക്കാത്തതിന് ജർമൻ പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ ഫ്രഡറിക് സ്കോർളമ്മർ ജർമനിയിലെ ബിഷപ്പുമാരെ കുറ്റപ്പെടുത്തി. ബിഷപ്പുമാർ ആധ്യാത്മികമായ "ആശയക്കുഴപ്പ"മാണു പ്രകടിപ്പിച്ചതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സമാധാന പ്രസ്ഥാനം ഇന്നു നാറ്റോ ബോംബിങ്ങിനെ അപലപിച്ച ഭാഷയിൽത്തന്നെ മിലൊസെവിച്ചിന്റെ അക്രമങ്ങളെ അസന്ദിഗ്ധമായി അപലപിക്കാഞ്ഞതാണ് സ്ഥിതി ഇത്രയും വഷളാക്കിയതെന്ന് റോമൻ കത്തോലിക്ക സമാധാന സംഘടനയായ 'പാക്സ് ക്രിസ്റ്റി' യുടെ ജർമൻ വിഭാഗം സെക്രട്ടറി ചൂണ്ടിക്കാട്ടി. യുഗൊസ്ലാവിയയിലെ നാറ്റോ നടപടിയെ അദ്ദേഹം ശക്തമായ ഭാഷയിൽ കുറ്റപ്പെടുത്തി. അതേസമയം സമാധാന പ്രസ്ഥാനത്തിന് അനായാസമായ ഉത്തരങ്ങളൊന്നും നല്കാനില്ലെന്നും അദ്ദേഹം പറഞ്ഞു. "സംഘടിതമായ അക്രമത്തിൽ നിന്നും നരഹത്യയിൽ നിന്നും രക്ഷ നല്കുകയോ മിലൊസെവിച്ചിനെപ്പോലുള്ളവരെ ഭരിക്കാൻ തുടർന്നനുവദിക്കുകയോ എന്നതാണു പ്രശ്നം".

നാറ്റോ ശക്തികളുടെ ബോംബാക്രമണത്തിനെതിരായി പൊതുജനാഭിപ്രായം ആർത്തിരമ്പുന്നതിനോടൊപ്പം, ചക്രത്തിന്റെ മറുവശം ചിലർ ചൂണ്ടിക്കാട്ടുന്നു. പ്രസിഡണ്ടു മിലൊസെവിച്ച് കൊസവോയിലെ അൽബേനിയൻ വംശങ്ങളുടെ മേൽ അഴിച്ചുവിട്ട അക്രമങ്ങൾക്കു അന്ത്യം കുറിക്കാൻ നാറ്റോയുടെ നടപടി മാത്രമായിരിക്കും ഫലപ്രദമാകുകയെന്നതാണ് പ്രസ്തുത അഭിപ്രായം.

ബൾഗേറിയൻ ഓർതഡോക്സു സഭയുടെ ഔദ്യോഗികവക്താവായ മരീൻ വർബനോവ് പറഞ്ഞത് ബാൾക്കൻ സംഘട്ടനത്തിനു യുഗൊസ്ലാവ് ഗവൺമെന്റു തന്നെ സമാധാനപരമായ പരിഹാരം കണ്ടുപിടിക്കണമെന്നാണ്. യുഗോസ്ലാവ് പ്രസിഡണ്ട് മിലൊസെവിച്ച് പിന്തുടരുന്ന "ദുഷ്ട" നയങ്ങളാണ് ആ പ്രദേശത്തെ പ്രശ്നങ്ങൾക്കു കാരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സഭാസിനഡിന്റെ വക്താവായ വർബനോവ് തുടർന്നു പറഞ്ഞു: "ഏതു കക്ഷിയിലായാലും ഏതു വശത്തായാലും ജനങ്ങൾ പരസ്പരം കൊലചെയ്യുന്ന കിരാത നടപടി അവസാനിപ്പിക്കണമെന്നു പ്രവാചകശബ്ദം ആഹ്വാനം ചെയ്യുന്നു. എന്തായാലും അൽബേനിയൻ വംശജരായ സ്വന്തം പൗരന്മാരുടെ നേർക്കുള്ള സെർബിയൻ ഗവൺമെന്റിന്റെ മനോഭാവം പ്രത്യേകിച്ചും ലോലവും സംവേദനക്ഷമവുമായ പ്രശ്നമാണ്. പക്ഷേ ഏതെങ്കിലുമൊരു പ്രത്യയശാസ്ത്രപരമായ മുദ്രാവാക്യം അന്ധമായി പിന്തുടരാൻ ഓർതഡോക്സ് സഭകൾ തയാറല്ല."

റഷ്യൻ ഓർതഡോക്സ് സിനഡ് ഒരു പ്രസ്താവനയിൽ പറഞ്ഞു "കൊസവോ സേർബ് രാഷ്ട്രത്തിന്റെ അഖണ്ഡവും പുരാതനവുമായ ആസ്ഥാനമായി തുടരുക തന്നെ വേണം. അതേസമയം അവിടെ ജീവിക്കുന്ന അൽബേനിയൻ വംശജർക്ക് സാംസ്കാരികവും മതപരവും ദേശീയവുമായ സ്വന്തം അവകാശങ്ങൾ ഉറപ്പാക്കുകയും വേണം. ലോകരാഷ്ട്രങ്ങൾക്ക് ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്."

മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്ന സന്ദർഭങ്ങളിൽ അന്താരാഷ്ട്ര സമൂഹത്തിന് ഇടപെടുവാൻ പാടുണ്ടോ എന്ന പ്രശ്നവും ഇവിടെ ഉന്നീതമാകുന്നുണ്ട്. അവിടെയാണ് നയതന്ത്രശ്രദ്ധാകേന്ദ്രം നാറ്റോയിൽ നിന്നുമാറി ഐക്യരാഷ്ട്ര സംഘടനയിലേക്കു മാറണമെന്ന അഭിപ്രായത്തിനു പ്രസക്തി. കൊസവോപ്രശ്നം രൂക്ഷമാകാൻ തുടങ്ങിയിട്ട് മാസങ്ങൾ ഏറെയായി. പക്ഷേ ഐക്യരാഷ്ട്രസംഘടന ഏതാണ്ട് നിസ്സഹായാവസ്ഥയിലായിരുന്നു. വളരെയേറെ ആശങ്കാജനകമാണ് ഈ സ്ഥിതി. ലോകസമാധാനം ഉറപ്പു വരുത്തേണ്ട ഐക്യരാഷ്ട്ര സംഘടനയെ നോക്കുകുത്തിയാക്കി ഇരുത്തീട്ട് ഒരു മേഖലാ സൈനിക സംഘടനയായ 'നാറ്റോ' ചാട്ടവാർ ചുഴറ്റുന്ന ദയനീയ സ്ഥിതി. ബാൾക്കൻ പ്രശ്നത്തിനു പരിഹാരം കാണാൻ റഷ്യൻ പ്രധാനമന്ത്രി മുൻകൈയെടുത്തു നടത്തിയ ശ്രമവും വിജയം കാണാതെ പോയി.

ലീഗ് ഓഫ് നേഷൻസിന്റെ കാലം തൊട്ടു മനുഷ്യൻ ശാശ്വതമായ ലോക സമാധാനം കിനാവു കാണുകയും അതു പ്രാവർത്തികമാക്കാൻ ഉദ്യമങ്ങൾ ആരംഭിക്കുകയും ചെയ്തതാണ്. അവസാനം ഐക്യരാഷ്ട്രസംഘടനയിലെത്തി നിൽക്കുന്നു കാര്യങ്ങൾ. അവിടെയും നിസ്സഹായതയാണു പ്രകടമാകുന്നത്. ഐക്യരാഷ്ട്രസംഘടനയെ അവഗണിച്ചുകൊണ്ടാണു നാറ്റോ പോലുള്ള സൈനിക സഖ്യങ്ങൾ അരങ്ങു കൈയടക്കുന്നത്. ഇത് പരമ ദയനീയമായ സ്ഥിതിവിശേഷമാണ്. സുഡാനിലും സിയറാലിയോണിലും ശ്രീലങ്കയിലുമെല്ലാം ശാശ്വത സമാധാനം സ്ഥാപിക്കേണ്ടതിന്റെ അടിയന്തരമായ ആവശ്യകത നിലവിലിരിക്കുന്നു.

ഐക്യരാഷ്ട്രസംഘടനയെ ഏതെങ്കിലും വിധത്തിൽ പ്രവർത്തനക്ഷമമാക്കാൻ ലോകശക്തികൾ ഇച്ഛാശക്തിയോടെ ഉണർന്നു പ്രവർത്തിക്കുകയാണ് ഇന്നാവശ്യം. ഉടനടി ബാൾക്കൻ പ്രദേശത്തു മനുഷ്യക്കുരുതി അവസാനിപ്പിച്ചു സമാധാനം സ്ഥാപിക്കുകയും വേണം.

*എം. കുര്യൻ*

## ജേർണലിസം ക്യാമ്പ്

ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെടുന്ന യുവജനങ്ങൾക്കു വേണ്ടി ഒരു ജേർണലിസം ക്യാമ്പ് 1999 ഓഗസ്റ്റു മാസം 13 മുതൽ 15 വരെ മാരാമൺ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ പരിശീലന വിഭാഗമായ ഇ. ഡി. റ്റി. പി.-ം എഡിറ്റേഴ്സ് ഗിൽഡും സംയുക്തമായി സംഘടിപ്പിക്കുന്ന ഈ ക്യാമ്പിൽ പ്രമുഖരായ പത്രപ്രവർത്തകരായിരിക്കും ക്ലാസ്സുകളെടുക്കുക. പത്രപ്രവർത്തനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ സഹായിക്കുന്ന ഈ ക്യാമ്പിലേക്ക് ഓരോ ക്രൈസ്തവ പ്രസിദ്ധീകരണത്തിൽ നിന്നും മൂന്നു പേരെ അയയ്ക്കാവുന്നതാണ്. 'ന്യൂവിഷൻ' ശുപാർശ ചെയ്യണമെന്നാഗ്രഹിക്കുന്നവർ മാനേജർ, ന്യൂവിഷൻ, മാങ്ങാനം കോട്ടയം -18 എന്ന വിലാസത്തിൽ ജൂലൈ 15 നകം ബന്ധപ്പെടേണ്ടതാണ്. ക്യാമ്പ് ഫീസ് 75 രൂപയായിരിക്കും. പ്രസിദ്ധ സാഹിത്യ നിരൂപകൻ പ്രൊഫ. എം. തോമസ് മാത്യു ആയിരിക്കും ക്യാമ്പ് ഡയറക്ടർ.

**ഷാജി ജേക്കബ് തോമസ്**
സീനിയർ പ്രോഗ്രാം കൊ-ഓർഡിനേറ്റർ
ഇ.ഡി.റ്റി.പി.

**പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്**
സെക്രട്ടറി. എഡിറ്റേഴ്സ് ഗിൽഡ്.

# MESSAGE OF THE PRESIDENTS OF THE WORLD COUNCIL OF CHURCHES AT PENTECOST 1999

Dear brothers and sisters in Christ,

Grace to you and peace from God, our Father and the Lord Jesus Christ!

In many places around the world people are preparing for the start of a new millennium; some are apprehensive, others full of hope. **For us Christians the beginning of the new millennium marks the 2000th anniversary of the year of Lord Jesus Christ and we must prepare joyfully for the celebrations. "Do not be afraid, for see - I am bringing you good news of great joy" (Luke 2:10)- the angel's words are fitting for this special birthday.**

And this is also the message we must give to all those who are looking towards this new millennium with feelings of uncertainty or even of fear. Apocalyptic and sectarian notions are flourishing at the present time. But it is also a time when many people are open to new ideas and eager for direction and reassurance. To those who are anxious, to those who have questions we say: this new year, too, will be a "year of the Lord":

-a year that is given to us by the One who holds time and space in his hands and who gives us the earth and all its fruits;

-a year for which we are accountable before God. We must heed the critical questions that people are asking and repent. It is true, we have not done enough to overcome our divisions. We have not shown forth the peace of Jesus Christ clearly enough for the world to see.

-a "year of the Lord" also means that the God of the Bible is the one true Lord. All other authorities and powers that seek to enslave us must yield before God and, because God is Lord, nation and race, money and ideology can never have dominion over us.

Just six months ago delegates from our churches gathered in Harare for the World Council's 8th Assembly, with the theme "Turn to God - Rejoice in Hope". In the name of our churches they re-echoed a phrase from the message of the first Assembly in Amsterdam fifty years ago, reaffirming that "We intend to stay together'.

And together we shall also move forward into this new millennium, trusting in God's Spirit, the Spirit of Pentecost. God's Spirit will guide us and help us to understand one another better despite our different traditions and cultures. God's Spirit will help us together to speak to the world about "God's deeds of power" (Acts 2:11) and to tell all people of Christ's promise "Remember, I am with you always, to the end of the age" (Mathew 28: 20)

Dr Agnes Abuom, Nairobi, KS, United States of America
Rev. Kathryn Bannister, Bison, KS, United States of America
Rt. Rev. Jabez L. Bryce, Suva, Fiji
H.E. Metr. Chrysostomos of Ephesus, Athens, Greece
H.H. Ignatius Zakka 1 Iwas, Damascus, Syria
Dr. Kang Moon-Kyu, Seoul, Korea
Bishop Federico J. Pagura, Rosario, Argentine
Bishop Eberhardt Renz, Stuttgart, Germany

## The Divine Food


No food is needed for a dead body. We eat food to sustain life in our flesh. Blood carries nourishment to the living cells and the body becomes energetic. Similarly, our spirit (inner man) also needs nourishment so as to be energetic and active. The WORD is the food for the spirit. Only with prayer, a man of 'life' can activate another person with the word - food.

The divine food, WORD was first given to the Son by the Father and in turn it reached us. This food we have received from the Son are really spirit and eternal life. Actually, this WORD was with God and the WORD was God. In him was life, .See, how precious our life is? We know all these, still we are mistaken owing to lack of knowledge of scriptures or the power of God.

Jesus, while giving His Father's food narrated the importance of PRAYER also. He said, "Watch and pray, that ye enter not into temptation". " Always pray and not faint", (Luke 21 : 36.) Our body wherein spirit and life dwell is also benefited from prayer. Even if we pray incessantly, that will not suffice. That much of prayer- needs are there for praying people. Any way, we all need a praying mind. The Lord will be pleased to grant this to those who desire and seek.

**WORD IS INEVITABLE : PRAYER IS UNAVOIDABLE.**

*- M.C. Johney*



ഒരുത്തർക്കും മറ്റൊരാളെ മതപരിവർത്തനം ചെയ്യിക്കാനാവില്ല. നിർബന്ധിത മതപരിവർത്തനത്തിൽ ക്രിസ്തുമതം വിശ്വസിക്കുന്നുമില്ല. ഈ കാര്യത്തിൽ ക്രിസ്ത്യാനികളും മുസ്ലിമുകളും വീഴ്ച വരുത്തിയിട്ടുണ്ടെന്നത് അവഗണിക്കാനാവില്ല.

# ഭാരതത്തിൻെറ മതേതരത്വം ഇന്ന്

**ഡോ. അന്നമ്മ ജോർജ്, ഇരവിപേരൂർ**

**കേ**ന്ദ്ര ആഭ്യന്തര മന്ത്രി എൽ. കെ. അഡ്വാനിയും മനുഷ്യശേഷി വികസന സഹമന്ത്രി ഉമാഭാരതിയും 12-ാംലോക് സഭാംഗങ്ങളെ ഒരു കാര്യം ഓർമ്മിപ്പിക്കുകയുണ്ടായി. രാജ്യത്തു നടക്കുന്ന, ന്യൂനപക്ഷ ജനങ്ങളുടെ നേരെയുള്ള പീഡനങ്ങൾ മതവിദ്വേഷ പ്രതിഫലനമാണ് എന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്തെക്കുറിച്ച് വിദേശികൾക്കു തെറ്റായ ധാരണയുണ്ടാവാൻ ഇടയാകും പോലും!!

ദരിദ്രരാജ്യമാണെങ്കിലും ഭാരതത്തിന് ലോകരാഷ്ട്രങ്ങളുടെ ദൃഷ്ടിയിൽ നല്ല പ്രതിഛായ ഉണ്ടായിരുന്നു. ശക്തരായ ബ്രിട്ടീഷ് ഭരണാധികാരികളിൽ നിന്നും രാജ്യത്തിൻെറ സ്വാതന്ത്ര്യം നേടിയത് ധർമ്മസമരത്തിൽ കൂടിയായിരുന്നു. അതിനുപയോഗിച്ച മാർഗ്ഗം അക്രമരാഹിത്യവും. ഭാരതത്തിൻെറ ഭരണഘടന എഴുതിയുണ്ടാക്കിയതിൻെറ അടിസ്ഥാനപ്രമാണം ഇതായിരുന്നു : –

"ഇന്ത്യ ബഹുസംസ്കാരം ഉൾക്കൊള്ളുന്ന ഭിന്നവർഗ്ഗക്കാരായ ജനതതിയുടേതാണ്. ഇവിടെ മതങ്ങളുടെയും ഭാഷകളുടെയും ബഹുലതയുണ്ട്. അതുകൊണ്ട് ഇവിടെ എല്ലാവിധ സാമൂഹ്യ, മതാത്മക, സാംസ്കാരിക ഘടകങ്ങൾക്കും വികസനാത്മകമായി വളരുന്നതിന് അവകാശമുണ്ട്".

എന്നാൽ അപ്രകാരം വിശ്വസിച്ചവർക്ക് അതൊരു മിഥ്യയാണെന്ന് ഇപ്പോൾ തോന്നാവുന്ന വിധത്തിൽ മതേതരത്വത്തിന് ഹാനി സംഭവിച്ചിരിക്കുന്നു. മതേതരത്വം ഇല്ലാതായാലും വിദേശികളുടെ നല്ല അഭിപ്രായം വേണമെന്നായിരിക്കും മന്ത്രിമാരുടെ ആഗ്രഹം. രാജ്യത്താകമാനം നടക്കുന്ന സംഭവങ്ങളെ വിലയിരുത്താൻ ശ്രമിക്കുമ്പോൾ ചില ചരിത്രയാഥാർത്ഥ്യങ്ങൾ നാം കണക്കിലെടുക്കേണ്ടിവരും. അപ്പോൾ ഭാരതീയ ജനതാപാർട്ടിയുടെ നേതൃത്വത്തിലുള്ള കേന്ദ്രഭരണ സംവിധാനത്തിന് ഒരു രഹസ്യ അജണ്ടയുണ്ടെന്നു വിശ്വസിക്കുവാൻ പ്രേരിപ്പിക്കപ്പെടുന്നു. മതത്തിന്റെയും ക്ഷേത്രങ്ങളുടെയും പേരിൽ ഉറങ്ങിക്കിടന്നിരുന്ന ഭൂരിപക്ഷ വർഗ്ഗീയ ചിന്തകളെ ഇളക്കിവിട്ട് ബി.ജെ.പി. അധികാരത്തിൽ എത്തിയപ്പോൾ തന്നെ ഹിന്ദുത്വം അടിച്ചേല്പിക്കലാണ് തങ്ങളുടെ പരോക്ഷ അജണ്ടയെന്ന് വാജ്പായ് സർക്കാർ തെളിയിച്ചുകൊണ്ടിരിക്കുന്നു.

പ്രത്യക്ഷത്തിൽ ബി.ജെ.പി-ക്ക് ഇതിലൊന്നും പങ്കുണ്ടാവില്ല. എന്നാൽ അതിൻെറ തണലിൽ വിഹരിക്കുന്ന സംഘടനകൾ ഇന്ത്യയുടെ മതസൗഹാർദ്ദ പാരമ്പര്യങ്ങളുടെ മേൽ ആഴമായ മുറിവുകൾ ഏല്പിക്കുകയാണ്.

1924-25 കാലഘട്ടത്തിലാണ് RSS എന്നു ചുരുക്കിപ്പറയുന്ന രാഷ്ട്രീയ സ്വയം സേവകസംഘം നാഗ്പൂരിൽ രൂപംകൊണ്ടത്. കേശവ ബലറാം ഹെഡ്ഗ്വാർ ആയിരുന്നു അതിൻെറ ഉപജ്ഞാതാവ്. അദ്ദേഹത്തെ സ്വാധീനിച്ചത് 18-ാം നൂറ്റാണ്ടിലെ ബ്രാഹ്മണഭരണാധികാരികളായിരുന്ന പേഷ്വാമാരുടെ ശക്തിയും തിളക്കമേറിയ ഭരണരീതിയുമായിരുന്നു. അതുപോലെ ശിവാജിയുടെ മുഗളന്മാരോടുള്ള എതിർത്തുനില്പിൽ പ്രകടമായ ധീരതയും അദ്ദേഹത്തെ ആകർഷിച്ചു. ഹെഡ്ഗ്വാറിൻെറ പ്രധാനലക്ഷ്യം ഹിന്ദുസംസ്കാരത്തിൻെറ പുനരുത്ഥാനവും മഹത്വീകരണവുമായിരുന്നു. അതിൽകൂടി ഒരു ഹിന്ദു രാഷ്ട്രം കെട്ടിപ്പടുക്കണം. മഹാത്മഗാന്ധിയും മറ്റും നേതൃത്വം നല്കിയ ഇൻഡ്യൻ നാഷണൽ കോൺഗ്രസിനോട് R.S.S.-ന് അനുഭാവമില്ലായിരുന്നു. നഥുറാം ഗോഡ്സെ എന്ന R.S.S കാരനായിരുന്നു ഗാന്ധിജിയെ വധിച്ചത്. ഇപ്പോൾ ഗോഡ്സെയെ പുകഴ്ത്തുവാനുള്ള ശ്രമവും കാണുന്നു. R.S.Sനു സ്വാധീനമുള്ള എൺപത്തിനാലിൽപരം ഉപസംഘടനകളുണ്ട്. അങ്ങനെ RSS ഭാരതത്തിൽ സംഘടനാ ബാഹുല്ല്യമുള്ള ഒരു വലിയ പ്രസ്ഥാനമാണ്. അവർക്ക് ഏകദേശം നാലുകോടി അംഗസംഖ്യയുണ്ട്. അതെല്ലാം കൂടിയാൽ സംഘപരിവാർ ആയി. ഒരു വിധത്തിൽ ബഹുമുഖവ്യവസായ സാമ്രാജ്യത്തിൻെറ സ്വഭാവമെല്ലാം അതിനുണ്ട്.

ഹെഡ്ഗ്വാറിൻെറ പിൻഗാമി ഗോൾവോക്കർ അരനൂറ്റാണ്ടിനു മുൻപ് ഇപ്രകാരം പറഞ്ഞു:- "ഹൈന്ദവരല്ലാത്ത ജനങ്ങൾ ഹിന്ദുസ്ഥാനിൽ ഉണ്ടെങ്കിൽ അവർ ഹിന്ദുസംസ്കാരവും ഭാഷയും സ്വീകരിക്കണം. ഹിന്ദുമതത്തെ ബഹുമാനിപ്പാനും ആദരിപ്പാനും പഠിക്കണം. ഹിന്ദുജനങ്ങളെയും അവരുടെ സംസ്കാരത്തെയും മഹത്വീകരിക്കാനല്ലാത്ത ആശയങ്ങൾ വച്ചുപൊറുക്കാൻ ആവില്ല. അവർ ഹിന്ദു ദേശീയതയ്ക്കു കീഴ്പെട്ട് ഈ നാട്ടിൽ ജീവിക്കണം അവകാശങ്ങളോ പ്രത്യേക ആനുകൂല്യങ്ങളോ, പൗരത്വം പോലുമോ ആവശ്യപ്പെടാനാവില്ല. ഈ രാജ്യത്തെ പൗരന്മാർ ഹിന്ദുക്കൾ മാത്രമാണ്. മുസ്ലിമുകളും ഇതര മതസ്ഥരും രാജ്യ ദ്രോഹികളല്ലെങ്കിലും രാഷ്ട്രഘടനയ്ക്കിതരരാണ്".

ഹിന്ദുസംസ്കാരം മഹത്വീകരിച്ച് ഹിന്ദുരാഷ്ട്രം കെട്ടിപ്പടുക്കാനുള്ള RSSൻെറ ലക്ഷ്യം ഉൾക്കൊണ്ട് 1950-കളിൽ തന്നെ 'നിയോഗി കമ്മീഷൻ' മദ്ധ്യപ്രദേശിലും മറ്റും ക്രിസ്ത്യൻ മിഷൻ പ്രവർത്തനങ്ങളെ വിലയിരുത്താൻ ശ്രമിച്ചു. അയാളുടെ ഒരു നിഗമനം:- 'മതപരിവർത്തനം ഭാരതത്തിൻെറ ഐക്യത്തിനു ഭീഷണിയാണ്' എന്നായിരുന്നു. നിയോഗി കമ്മീഷൻ റിപ്പോർട്ടിനെ ന്യൂനപക്ഷ മതനേതാക്കൾ മാത്രമല്ല, വിവിധ ഹൈന്ദവ നേതാക്കളും ശക്തമായി വിമർശിച്ചു. അതുപോലെ ഗോൾവോക്കറുടെ പ്രസ്താവനയ്ക്കെതിരായും രാജ്യത്തൊട്ടാകെ ചർച്ചകളും വിമർശനങ്ങളും നടത്തുന്നത് ഞാനോർക്കുന്നു. രാമക്ഷേത്രം പണിയുവാനുള്ള കല്ലുകൾ ശേഖരിച്ചുകൊണ്ട് ബി. ജെ. പി. നേതാക്കളായ വാജ്പായ്, അഡ്വാനി മുതലാ

യവർ രഥയാത്ര സംഘടിപ്പിച്ചത് നാം ഓർക്കുന്നുണ്ടല്ലോ. അവരുടെ യാത്രയിൽ ബൈറാംഗ് ദൾ ആളുകളെ അംഗരക്ഷകരാക്കിയത് എന്തിനായിരുന്നു?

ബി. ജെ. പിയുടെ ദേശീയ ലക്ഷ്യം ഇൻഡ്യൻ ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങൾക്ക് ഭീഷണി ഉയർത്തുന്നു. എൺപത്തിനാലിൽ പരം ഉപസംഘടനകളുടെ പിൻബലത്തിൽ സംഘപരിവാർ ഭാരതത്തെ ഒരു ഹിന്ദുരാഷ്ട്രമാക്കുവാൻ ശ്രമിക്കുകയാണ്. ഈ സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ സ്വാധീനത്തിലുൾപ്പെട്ടവരാണ് ഹെഡ്ഗ്വാർ, ഗോൾവോക്കർ, ദീനദയാൽ ഉപാധ്യായ, അശോക സിംഗാൾ, വാജ്പായ്, അഡ്വാനി, താക്കറെ മുതലായവർ.

1970-ൽ വിശ്വഹിന്ദുപരിഷത്ത് രൂപീകരിച്ചത് മതപരിവർത്തനത്തെ എതിർക്കാനാണ്. ബോംബെയിലും, ഡൽഹിയിലും മറ്റും നടന്ന മുസ്ലിം- സിക്കു കൂട്ടക്കൊലയുടെ തേങ്ങലുകൾ മറക്കാറായിട്ടില്ല, അതേ കാലയളവിൽ എഴുപതോളം ക്രിസ്ത്യൻ മിഷനറിമാർ ഭാരതത്തിൽ കൊല്ലപ്പെട്ടിട്ടുണ്ട്. അനേകം കന്യാസ്ത്രീകളെ മാനഭംഗപ്പെടുത്തിയിട്ടുണ്ട്. അത് ബീഹാറിലും ഒറീസയിലും മദ്ധ്യപ്രദേശിലും ഉത്തർപ്രദേശിലും ഗുജറാത്തിലും മറ്റും നടന്ന സംഭവപരമ്പരകളാണ്. വിശ്വഹിന്ദുപരിഷത്തിന്റെ അജണ്ട പ്രവർത്തനപഥത്തിൽ!!

ഭാരതം ഉൾപ്പെടെ അനേകം രാജ്യങ്ങൾ ഒപ്പുവച്ച് ഐക്യരാഷ്ട്ര സംഘടന പാസാക്കിയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ഒരു പ്രമാണമാണ് ഓരോ വ്യക്തിക്കും സ്വീകാര്യമായ മതത്തിൽ വിശ്വസിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം. പ്രചരിപ്പിക്കാത്ത മതം ചത്തതാണ്. എന്നാൽ മതപരിവർത്തനം വ്യത്യസ്തമാണ്. ഒരുത്തർക്കും മറ്റൊരാളെ മതപരിവർത്തനം ചെയ്യിക്കാനാവില്ല. നിർബന്ധിത മതപരിവർത്തനത്തിൽ ക്രിസ്തുമതം വിശ്വസിക്കുന്നുമില്ല. ഈ കാര്യത്തിൽ ക്രിസ്ത്യാനികളും മുസ്ലിമുകളും വീഴ്ച വരുത്തിയിട്ടുണ്ടെന്നത് അവഗണിക്കാനാവില്ല. എന്നാൽ സത്യാന്വേഷി ഒരു മതം സത്യമെന്നു കണ്ടാൽ അതു സ്വീകരിക്കുവാനുള്ള അവകാശം ആ വ്യക്തിയുടേതാണ്. ഈ അവകാശം ഇൻഡ്യയുടെ ഭരണ ഘടനയിൽ എഴുതിച്ചേർത്തതെങ്ങനെയെന്നു നാം അറിയണം.

ലണ്ടനിൽ നടന്ന അവസാനത്തെ വട്ടമേശ സമ്മേളനത്തിൽ ഭാരതത്തിലെ ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ ന്യൂനപക്ഷങ്ങളുടെ പ്രാതിനിധ്യം കോൺസ്റ്റിട്യുവൻറ് അസംബ്ലിയിൽ ഉണ്ടാവണമെന്നു ബ്രിട്ടീഷുകാർ പറഞ്ഞു. പക്ഷേ, ക്രിസ്ത്യാനികളെ പ്രതിനിധീകരിച്ച ശ്രീ കെ. റ്റി. പോൾ, എസ്. കെ. ദത്ത എന്നീ Y.M.C. A പ്രവർത്തകർ അതു നിരസിച്ചു, അതിന്റെ ഫലമായി സർദാർ പട്ടേൽ ഒരു നിർദ്ദേശം മുൻപോട്ടുവച്ചു. മത സ്വാതന്ത്ര്യം, മതം പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഉൾപ്പെടെ, ഭരണഘടനയിൽ എഴുതിച്ചേർത്തത് ന്യൂനപക്ഷാവകാശമായിട്ടല്ല, പ്രത്യുത മനുഷ്യരുടെ മൗലികാവകാശമായിട്ടത്രെ.

മതസ്വാതന്ത്ര്യം,
മതം പ്രചരിപ്പിക്കാനുള്ള
സ്വാതന്ത്ര്യം ഉൾപ്പെടെ,
ഭരണഘടനയിൽ
എഴുതിച്ചേർത്തത്
ന്യൂനപക്ഷാവകാശമായിട്ടല്ല,
പ്രത്യുത മനുഷ്യരുടെ
മൗലികാവകാശമായിട്ടത്രെ.

കോൺസ്റ്റിട്യുവൻറ് അസംബ്ലി അതു ഐകകണ്ഠ്യേന അംഗീകരിച്ചു.

ഈ മനുഷ്യാവകാശം ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. ഈ മഹാരാജ്യത്തിലെ ഹൈന്ദവേതര സമൂഹങ്ങളെ നശിപ്പിക്കുവാനാണ് സംഘപരിവാർ ശ്രമിക്കുന്നത്, ഇത് രാജ്യത്തിന്റെ മതേതരസ്വഭാവത്തിനു അപജയം വരുത്തുന്നു. മതേതരത്വത്തിന്റെ അപജയം ന്യൂനപക്ഷമതസ്ഥർക്കു മാത്രമല്ല, ഈ നാട്ടിലെ ബഹുഭൂരിപക്ഷത്തിനും ദോഷകരമായിരിക്കും.

ചരിത്രത്തിൽ കുറെക്കൂടി പുറകോട്ടു നോക്കാം. ഈ ഉപഭൂഖണ്ഡത്തിന്റെ ഔദ്യോഗികമതം ഹിന്ദുമതമാണെന്ന അവകാശവാദം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ബൈബിളിലെ എസ്ഥേറിന്റെ പുസ്തകം തുടങ്ങുന്നത് അഹേശ്വരോശ് രാജാവിന്റെ സാമ്രാജ്യം ഹിന്ദുദേശം മുതൽ കൂശ് വരെ വ്യാപിച്ചിരുന്നതായി പറഞ്ഞുകൊണ്ടാണ്. ആ ഹിന്ദുദേശം ഇന്നത്തെ ഭാരതം ആയിരിക്കില്ല. ദ്രാവിഡർ കെട്ടുപണിചെയ്ത സിന്ധുനദീതട സംസ്കാരം വ്യാപിച്ച പ്രദേശമായിരിക്കാം. 'ഇന്ത്യ' എന്ന പദം 'സിന്ധു' വിൽനിന്നു രൂപപ്പെട്ടതാണ്. ഇന്ത്യ ഹിന്ദുക്കളുടെ രാജ്യമെന്ന് വിവക്ഷിച്ചത് കൊളോണിയൽ ഭരണകർത്താക്കളാണ്, പ്രത്യേകിച്ചും ബ്രിട്ടീഷുകാർ.

നേരത്തെ കുടിയേറിയ ദ്രാവിഡർ പടുത്തുയർത്തിയ മാനവികതയുടെ ഉദാത്ത ഗോപുരങ്ങൾ തകർത്തത് മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ നിന്നും കടന്നുവന്ന ആര്യവംശമാണ്. അവരുടെ വൈദികവർഗ്ഗം സിന്ധു -ഗംഗാ സമതലത്തിൽ ആക്രമണം വ്യാപിച്ചുകൊണ്ടാണ് വേദാസ്പദ മതം കെട്ടുപണിചെയ്തത്. അവർ ദ്രാവിഡരെ ബൗദ്ധികമായും കായികമായും കീഴ്പെടുത്തി വിന്ധ്യപർവതനിരകളുടെ തെക്കോട്ടു തള്ളിമാറ്റി. ദ്രാവിഡരുടെ പാരമ്പര്യങ്ങളുടെ മതചിന്തകളുമായി ഹിന്ദുമതത്തിന് കാര്യമായ ബന്ധമൊന്നുമില്ല. പ്രകൃതിശക്തികളെ ഉപാസിക്കുന്നതിനപ്പുറമായി അവരുടെ ആത്മിക വീക്ഷണം വളർന്നിരുന്നില്ല.

വേദാസ്പദമായ ഹിന്ദുമതത്തിന്റെ സാമൂഹ്യഘടന ചതുർവർണ്ണാടിസ്ഥാനത്തിലാണ്. ജീവിതശൈലി, ചതുർവർണ്ണാശ്രമ ധർമ്മവും. അതിൽ ഒരുവൻ ജനിക്കുന്ന ജാതിയിൽ മരണം വരെ നിലനില്ക്കുന്നു. മരണാനന്തരം പുനർജന്മത്തിൽ, കഴിഞ്ഞ ജീവിതത്തെ അടിസ്ഥാനമാക്കി മെച്ചപ്പെട്ട ജനനമോ താഴ്ന്ന ജനനമോ ലഭിക്കാം. ഹിന്ദുമതത്തിൽ അടിച്ചമർത്തപ്പെട്ടവരുടെ ഉത്ഥാനത്തിനായുള്ള ആഹ്വാനം കാണ്മാനില്ല.

ദ്രാവിഡരും ആര്യന്മാരും ഈ ഉപഭൂഖണ്ഡത്തിൽ കുടിയേറുന്നതിനു മുൻപ് ആരായിരുന്നു ഇവിടെ വസിച്ചിരുന്നത്? 20-ാം നൂറ്റാണ്ടിന്റെ പകുതി വരെ മതപണ്ഡിതന്മാർ ഈ മണ്ണിന്റെ മക്കളെ അവർണ്ണരെന്നും ആദിവാസികൾ എന്നും വിളിച്ചു. അവരുടെ മതാത്മകതയെ 'Primitive religion' എന്നും 'Animism' എന്നും വിശേഷിപ്പിച്ചു. ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ സ്വാതന്ത്ര്യസമര വേളയിലാണ് ഈ അവർണ്ണരെപ്പറ്റി ബോധോദയം ഉണ്ടായത്. അവർ നാടിന്റെ ജനത്തിൽ ഒരു നല്ല പങ്കാണ്. ഗാന്ധിജി, അവർ ഹരിയുടെ മക്കളാണ് എന്നു പ്രഖ്യാപിച്ചു. അവരെ 'ഹരിജനം' എന്നു വിളിച്ചു. പക്ഷേ, ആ പദത്തിൽ അവർ അഭിമാനം കൊണ്ടില്ല. ആധുനിക പദപ്രയോഗം ദളിതർ (ഹരിജനം-അവർണ്ണർ).

ആദിവാസികൾ (ഗിരിജനം) എന്ന് അറിയപ്പെടുന്ന ഇക്കൂട്ടർ ഹിന്ദുക്കളാണെന്നു ഗാന്ധിജി പ്രഖ്യാപിച്ചത് ഒരു വലിയ രാഷ്ട്രീയ മുതലെടുപ്പായിരുന്നു. വെറും പ്രകൃതി ശക്തികളെ ഉപാസിച്ച ദളിതരെയും ആദിവാസികളെയും അപ്പാടെ അവർ പോലും ബോധവാന്മാരാകാതെ ഹിന്ദുമതാനുയായികളാക്കിയത് മതപരിവർത്തനമായിരുന്നില്ലേ?

പക്ഷേ, ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ഹൈന്ദവ ക്ഷേത്രങ്ങളിൽ പ്രവേശനമില്ലായിരുന്നു. അവർ അസ്പൃശ്യരായിരുന്നു. അവരുടെ ദേവന്മാരും രണ്ടാംനിരക്കാരായിരുന്നു. ഈ ജനതതിയിൽ വിദ്യാഭ്യാസവും പരിഷ്കാരവും നേടിയവർ കൂട്ടമായി ക്രിസ്തുമതത്തിലേക്കും ബുദ്ധമതത്തിലേക്കും ഇസ്ലാം മതത്തിലേക്കും മതപരിവർത്തനം നടത്തി. ഒരു ദളിതനായിരുന്ന ഡോ. അംബദ്കർ ബുദ്ധമതം സ്വീകരിച്ചത് സവർണ്ണ ഹിന്ദുക്കളുടെ മേധാവിത്വ ഭാവത്തോടുള്ള എതിർപ്പ് മൂലമാണ്. അങ്ങനെയൊരു പശ്ചാത്തലത്തിലാണ് തിരുവിതാംകൂർ മഹാരാജാവ് ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചത്.

ക്രിസ്ത്യൻ മിഷനറിമാർ ഹരിജനങ്ങളെയും ഗിരിജനങ്ങളെയും വിദ്യ അഭ്യസിപ്പിച്ചു. അവരുടെ അസ്തിത്വത്തെപ്പറ്റി ബോധവാന്മാരാക്കി. അപ്പോൾ അവരുടെ ജീവിതരീതിക്കും വീക്ഷണങ്ങൾക്കും മാറ്റം ഉണ്ടായി. സമൂഹത്തിന്റെ ഘടന തന്നെ മാറ്റിമറിച്ചു. ഈ വ്യതിയാനം സവർണ്ണഭൂവുടമകളെ ചൊടിപ്പിക്കുന്നു. പാവങ്ങളെ ചൂഷണം ചെയ്യാനാവാതെ വന്നപ്പോൾ അവർ മിഷനറിമാർക്കെതിരെ ശബ്ദമുയർത്താൻ തുടങ്ങി. അതാണ് ഗുജറാത്തിലും ബീഹാറിലും മറ്റും നടക്കുന്നത്. ഈ പാവങ്ങൾ ക്രിസ്തുമതാനുസാരികളായാൽ സംഘപരിവാറിന് എന്തുകൊണ്ട് അസഹിഷ്ണുത? ജനസംഖ്യാ രേഖകളിൽ ധാരാളം പേർ ക്രിസ്തുമതാനുസാരികളാണെന്നു കാണുന്നില്ല. സാമൂഹ്യനീതി നടപ്പാക്കുന്നതിനോടുള്ള എതിർപ്പിൽ സംഘപരിവാറിന്റെ അരക്ഷിതബോധം പ്രകടമാണ്. ഹിന്ദുത്വത്തിന് സാധുസഹായ പദ്ധതികളില്ല, ദളിതരെ ഉദ്ധരിപ്പാൻ പ്രേരണയുമില്ല. ഭൂവുടമകൾ ദളിതരെ ചൂഷണം ചെയ്യാൻ സഹായിക്കുന്നതിന് രണവീരസേനകൾ തന്നെ രൂപീകരിച്ചിരിക്കുന്നു. മേലേക്കിട ഹിന്ദുക്കളുടെ സ്വന്തം സേനകളാണ് പാവം ദളിതരെ കൂട്ടമായി ബീഹാറിൽ കൊന്നൊടുക്കുന്നത്.

### *ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിക്കണം?*

ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങൾക്കെതിരെ സംഘപരിവാറും വിശ്വഹിന്ദു പരിഷത്തും മറ്റും നടത്തുന്ന ആക്രമണത്തിൽ മിഷനറിമാർ തിരിച്ചു കയ്യേറ്റം ചെയ്തതായി റിപ്പോർട്ടുകളില്ല.

ഓസ്ട്രേലിയൻ മിഷനറി ഗ്രഹാമിന്റെ കൊലയാളികളോട് ശത്രുതയില്ലെന്നു പറഞ്ഞ ഗ്ലാഡിസ് യേശുക്രിസ്തുവിന്റെ ഉപദേശം ശിരസ്സാ വഹിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ്. ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ എന്നാണല്ലോ യേശു പഠിപ്പിച്ചത്.

ക്രിസ്തുമതത്തിന് പീഡനം ഒരു പുതുമയല്ല. ശക്തരായ റോമാ ഭരണാധികാരികൾ തുടങ്ങി നിസി ജർമ്മനി, കമ്മ്യൂണിസ്റ്റ് റഷ്യ, ചൈന മുതലായ ഭരണ നേതൃത്വങ്ങൾ ക്രിസ്തു മതത്തെ നശിപ്പിക്കുവാൻ ശ്രമിച്ചിരുന്നു. ധാരാളം രക്തസാക്ഷികളും ഉണ്ടായി. എന്നാൽ ഇന്ന് ഇവിടങ്ങളിലെല്ലാം ക്രിസ്തുമതം ശക്തമായിരിക്കുന്നു. അതുകൊണ്ട് ക്രിസ്ത്യാനികൾ ഭയപ്പെടേണ്ടതില്ല, പീഡനം എന്നും ക്രിസ്തുമതത്തെ ശക്തീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ക്രിസ്ത്യാനികൾ ആലസ്യത്തിൽ നിന്ന് ഉണർന്നെഴുന്നേല്ക്കുക. ഈ ലോകത്തിൽ ദൈവത്തിന്റെ ഭരണം ഉണ്ടാവാൻ പ്രയത്നിക്കാം. ക്രിസ്തു പ്രദാനം ചെയ്ത സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ദൂത് പ്രചരിപ്പിക്കാം.

RSS-നു വേണ്ടിയും അതിന്റെ ഉപഘടകങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാം. അവരുടെ നേതാക്കളുടെ ഹൃദയത്തിൽ ദൈവസ്നേഹം സ്ഫുരിക്കുവാൻ മുട്ടിപ്പായി പ്രാർത്ഥിക്കാം. ഭാരതം എല്ലാ മതങ്ങളോടും ബഹുമാനവും സഹിഷ്ണുതയും കാട്ടുന്ന രാജ്യമാവാൻ ശ്രമിക്കാം. സഹിഷ്ണുതയാണ് മനുഷ്യനു വേണ്ട ഏറ്റവും നല്ലഗുണം. സമുദായ മൈത്രിയിൽ വർഗ്ഗീയ വിഷം കലർത്താൻ ആരെയും അനുവദിക്കാതെ ഉണർന്നിരിക്കേണ്ട ചരിത്ര സന്ദർഭമാണിത്. ക്രിസ്ത്യാനികൾ ഈ അവസരം തക്കത്തിൽ ഉപയോഗിക്കണം. ●

## ബഹുമാനിക്കാൻ ഞങ്ങളെ അനുവദിക്കുക

**ബ**ഹുമാനവും ആദരവും ആർക്കും ദാനമായി കിട്ടാറില്ല. അന്തസ്സുള്ള പെരുമാറ്റവും ആത്മാർത്ഥമായ സേവനവും ഹൃദ്യമായ വ്യക്തിബന്ധങ്ങളും വിശുദ്ധമായ വാക്കുകളും കൊണ്ട് നേടിയെടുക്കേണ്ടതാണത്. നാട്ടുമ്പുറങ്ങളിൽ ഒരു സാധാരണ പൊലീസുകാരന് ഒരു ശാസ്ത്രജ്ഞനു കിട്ടുന്നതിനേക്കാൾ ബഹുമാനം കിട്ടിയെന്നുവരും. അത് അയാളുടെ അധികാരത്തെക്കുറിച്ചും യൂണിഫോമിനെക്കുറിച്ചുമുള്ള ഭയം കൊണ്ടാണ്. പക്ഷേ, ഈ ബഹുമാനം, ആത്മാവില്ലാത്ത പ്രകടനം മാത്രമായിരിക്കും.

പൗരോഹിത്യത്തെ ബഹുമാനിക്കുന്നതിന് പല കാരണങ്ങളുണ്ട്. അവർ ദൈവത്തിന്റെ നിയോഗമുള്ളവരാണ്. അവർ ബോധകാഭിഷേകം ലഭിച്ചവരാണ്. സഭാജനങ്ങളെ വിശ്വാസത്തിലുറപ്പിക്കുന്നവരും ദിവ്യമായ സക്രമെന്തുകൾ നടത്താനധികാരമുള്ളവരുമാണ്. അവർക്കനുവദിച്ചിട്ടുള്ള വിശുദ്ധ വസ്ത്രം ഇതൊക്കെ സൂചിപ്പിക്കുന്നു എന്ന് ജനങ്ങൾ കരുതുന്നു.

ഈ ഉയർന്ന പദവിയുള്ളവർ അതിനനുസരണമായ അന്തസ്സോടെ സംസാരിക്കുകയും പ്രവർത്തിക്കുകയും അവരുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുകയും ചെയ്യണമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത് അപരാധമാണോ? അതൊന്നും ചെയ്യാത്ത വൈദികരെ, അവർ വൈദികരാണെന്നതു കൊണ്ടു മാത്രം ബഹുമാനിക്കണമോ? ഉവ്വ്, *പൊലീസുകാരന്റെ കുപ്പായത്തിന്റെ പേരിൽ മാത്രം അയാളെ ബഹുമാനിക്കുന്നതുപോലെ, പല അച്ചന്മാരെയും അവരുടെ വിശുദ്ധ വസ്ത്രത്തിന്റെ പേരിൽ മാത്രം ബഹുമാനിക്കേണ്ടി വരാറുണ്ട്.* ദൈവത്തിന്റെ അഭിഷിക്തനെ തൊടരുതെന്ന ജനങ്ങളുടെ വിചാരം കൊണ്ടു മാത്രം ഇന്നും ഈ തൊഴിൽ ചെയ്തുപോരുന്ന അച്ചന്മാരുമുണ്ട്. ഈ രംഗത്തും അനർഹർ കടന്നു കൂടിയിരിക്കുന്നു എന്നുമാത്രമല്ല സൂചിപ്പിക്കുന്നത്. അവരുടെ എണ്ണം വല്ലാതെ വർദ്ധിച്ചിരിക്കുന്നു എന്നുകൂടിയാണ്. സത്യം പറയട്ടെ, യഥാർത്ഥ നിയോഗമുള്ളവർ ഒരു ന്യൂനപക്ഷം മാത്രമായിരിക്കുന്നു.

*യാന്ത്രികമായി, കിട്ടുന്ന ശമ്പളത്തിനനുസരണമായി കർത്തവ്യം നിർവഹിച്ചുപോരുന്നവരും ശുശ്രൂഷയേക്കാൾ സഭാരാഷ്ട്രീയത്തിനു മുൻതൂക്കം നല്കുന്നവരുമാണ് ഇന്ന് അധികം. എങ്കിലും സ്വന്തം നിയോഗത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുന്ന ഒരു ന്യൂനപക്ഷമുണ്ട്.* മഹായിടവകയുടെ ഹെഡ്ക്വാർട്ടേഴ്സിൽ അവരെ ദുർലഭമായേ നാം കണ്ടുമുട്ടൂ. കാരണം, ഇടയപരിപാലനത്തിനു തന്നെ അവർക്ക് സമയം കഷ്ടിയാണ്. ജീർണ്ണമായ സഭയെ ഇന്നും താങ്ങിനിറുത്തുന്നത്, അറിയപ്പെടാത്ത ഈ ന്യൂനപക്ഷമാണ്.

*(കടപ്പാട്: ക്രൈസ്തവ ദീപിക)*

ഡോ. ഡി. ബഞ്ചമിൻ

# DOING JUSTICE TO GOD - AND TO HUMAN BEINGS



Prof. T. K. Thomas, Bangalore

The new Methodist Worship Book recently brought out in Britain tries to "do justice to God". In one of the nine communion services included in it, God is addressed as "Our Father and Mother", officially for the first time. The secretary of the Church's Faith and Order committee said: "For centuries God has been referred to exclusively as Father. But God is not a person. God is a Spirit, and God is beyond gender. Exclusive male imgaery doesn't do justice to God".

In that brief quotation the word God is used five times. That is because we can no longer use personal pronouns: he or she will not do justice to God.

The nine communion services are to enable congregations to choose what they want and are comfortable with. The book contains services for seasons of the church year: Advent, Christmas, Lent and Passiontide, Easter, and Pentecost. The book is big, three times longer that the Methodist Service Book published in 1975 - though the church membership has dwindled during the period. It is often pointed out that there are fewer Methodists in Britiain now, and fewer Protestants in France, than Muslims.

The new book also tries to do justice to human beings as they are. Where the older version of the marriage service asserts that marriage is a life - long union, the revised one says, less categorically, that it should

**"For centuries God has been referred to exclusively as Father. But God is not a person. God is a Spirit, and God is beyond gender. Exclusive male imgaery doesn't do justice to God".**

be one. That surely is more sensible in a situation where over 60% of Methodist marriages in Britain involve one, sometimes two, divorcees. Brides are no longer "given away". The bride and groom are now "presented for marriage".

The new book also contains a funeral service for a still -born child and one to be used when we hear of the death of somebody close to us. **The next edition, if ever there will be one, is likely to contain services for divorce and for same - sex marriages which are already in place in a few western countries.** And it is quite possible that secular ceremonies will take over from Christian sacraments. The Baby - Naming Society in Britain, for example, is a response to the general decline of baptisms. Instead of Christening in church, during the baby - naming function at home, the parents "promise to try to love and to be patient" with their child, "neither demanding too little nor expecting too much".

Whether addressed as male or female, can God get a chair at a university? I must confess I had never thought of that. But Prof. Mshigeni, Vice-Chancellor of the University of Namibia, has given it considerable thought. He is convinced that God doesn't stand much of a chance. Because "God has only produced one major publication. It carried no references and was not published in a properly refereed journal. There is some doubt whether he wrote it all himself. The international scientific community has found it very difficult (almost impossible) to replicate the results of his works."

All that may well be true. But it is still rather sad that God cannot even teach theology at a university. That calls for people who can talk about God objectively and write about God with a great many footnotes and cross references.

[ആരാധനാക്രമങ്ങൾ പരിഷ്കരിക്കപ്പെടുകയാണ്. ദൈവത്തെ പിതാവ് എന്നു വിളിക്കുന്നതിനു പകരം 'ഞങ്ങളുടെ പിതാവും മാതാവും' എന്നു തിരുത്തി എഴുതപ്പെട്ടിരിക്കുന്നു. വിവാഹം ഒരു ആയുഷ്കാല ബന്ധമാണ് എന്നതിനു പകരം 'ആയിരിക്കണം' എന്നു തിരുത്തി. 60% വിവാഹങ്ങളും, വിവാഹമോചനത്തിൽ കലാശിക്കുന്ന ബ്രിട്ടനിൽ, ആരാധനാക്രമങ്ങൾ കാലാനുസൃതമാകേണ്ടതല്ലേ? ആരാധനാക്രമത്തിൻെറ അടുത്ത പതിപ്പ് പുറത്തു വരുമ്പോൾ, വിവാഹമോചനത്തിനും, സ്വവർഗ്ഗ വിവാഹത്തിനും ശുശ്രൂഷക്രമങ്ങൾ ഉണ്ടായേക്കാം.!]

●●

# കൂടിക്കാഴ്ച

പരേതനായ റവ. പി. റ്റി. തോമസിൽ നിന്നുമാണ് ഡോ. എ. കെ. തര്യൻ, ഡോ. ജേക്കബ് ചെറിയാൻ എന്നീ ഡോക്ടർമാരെപ്പറ്റി ഞാൻ കേൾക്കുവാനിടയായത്. സുവിശേഷ പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ വെട്ടിത്തുറന്ന ഇവരെപ്പറ്റി പല ക്രിസ്തീയ കൂട്ടങ്ങളിലും ചർച്ച ചെയ്യുന്ന ത് കേട്ടിട്ടുണ്ട്. കഴിഞ്ഞ മാസം ഇവരെ നേരിൽ കാണുവാനും സംസാരിക്കുവാനുമിടയായി.

പ്രസംഗവും പ്രവർത്തനം തമ്മിലുള്ള അന്തരം കൂടിവരുന്ന ഈ കാലയളവിൽ, ജീവിതം കൊണ്ടു സാക്ഷ്യം പറയുന്നവരെ കാണുന്നത് ഒരനുഭവമാണ്.

ഒരിക്കൽ പോലും അംഗീകാരത്തിനു വേണ്ടി പോകാതെ, ജീവിതം കൊണ്ടു സു വിശേഷവേല ചെയ്യുന്ന ഡോ. എ. കെ. തര്യനും മിസ്സിസ് തര്യനും യേശുവിന്റെ യഥാർത്ഥ സാക്ഷികളാണ്. ഒടൻചരത്രം ആശുപത്രിയിൽ കണ്ടുമുട്ടുന്ന ഓരോരുത്തർക്കും ഒരേ സാക്ഷ്യമാണ് പറയുവാനുള്ളത്. ഞങ്ങൾ ക്രിസ്തുവിന്റെ സ്നേഹത്താൽ പിടിക്കപ്പെട്ടവരാണെന്ന സാക്ഷ്യമാണ് അവർക്കുള്ളത്. സ്വന്തമായുള്ളതെല്ലാം ഒരുമിച്ചിട്ട്, ഓരോരുത്തരുടെയും ആവശ്യത്തിനനുസരിച്ചു ഉപയോഗിക്കുന്ന ഒരു 'കമ്മ്യൂണിറ്റി' ആദിമസഭയിൽ ഉണ്ടായിരുന്നതായി വായിക്കുന്നു. ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ച് ലളിതമായ ജീവിത ശൈലിയിൽ കൂടി, വേദനിക്കുന്ന ജനവിഭാഗത്തിനു ആശ്വാസമരുളുന്ന ഒരു കൂട്ടായ്മയാണിത്.

ഡോ. ജേക്കബ് ചെറിയാന്റെ നേതൃത്വത്തിൽ ബഹുമുഖ പ്രോജക്ടുകളാണ് അമ്പിളിക്കൈയിൽ നടക്കുന്നത്. ഈ പ്രോജക്ടുകൾക്കുള്ള പണം ഡോ. ജേക്കബ് ചെറിയാൻ കണ്ടെത്തുന്നു. പ്രോജക്ടുകൾ മുമ്പോട്ടുകൊണ്ടു പോകുവാൻ അതിന്റെ ഗുണമനുഭവിക്കുന്നവരിൽ നിന്ന് പണം ശേഖരിക്കുകയും ചെയ്യുന്നു. പത്തൊൻപതോളം പ്രസ്ഥാനങ്ങൾ നഷ്ടത്തിൽ കലാശിക്കാതെ, വിദഗ്ധ സാമ്പത്തിക മാനേജ്മെന്റിൽ കൂടി മുമ്പോട്ടു കൊണ്ടു പോകുവാൻ ഡോ. ജേക്കബ് ചെറിയാന് സാധിക്കുന്നു.

വ്യത്യസ്തമായ രീതിയിൽ ക്രൈസ്തവ സാക്ഷ്യം നിർവഹിക്കുന്ന രണ്ടു സ്ഥാപനങ്ങളാണ് ഒടൻചരത്രത്തിലും അമ്പിളിക്കൈയിലുമുള്ളത്.

മാത്യു കോശി പുന്നയ്ക്കാട്.

# അർത്ഥ സമ്പൂർണ്ണമായ സുവിശേഷ വേല

"സുവിശേഷീകരണം പ്രതിസന്ധിയിൽ"-ഭാരതത്തിലെ എല്ലാ ക്രൈസ്തവ വിഭാഗങ്ങളും മിഷനറി ഗ്രൂപ്പുകളും ഗൗരവമായി ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു വിഷയം. സുവിശേഷ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ കൂടിവരുന്നു. ഭാരതത്തിൽ അക്രൈസ്തവരുടെയിടയിൽ എത്രമാത്രം ഫലപ്രദമായി സുവിശേഷവേല നടത്തുവാനാകും?

ജീവിതം കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും ഫലപ്രദമായ രീതിയിൽ സുവിശേഷവേല നടത്തുന്ന ഒരു ഗ്രൂപ്പാണ് ഒടൻചരത്രം ക്രിസ്ത്യൻ ഫെലോഷിപ്പ്. യേശുവിനെക്കുറിച്ച് അവർ കവലകൾ തോറും പ്രസംഗിച്ചു നടക്കാറില്ല. യേശുവിൽ കൂടെ മാത്രമെ രക്ഷയുള്ളു എന്ന് ആരും പ്രഖ്യാപിക്കാറില്ല. പക്ഷേ ഒടൻചരത്രം ക്രിസ്ത്യൻ ഫെലോഷിപ്പിൽ ഒരിക്കൽ വന്നിട്ടുള്ളവർ യേശുവിന്റെ സാന്നിദ്ധ്യം രുചിച്ചറിഞ്ഞിരിക്കും. ഫെലോഷിപ്പിലെ അംഗങ്ങളുടെ ജീവിതവും പ്രവർത്തനങ്ങളും ആരേയും ക്രിസ്തുവിലേക്ക് നടത്തുവാൻ സഹായിക്കുന്നതാണ്. അവരെ സംബന്ധിച്ചിടത്തോളം സുവിശേഷവേലയ്ക്ക് യാതൊരു പ്രതിസന്ധിയുമില്ല. യാതൊരു വിദേശ സഹായവുമില്ലാത്ത, സ്വാശ്രയ സ്ഥാപനമായ ഒടൻചരത്രം ഫെലോഷിപ്പ് ആശുപത്രിയുടെയും കൂട്ടായ്മയുടേയും സ്ഥാപകൻ ഡോ. എ. കെ. തര്യൻ ആണ്. അദ്ദേഹവുമായി ന്യൂവിഷൻ ചീഫ് എഡിറ്റർ നടത്തിയ അഭിമുഖം:

- **വിദ്യാഭ്യാസ കാലയളവിൽ സ്റ്റുഡന്റ് ഫെഡറേഷനിലേക്ക് അങ്ങയെ ആകർഷിക്കുവാനുണ്ടായ കാരണം എന്താണ്?**

ജീവിതം കൊണ്ട് നൽകുന്ന സാക്ഷ്യത്തിന് ഞാൻ വില നൽകിയിരുന്നു. സ്വന്തം വസ്തു മുഴുവനും വിറ്റ് പാർട്ടിക്കു നൽകി, അനീതിക്കും ദുരാചാരങ്ങൾക്കുമെതിരെ പോരാടിയ ഇ. എം. എസ് വലിയൊരാവേശമാണുർത്തിയത്. ദുർബ്ബലരുടെയും അശരണരുടെയും ഉന്നമനത്തിനു വേണ്ടി പോരാടി മർദ്ദനങ്ങൾ സഹിക്കുന്ന കമ്മ്യൂണിസ്റ്റുകാർ വിദ്യാർത്ഥികൾക്ക് ആവേശമായി മാറിയിരുന്ന കാലം. അതുപോലെ ത്യാഗത്തോടുകൂടി പ്രവർത്തിക്കുന്നവരെ മറ്റൊരിടത്തും കണ്ടിരുന്നില്ല.


- **സ്റ്റുഡന്റ് ഫെഡറേഷനിൽ നിന്ന് പിന്മാറുവാനുണ്ടായ കാരണം?**

അക്രമം നടത്തി കാര്യം സാധിക്കുന്നതിനോട് എനിക്ക് യോജിപ്പുണ്ടായിരുന്നില്ല. വിദ്യാർത്ഥി സമരങ്ങളെ ഞാൻ ന്യായീകരിച്ചിരുന്നില്ല.

- **സ്റ്റുഡന്റ് ഫെഡറേഷനു നേതൃത്വം കൊടുത്തിരുന്നതിന്റെ ഭാഗമായി പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടോ?**

സർ. സി. പി. യുടെ നോട്ടപ്പുള്ളിയായിത്തീർന്നു. എസ്. ബി. കോളജിൽ നിന്നും നാലുപേരെ പുറത്താക്കാൻ സർ. സി. പി. നിർദ്ദേശിച്ചവരിൽ എന്റെ പേരും ഉണ്ടായിരുന്നു. പ്രിൻസിപ്പൽ എന്നെ വിളിച്ചു പറഞ്ഞു, "ഒരു ക്ഷമാപണം എഴുതിത്തരികയാണെങ്കിൽ ഡിസ്മിസ്സ് ചെയ്യാതെ രക്ഷപ്പെടുത്താം എന്ന്". ഞാൻ പ്രിൻസിപ്പലിനോടു ചോദിച്ചു, 'ചെയ്യാത്ത കുറ്റത്തിനു ക്ഷമാ

ഡോ എ. കെ. തര്യൻ (ഇടത്ത്) റവ. എ. സി. ഉമ്മനോടൊപ്പം



പണം എഴുതിത്തരുന്നത് ശരിയാണോ' വൈദികനായ പ്രിൻസിപ്പൽ പറഞ്ഞു, "തര്യൻ പൊയ്ക്കൊള്ളുക".

■ **പഠനകാലയളവിൽ ക്രിസ്തീയ പ്രവർത്തനങ്ങൾ എപ്രകാരമായിരുന്നു?**

ക്രിസ്തീയ പ്രാർത്ഥനാകൂട്ടങ്ങൾ ഉണ്ടായിരുന്നു. ചങ്ങനാശ്ശേരി സി.എസ്. ഐ. പള്ളിയുടെ സെമിത്തേരിയിൽ ഞങ്ങൾ പ്രാർത്ഥിക്കുവാൻ ചേരുമായിരുന്നു. നിശ്ശബ്ദമായ ഒരു സ്ഥലം എന്ന നിലയിലായിരുന്നു സെമിത്തേരിയിൽ കൂടിയിരുന്നത്. എന്നെ പിൻതുടർന്നിരുന്ന ഒരു പൊലീസുകാരന് സെമിത്തേരിയിൽ കൂടിയിരുന്ന് പിറുപിറുക്കുന്നത് കൂടുതൽ സംശയമുളവാക്കി. പല തവണ പിൻതുടർന്നിട്ടും കാര്യം മനസ്സിലാകാതെ വന്നപ്പോൾ പൊലീസുകാരൻ നേരിട്ടു ചോദിച്ചു. നിങ്ങളെന്തിനാണ് ഇവിടെ കൂടുന്നതെന്ന്."

■ **മാർത്തോമ്മ സഭയുമായുള്ള ബന്ധം?**

എബ്രഹാം മാർത്തോമ്മ മെത്രാപ്പൊലീത്തയുടെ പ്രസംഗങ്ങൾ എന്നെ കൂടുതൽ സ്വാധീനിച്ചിട്ടുണ്ട്. യേശു എന്ന വിപ്ലവകാരിയെ പരിചയപ്പെടുത്തുവാൻ മെത്രാച്ചൻ ശ്രമിച്ചിരുന്നു. സഭാശുശ്രൂഷയിലേക്ക് എന്നെ കൊണ്ടുവരുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ദൈവ ശാസ്ത്ര പഠനത്തിനു വേണ്ടിയുള്ള ഒരു സ്കോളർഷിപ്പും ക്രമീകരിക്കുകയുണ്ടായി. ഒടുവിൽ തിരുമേനി പറഞ്ഞു, "ക്രിസ്തീയ വിശ്വാസത്തെ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്ന പ്രവർത്തനങ്ങൾ അന്വേഷിച്ചു നടന്നിട്ട് അവസാനം പണത്തിനുവേണ്ടി പോകുന്ന ഒരു പ്രവർത്തനമായിരിക്കും ചെയ്യുക". മെഡിസിനു പോകുവാനുള്ള തീരുമാനം തിരുമേനിക്ക് തൃപ്തികരമായിരുന്നില്ല.

■ **മെഡിക്കൽ മിഷനറിയാകുവാൻ പ്രേരണ ലഭിച്ചതെങ്ങനെയാണ്?**

വളരെ നാൾ കുട്ടികളില്ലാതിരുന്നതിനു ശേഷം ഉണ്ടായതാണ് ഞാൻ. എൻെറ അമ്മ എപ്പോഴും പറയുമായിരുന്നു, 'നിന്നെ ഞാൻ ദൈവത്തിനായി നേർന്നിട്ടുള്ളതാണ്'. രാത്രിയിൽ എൻെറ കിടക്കയുടെയരികിലിരുന്നു എൻെറ അമ്മ പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒരു മിഷനറിയാകണം എന്നുള്ള പ്രേരണ അങ്ങനെയാണ് ലഭിച്ചത്. പ്രവർത്തനങ്ങളിൽ കൂടി ഫലപ്രദമായ മിഷനറിപ്രവർത്തനം നിർവ്വഹിക്കുവാൻ മെഡിസിനു പോകുന്നതായിരിക്കും നല്ലതെന്നു പിന്നീടു തീരുമാനിച്ചു.

■ **എസ്.സി.എം-മായുള്ള അങ്ങയുടെ ബന്ധം?**

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രായോഗിക തലം എസ്.സി.എം. ഗൗരവമായെടുത്തിരുന്നു. വർക്കലയിൽ കൂടിയ എസ്.സി.എം-ൻെറ വാർഷിക സമ്മേളനം സാമൂഹ്യതിന്മകൾക്കെതിരെ ശക്തമായി പ്രതികരിക്കുകയുണ്ടായി. ഒരു പുലയനെ ആദ്യമായി ഞാനാണ് ഞങ്ങളുടെ പള്ളിയിൽ കൊണ്ടുവന്നത്. ഏവരേയും ഇത് ചൊടിപ്പിച്ചു. സുറിയാനി ക്രിസ്ത്യാനികളുടെ വിവാഹത്തിൽ പിന്നോക്ക വിഭാഗക്കാരെ ഒരുമിച്ചിരുത്തി ഭക്ഷണം കൊടുത്തിരുന്നില്ല. എൻെറ വീട്ടിലെ ഒരു വിവാഹച്ചടങ്ങിൽ ഒരു പുലയനെ വിളിച്ചുകൊണ്ടുവന്ന് ഭക്ഷണം കൊടുക്കുകയുണ്ടായി.

സാമൂഹ്യ തിന്മകൾക്കെതിരെ പ്രതികരിക്കുന്നതിൻെറ ഭാഗമായി വേണം Youth Christian Council of Action (YCCA) ൻെറ പ്രവർത്തനങ്ങളെ കാണേണ്ടത്. സർ. സി. പി.യുടെ പ്രതിമ വയ്ക്കുന്നതിനെ YCCA എതിർത്തു.

■ **എന്താണ് YCCAയെ അതിനു പ്രേരിപ്പിച്ചത്?**

പ്രധാനമായും മൂന്നു കാര്യങ്ങളായിരുന്നു.

a. സർ. സി. പി. അധികാരത്തിലിരിക്കുന്ന അവസരമാണ്

b. സുറിയാനി ക്രിസ്ത്യാനികളുടെ കൂട്ടായ തീരുമാനത്തിൻെറ ഭാഗമായി ഉണ്ടായ ഒരു തീരുമാനമല്ല. രണ്ടോ മൂന്നോ വ്യക്തികളുടെ തീരുമാനം ഒരു സമൂഹത്തിൻെറ മേൽ അടിച്ചേല്പിക്കുകയായിരുന്നു.

c. ക്ഷാമവും ദുരിതങ്ങളും നടമാ

---

നിരണം പറക്കോട്ടിൽ ശ്രീ. പി. റ്റി. കുര്യൻെറ പുത്രനാണ് ഡോ. എ. കെ. തര്യൻ. ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ചതെങ്കിലും സഭയുടെ നിസ്സംഗത പലപ്പോഴും അദ്ദേഹത്തെ പ്രകോപിപ്പിച്ചു. ജീവിതവും പ്ര സംഗവും പ്രവർത്തനവുമില്ലാത്ത സാക്ഷ്യം അർത്ഥസമ്പൂർണ്ണമല്ല എന്നദ്ദേഹം വിശ്വസിച്ചു. ഏബ്രഹാം മാർത്തോമ്മ മെത്രാപ്പൊലീത്ത അദ്ദേഹത്തെ വൈദികനാകുവാൻ പലപ്പോഴും പ്രേരിപ്പിക്കാറുണ്ടായിരുന്നു. അനീതിയും അഴിമതിയും കൊടികുത്തിവാഴുമ്പോൾ ഇവയോടു പ്രതികരിക്കാതെയിരിക്കുവാൻ എങ്ങനെ സാധിക്കും? സഭയുടെ നിസ്സംഗതയോട് തര്യന് യോജിക്കാനായില്ല. സ്വന്തമായുള്ളത് മുഴുവൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കൊടുത്തുകൊണ്ട് അനീതിക്കും ദുരാചാരങ്ങൾക്കുമെതിരെ രംഗത്തുവന്ന ഇ. എം. എസിൻെറ ജീവിതം തര്യന് ആവേശമായിമാറി. എസ്. ബി കോളജിൽ പഠിക്കുമ്പോൾ അദ്ദേഹം സ്റ്റുഡൻറ് ഫെഡറേഷനിൽ ചേർന്ന് അതിൻെറ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്തു വരവെയാണ് ആലുവ യു. സി. കോളജിൽ പഠിച്ചിരുന്ന തൻെറ സ്നേഹിതൻ മാത്യു ഇടപ്പള്ളിയിൽ ഒരു പൊലീസുകാരനെ കൊന്നത്. അന്ത്യം ശരിയാണെങ്കിൽ, മാർഗ്ഗം ന്യായീകരിക്കാം എന്നത് തര്യന് അംഗീകരിക്കാനായില്ല. സ്റ്റുഡൻറ് ഫെഡറേഷനിൽ നിന്ന് അദ്ദേഹം പിന്മാറി. താൻ വിശ്വസിക്കുന്നതായ ആശയങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവരണമെ ന്ന ആഗ്രഹം ശക്തമായി ഉണ്ടായി. ഒരു മെഡിക്കൽ മിഷനറിയായാൽ അത് സാധിക്കുമെന്നുള്ളതിനാലാണ് മിറാജിൽ മെഡിസിന് പഠിക്കുവാൻ പോയത്. പഠനം കഴിഞ്ഞ് തമിഴ്നാട്ടിൽ വൈദ്യശുശ്രൂഷ ആവശ്യമുണ്ടായിരുന്ന ഒടൻചത്രം എന്ന ഗ്രാമത്തിൽ ഒരു കുടിലിൽ ഒരു ക്ലിനിക്ക് ആരംഭിച്ചു. 1955-ൽ ആരംഭിച്ച ഈ ക്ലിനിക്ക് ഇന്ന് 270 കിടക്കകളും 18 ഡിപ്പാർട്ടുമെൻറുകളുമുള്ള ഒരാശുപത്രിയായി വളർന്നിരിക്കയാണ്. നിർധനരായ എല്ലാവർക്കും സൗജന്യ ചികിത്സ നൽകുന്ന ഒരാശുപത്രി. എഴുപതോളം ഡോക്ടർമാർ അവിടെ സേവനമനുഷ്ഠിക്കുന്നു. എല്ലാവർക്കും ഒരേ ലക്ഷ്യം: മെഡിക്കൽ പ്രൊഫഷനിലൂടെ യേശുക്രിസ്തുവിനെ സാക്ഷിക്കണം, തങ്ങളുടെ ആശുപത്രിയിൽ വരുന്നവർ ക്രിസ്തുവിനെ കാണണം. ഡോക്ടർമാർ തമ്മിൽ ശത്രുതയില്ല. ശമ്പളം എല്ലാവർക്കും ഏതാണ്ടു തുല്യം. വാർഡ് ബോയിക്ക് രണ്ടായിരം രൂപയാണെങ്കിൽ എം.ബി.ബി.എസ് ഡോക്ടർക്ക് മൂവായിരവും, സെപ്ഷലിസ്റ്റിന് ആറായിരവും. ഇതാണ് അവിടത്തെ ശമ്പളത്തിൻെറ തോത്. ശമ്പളത്തിനു വേണ്ടിയല്ല ആരും അവിടെ പണിയെടുക്കുന്നത്. ഡോക്ടർമാരെ ലഭിക്കുവാൻ ഒടൻചത്രത്തിൽ ഒരു പ്രയാസവുമില്ല. ഡോ. എ. കെ. തര്യൻ ഭാരതത്തിലെ മെഡിക്കൽ കോളജുകളോടനുബന്ധിച്ചുള്ള ക്രിസ്ത്യൻ ഫെലോഷിപ്പുകളിൽ പോയി സംസാരിക്കുന്നു; മെഡിക്കൽ വിദ്യാർത്ഥികളെ 'ചലഞ്ച്' ചെയ്യുന്നു. ക്രിസ്തീയ വിശ്വാസത്തെ പ്രായോഗിക തലങ്ങളിലേക്ക് കൊണ്ടു വരുവാൻ താത്പര്യമുള്ളവരെ അദ്ദേഹം ഒടൻചത്രത്തിലേക്ക് ക്ഷണിക്കുന്നു.




ടുന്ന ഒരവസരത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു പകരം 65000 രൂപ പിരിച്ച് തിരുവനന്തപുരത്തു സർ. സി. പി. യുടെ പ്രതിമ വയ്ക്കുന്നത് ഒട്ടും ശരിയല്ല.

■ **മെഡിക്കൽ വിദ്യാഭ്യാസത്തിനു ശേഷം ഒടൻഛത്രം തെരഞ്ഞെടുക്കുവാനുണ്ടായ സാഹചര്യം?**

മിറാജിലെ പഠനത്തിനുശേഷം ഒരു ഗ്രൂപ്പ് തെക്കെ ഇന്ത്യയിലേക്ക് പോകാമെന്നു തീരുമാനിച്ചു. കാഞ്ചിപുരത്ത് ഒരാശുപത്രിയിൽ ജോലിയിലിരുന്നുകൊണ്ടു സ്ഥലങ്ങൾ അന്വേഷിച്ചു. വീടുകൾ തോറും നടന്ന് സുവിശേഷവേല നടത്തിയിരുന്ന ഒരു സുവിശേഷകൻ, ഒടൻഛത്രം എന്ന സ്ഥലം വൈദ്യശുശ്രൂഷ ലഭ്യമല്ലാത്ത ഒരു സ്ഥലമാണെന്നു പറഞ്ഞു. 8 വർഷത്തെ വരൾച്ചയുടെ ഫലമായി ജനങ്ങൾ കഷ്ടപ്പെടുന്നുവെന്നറിഞ്ഞു. സി.എസ്.ഐ. പള്ളിയിൽ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന ക്രമീകരിച്ചു. ശ്രീ. പി. ജോൺ വറുഗീസ്, ശ്രീമതി പി. ഐ. കുഞ്ഞമ്മ, ഡോ. എ. കെ. ജോർജ്. ഡോ. ആർ. ആർ. കെയ്ത്താൻ തുടങ്ങിയവർ ഉപവാസ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. അംഗോല ആശ്രമത്തിൽ പ്രവർത്തിച്ചിരുന്ന സിസ്റ്റർ പി. ഐ. കുഞ്ഞമ്മ ഒടൻഛത്രത്തിൽ വരാമെന്നു സമ്മതിച്ചു.

1955 ജനുവരിയിൽ ഒരു കമ്പൗണ്ടർ, ഒരു സിസ്റ്റർ, ഒരു ഡോക്ടർ എന്നിവരടങ്ങുന്ന ഒരു ടീം ഒരു കുടിലിൽ ക്ലിനിക്കാരംഭിച്ചു.

■ **ക്ലിനിക്ക് ആശുപത്രിയായി മാറിയതെന്നാണ്?**

ക്ലിനിക്ക് ആയിരുന്നെങ്കിലും ഈ പ്രദേശത്ത് മറ്റു ആശുപത്രികളില്ലാഞ്ഞതിനാൽ ആദ്യം മുതൽ തന്നെ രോഗികൾ വരുമായിരുന്നു. ചിലരെ അവർ വരുന്ന കാളവണ്ടിയിൽ കിടത്തി ചികിത്സിച്ചിട്ടുണ്ട്. ആ കാലയളവിലാണ് പൂർണ്ണ ഗർഭിണിയായ ഒരു സ്ത്രീ ആശുപത്രിയിൽ വന്നത്. 'ഓപ്പറേഷൻ' നടത്തി കുട്ടിയെ പുറത്തെടുക്കുക മാത്രമെ നിവൃത്തിയുണ്ടായിരുന്നുള്ളു. അതിനുള്ള യാതൊരു സൗകര്യങ്ങളുമില്ലാഞ്ഞതിനാൽ മധുരയിലേക്ക് കൊണ്ടുപോകുവാൻ നിർദ്ദേശിച്ചു. പാവപ്പെട്ട ആ സ്ത്രീയുടെ വീട്ടുകാർക്ക് അതിനു കഴിയുമായിരുന്നില്ല. മരണത്തിന് ഏല്പിച്ചുകൊടുക്കുക മാത്രമെ വഴി ഉണ്ടായിരുന്നുള്ളു. രണ്ടും കല്പിച്ച് ഓപ്പറേറ്റു ചെയ്യുവാൻ ഞാൻ തീരുമാനിച്ചു. അടുക്കള, ഓപ്പറേഷൻ തീയറ്ററാക്കി മാറ്റി. തുണികൾ വെള്ളത്തിലിട്ടു തിളപ്പിച്ചു ശുദ്ധിയാക്കി. കമ്പൗണ്ടർ ഈതർ മണപ്പിച്ച് രോഗിയെ ബോധം കെടുത്തുന്ന ജോലി ഏറ്റെടുത്തു. സിസ്റ്റർ കുഞ്ഞമ്മ ഡോക്ടറുടെ സഹായത്തിനുമെത്തി. ഭാഗ്യമെന്നു പറയട്ടെ, ഓപ്പറേഷൻ വിജയിച്ചു. ഗർഭിണിയെ ശസ്ത്രക്രിയ നടത്തി കുട്ടിയെ പുറത്തെടുത്തതു കാണുവാൻ നാട്ടുകാർ ധാരാളമായി വന്നു. ഡോക്ടറിൽ വിശ്വാസമുളവാക്കുവാൻ അതു സഹായിച്ചു.

■ **ആശുപത്രിയുടെ പിന്നീടുള്ള വളർച്ച എപ്രകാരമായിരുന്നുവെന്ന് വിശദീകരിക്കാമോ?**

1956-ൽ ഡോ. ജേക്കബ് ചെറിയാൻ വന്നു. പിന്നിട്, അദ്ദേഹത്തിന്റെ ഭാര്യയും. അങ്ങനെ മൂന്നു ഡോക്ടർമാരുടെ സേവനം ലഭിച്ചു. സൈക്കിളിലും കാളവണ്ടിയിലും വീടുകളിൽ പോയി ചികിത്സിക്കും. ചികിത്സ പൂർണ്ണമായും സൗജന്യമായിരുന്നു. അവർ എന്തെങ്കിലും തരുന്നത് സ്വീകരിക്കും.

■ **ഇത്തരത്തിലുള്ള ചികിത്സാ രീതി എത്രനാൾ തുടർന്നു?**

ആദ്യത്തെ മൂന്നു വർഷക്കാലം ചികിത്സയ്ക്ക് ഫീസ് ഉണ്ടായിരുന്നില്ല. തരുന്നത് വാങ്ങിക്കുക മാത്രമെ ചെയ്തിട്ടുള്ളു. ഈ രീതി മാറ്റണമെന്ന് പലരും ആവശ്യപ്പെട്ടതിനാൽ ചികിത്സയ്ക്കുള്ള ചെലവ് എത്രയായെന്നു പറയും. തരുന്നത് വാങ്ങും. ഇപ്പോൾ ആശുപത്രി യിൽ മൂന്നു തരത്തിലുള്ള മുറികൾ ഉണ്ട്. ജനറൽ, സെമി പ്രൈവറ്റ്, പ്രൈവറ്റ്. ചികിത്സാ ചെലവ് 1:2:3 എന്ന അനുപാതത്തിലാണ്. ജനറൽ വാർഡിൽ രോഗിയുടെ കഴിവനുസരിച്ച് എന്തെങ്കിലും കൊടുക്കുവാൻ ആവശ്യപ്പെടും. അത്രയും തുക ചികിത്സാ ചെലവിൽ കിഴിവ് വരുത്തുവാൻ ചികിത്സിക്കുന്ന ഡോക്ടർക്ക് സ്വാതന്ത്ര്യമുണ്ട്. അത്യാവശ്യം വന്നാൽ പൂർണ്ണ സൗജന്യവും കൊടുക്കും. രോഗികൾക്ക് ഭക്ഷണം സൗജന്യമായി നൽകും. സെമി പ്രൈവറ്റിലും കുറച്ചു കൺസഷൻ കൊടുക്കാറുണ്ട്. പ്രൈവറ്റ് റൂമിൽ കൺസഷൻ കൊടുക്കാറില്ല.

■ **പ്രൈവറ്റ് റൂമിലെ ചാർജ് വളരെ കൂടുതലായിരിക്കും, അല്ലെ?**

അല്ല. തമിഴ്നാട്ടിലെ ഏതാശുപത്രിയെക്കാളും കുറവായിരിക്കും. വെല്ലൂർ ആശുപത്രിയുടെ മൂന്നിലൊന്നേ വരു ഇവിടത്തെ ചെലവ്.

■ **ആശുപത്രിയിൽ ദിവസവും വരുന്ന രോഗികളുടെ ശരാശരി എണ്ണം?**

ശരാശരി 800- ചില ദിവസങ്ങളിൽ ആയിരം രോഗികളും വരാറുണ്ട്.

■ **ശരാശരി ദിവസ വരുമാനം?**

80,000 രൂപ മുതൽ 90,000 രൂപ വരെ.

■ **സൗജന്യ ചികിത്സയ്ക്ക് എത്രമാത്രം ചെലവാക്കാറുണ്ട്?**

ദിവസവും ശരാശരി 10,000 രൂപ മുതൽ 20,000 രൂപ വരെ സൗജന്യ ചികിത്സയ്ക്കായി ചെലവാക്കാറുണ്ട്.

■ **സൗജന്യ ചികിത്സ നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്?**

ചികിത്സിക്കുന്ന ഡോക്ടർക്ക് ബോദ്ധ്യമായാൽ മാത്രം മതി.

■ **ഡോക്ടർമാരുടെ ശമ്പളമോ?**

ഇവിടെ ഡോക്ടർമാർ ശമ്പളത്തിനു വേണ്ടിയല്ല പ്രവർത്തിക്കുന്നത് പാവങ്ങളെ സേവിക്കുവാൻ താലത്പര്യമുള്ളവരേ ഇവിടെ ജോലിക്കായി വരാറുള്ളു. സെപ്ഷ്യലിസ്റ്റു ഡോക്ടർക്ക് ഏതാണ്ട് 6000 രൂപയും എം.ബി.ബി. എസ് ഡോക്ടർക്ക് 3000 രൂപയും. ഇൻകം ടാക്സ് കൊടുക്കേണ്ട ഒരുത്തരും ഈ ആശുപത്രിയിലില്ല.

■ **ഈ കുറഞ്ഞ ശമ്പളത്തിനു പ്രവർത്തിക്കുവാൻ ഡോക്ടർമാരെ**

പ്രേരിപ്പിക്കുന്ന ഘടകമെന്താണ്?

അതവരോട് തന്നെ ചോദിച്ചു നോക്കണം. കോട്ടയം മെഡിക്കൽ കോളജിൽ നിന്ന് ഗോൾഡ് മെഡൽ വാങ്ങിയ ഡോ. ലെനി, കേരളത്തിൽ ഇരുപതിനായിരം രൂപ വാങ്ങിക്കൊണ്ടിരുന്ന ജോലി കളഞ്ഞിട്ട് ഇവിടെയെത്തി. ഇവിടെ 6000 രൂപയ്ക്ക് ജോലി ചെയ്യുന്നതിൽ അവർ സന്തോഷം കാണുന്നു.

■ **വിദേശത്തു നിന്നു എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ?**

യാതൊരു വിദേശ സഹായവും വാങ്ങാതെ ആശുപത്രി നടത്തണമെന്നാണ് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. ഞങ്ങളുടെ പ്രവർത്തനങ്ങൾ കണ്ട വിദേശ സംഘടനകൾ ഗ്രാന്റ് നൽകാമെന്നു വാഗ്ദാനം ചെയ്യുകയുണ്ടായി. വിദേശ സഹായം വേണ്ട എന്നുള്ളത് നയപരമായ തീരുമാനമായതിനാൽ ഞങ്ങളതിൽ ഉറച്ചു നിൽക്കുന്നു. ഞങ്ങൾക്ക് 'ഓഫർ' ചെയ്ത സഹായങ്ങൾ മറ്റു പല സംഘടനകളും സഭകളും ഉപയോഗപ്പെടുത്തി. വിദേശ സഹായം ഉപയോഗിച്ചാൽ കുറെക്കൂടെ ഫലപ്രദമായ രീതിയിൽ ചികിത്സ നടത്താമെന്ന് ഡോ. ജേക്കബ് ചെറിയാൻ അഭിപ്രായപ്പെട്ടു. പക്ഷേ ആ നിർദ്ദേശത്തോട് 'ഫെലോഷിപ്പിന്' യോജിക്കാനായില്ല. വിദേശസഹായം ഉപയോഗപ്പെടുത്തണമെന്നു ഡോ. ജേക്കബ് ചെറിയാൻ നിർബന്ധിച്ചപ്പോൾ, അമ്പിളിക്കൈയിലുള്ള ഫെലോഷിപ്പിന്റെ ആശുപത്രി അദ്ദേഹത്തിനു വിട്ടുകൊടുക്കുവാൻ തീരുമാനിച്ചു.

■ **ഡോ. ജേക്കബ് ചെറിയാൻ ഫെലോഷിപ്പുമായുള്ള ബന്ധം വേർപെടുത്തിയത് പിണങ്ങിയാണോ?**

ഒരിക്കലുമല്ല. അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രയോഗിക്കുവാൻ അമ്പിളിക്കൈയിലുള്ള ആശുപത്രി വിട്ടുകൊടുക്കയായിരുന്നു. ഉടമ്പടിയിൽ ഒപ്പിടുമ്പോൾ ഞാൻ കരഞ്ഞു. ഞങ്ങൾ ഒരുമിച്ചു പ്രവർത്തിച്ചുവരവെ, ഇടയ്ക്ക് ഡോ. ചെറിയാൻ മാറുവാൻ തീരുമാനിച്ചതിൽ സങ്കടം ഉണ്ടായി. പക്ഷേ ഞങ്ങൾ സൗഹൃദം ഇപ്പോഴും പങ്കുവയ്ക്കുന്നു. അമ്പിളിക്കൈയിലെ ആശുപത്രി, കാൻസർ, കുഷ്ഠം, ക്ഷയം, തുടങ്ങിയ രോഗങ്ങൾക്ക് കൂടുതൽ ശ്രദ്ധ കൊടുക്കുന്നു. ഇത്തരം രോഗികളെ ഞങ്ങൾ അങ്ങോട്ട് പറഞ്ഞു വിടും.

■ **ആശുപത്രിയുടെ ഭരണ സവിശേഷതകൾ വിശദീകരിക്കാമോ?**

ഒരു ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. ഭരണ ചുമതലകൾ ഓരോരുത്തർക്കായി മാറി നൽകുന്നു. രോഗികളെ ചികിത്സിക്കുന്നതിനുള്ള തത്വം ഇപ്രകാരമാണ്- " to each according to one's need and from each according to one's ability". യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് എല്ലാ പ്രവർത്തനങ്ങളുടേയും അടിസ്ഥാനം.

■ **ആശുപത്രിയിൽ ഏതൊക്കെ വിഷയങ്ങളിലാണ് അംഗീകൃത കോഴ്സുകൾ നടത്തപ്പെടുന്നത്?**

എം.ബി.ബി.എസ്. ഡോക്ടർമാർക്കു വേണ്ടി ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ ജനറൽ മെഡിസിൻ, ഫാമിലി മെഡിസിൻ, ഗൈനക്കോളജി എന്നീ വിഷയങ്ങളിൽ നടത്തുന്നു. ജനറൽ നേഴ്സിംഗ്, എ.എൻ.എം. ലാബറട്ടറി ടെക്നോളജി, എന്നിവയിലും പരിശീലനം നൽകുന്നു. പരിശീലനം ലഭിക്കുന്നവർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ആവശ്യമനുസരിച്ചു പോകുന്നു.

■ **ആശുപത്രി മിച്ചമുണ്ടാക്കാറുണ്ടോ?**

ചില വർഷങ്ങളിൽ മൂന്നോ നാലോ ലക്ഷം മിച്ചമുണ്ടായെന്നിരിക്കും. ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കായി അതുപയോഗിക്കും. കഴിഞ്ഞ വർഷം മിച്ചമില്ലായിരുന്നു. അതുകൊണ്ടു യാതൊരു പണികളും നടന്നുമില്ല. ഞങ്ങൾക്ക് ലഭിക്കുന്ന ഓരോ പൈസയും വളരെ സൂക്ഷ്മതയോടെയാണ് ഞങ്ങൾ ചെലവഴിക്കുന്നത്.

■ **കുറഞ്ഞ വേതനത്തിൽ ആണല്ലോ ഇവിടെ ഡോക്ടർമാർ പ്രവർത്തിക്കുന്നത്. ഡോക്ടർമാരുടെ വ്യക്തിപരമായ ആവശ്യങ്ങൾ എപ്രകാരമാണ് നിർവഹിക്കപ്പെടുക. ഉദാഹരണത്തിനു, വിവാഹം തുടങ്ങിയവ?**

ഞങ്ങൾ ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കുന്നവരാണ്. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും ഞങ്ങൾ ദൈവിക കരങ്ങളിൽ ഏല്പിച്ചിരിക്കയാണ്. ദൈവം വേണ്ട വഴികൾ തക്ക സമയത്തു കാണിച്ചു തരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ ഫെലോഷിപ്പിലുള്ള ഒരു ഡോക്ടറുടെ മകളുടെ കാര്യം ഉദാഹരണത്തിനായി പറയാം.

പെൺകുട്ടിയുടെ വിവാഹത്തിനായി ഞങ്ങൾ പ്രാർത്ഥിച്ചു. എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കിയയുടനെ, ക്രിസ്തീയദർശനമുള്ള ഒരു ഡോക്ടറെ ത്തന്നെ വരനായി ലഭിച്ചു. അവരും സ്ത്രീധനം വേണ്ടായെന്ന കാഴ്ചപ്പാടുള്ളവരായിരുന്നു. ഒരു ചായ സൽക്കാരം

---

ഡോ. ബാബു പോളിന്റെ ആശയങ്ങൾ വളരെ താത്പര്യത്തോടു കൂടി വായിക്കുന്ന അനേകരുണ്ട്. ന്യൂവിഷൻ വായനക്കാരിൽ ഒരു നല്ല പങ്ക് ആൾക്കാരും ഡോ. ബാബു പോളിന്റെ വീക്ഷണങ്ങൾ ശ്രദ്ധയോടെ വായിക്കുകയും വിവിധ തരത്തിലുള്ള 'കമന്റുകൾ' നേരിട്ടറിയിക്കുകയും ചെയ്യുന്നുണ്ട്. വ്യത്യസ്ത വീക്ഷണങ്ങൾ, പുതിയ കാഴ്ചപ്പാടുകൾ തുടങ്ങിയവ ജനസമക്ഷം അവതരിപ്പിച്ചു കൊണ്ടിരിക്കുന്ന ന്യൂ വിഷൻ ദ്വൈമാസിക, ഡോ. ബാബു പോളിന്റെ ലേഖനങ്ങളും പ്രസംഗങ്ങളും പ്രസിദ്ധീകരിക്കുവാൻ പ്രത്യേക താത്പര്യമെടുത്തിട്ടുണ്ട്. ന്യൂവിഷനിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളെ വിമർശിച്ചു കൊണ്ടു പലരും ഞങ്ങൾക്കെഴുതിയിട്ടുണ്ട്. ഡോ. ബാബു പോൾ ഒരു ദൈവശാസ്ത്രജ്ഞനല്ല, അദ്ദേഹത്തിന്റെ ചിന്താഗതികൾ വേദവിപരീതമാണ് എന്നൊക്കെ പറയുന്ന കത്തുകളും ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

ഞങ്ങൾ പറയുന്നത് മാത്രമെ ശരിയുള്ളു എന്ന ധാരണ ഞങ്ങൾക്കില്ല. ശരിയാണെന്നു ഞങ്ങൾ കരുതുന്നത് തന്നെ, ചിലപ്പോൾ ശരിയല്ല എന്നു വന്നേക്കാം. ക്രിസ്ത്യാനികൾ തന്നെ വേദപുസ്തകത്തെ എത്ര തരത്തിലാണ് വ്യാഖ്യാനിക്കുന്നത്. വ്യത്യസ്ത വീക്ഷണങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്നു. സഭകൾ തന്നെ ഏറ്റുമുട്ടുന്നു. ഇത് യാഥാർത്ഥ്യം ആണ്. ഓരോരുത്തരും അവരുടെ വിശ്വാസവും കാഴ്ചപ്പാടുകളും അനുസരിച്ചു മുമ്പോട്ടു പോകട്ടെ. താത്പര്യമുണ്ടെങ്കിൽ ചർച്ചകൾക്കും സംവാദങ്ങൾക്കും തയ്യാറാകുക എന്നതാണ് കരണീയം.

സി.എസ്.ഐ, മാർത്തോമ്മ, ഓർത്തഡോക്സ്, സിറിയൻ ഓർത്തഡോക്സ് സഭകളിലാണ് ന്യൂവിഷൻ പ്രചാരത്തിലുള്ളത്. ഈ സഭകളിലെ ജനങ്ങൾക്ക് ഒരുമിച്ചുവരുവാനും തങ്ങളുടെ വിശ്വാസവും പ്രവർത്തനങ്ങളും മറ്റുള്ളവരുമായി പങ്കു വയ്ക്കുവാനും വേദിയൊരുക്കുക എന്നതാണ് ന്യൂവിഷന്റെ ഒരു പ്രധാന ലക്ഷ്യം. സഭയുടെ ദൗത്യം കൂടുതൽ അർത്ഥസമ്പൂർണ്ണമായി നിർവഹിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയെന്നതും ന്യൂവിഷന്റെ ലക്ഷ്യമാണ്. ന്യൂവിഷൻ വായിക്കുന്നത് വ്യക്തമായ ക്രിസ്തീയ കാഴ്ചപ്പാടുള്ളവരാണ്. വ്യത്യസ്ത ദൈവശാസ്ത്ര കാഴ്ചപ്പാടുകൾ ചർച്ചചെയ്യുവാനും മനസ്സിലാക്കുവാനും അവയെ തിരസ്ക്കരിക്കുവാനും കഴിവുള്ളവർ തന്നെ.

ഡോ. ബാബു പോളിന്റെ ലേഖനങ്ങളിലെ ആശയങ്ങളെ വിമർശിച്ചു വന്ന ശ്രീ. എം. സി. ജോണിയുടെ ലേഖനവും ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഈ 'ലിബറൽ' കാഴ്ചപ്പാടിന്റെ ഭാഗമാണ്. ഈ ചർച്ചയിൽ വായനക്കാർക്കും ഭാഗഭാക്കാകാം. ന്യൂവിഷനെ വിലയിരുത്തിക്കൊണ്ടുള്ള, ശ്രീ കുരുവിള മാത്തന്റെ കത്തും ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. ന്യൂ വിഷന്റെ സവിശേഷതയെന്നു ഞങ്ങൾ അവകാശപ്പെടുന്നത് ഇതാണ്.

(ചീഫ് എഡിറ്റർ)

## തെരുവുകുട്ടികളും ഫെലൊഷിപ്പും



തെരുവു കുട്ടികളെ വീട്ടിലേക്കു വിളിച്ച് അവരോടു സന്മാർഗ്ഗ കഥകൾ പറഞ്ഞു കൊടുക്കുന്ന ഒരു പരിപാടി ഒടൻചത്രം ഫെലൊഷിപ്പിലുണ്ടായിരുന്നു. മിസ്സിസ്സ് തര്യൻ കുട്ടികളുടെ തലമുടി വെട്ടും. വൃത്തിയായി ജീവിക്കുവാൻ അവരെ പഠിപ്പിക്കും. ഡോ. തര്യൻെറ വീട്ടിലുള്ളവരോടൊപ്പം ഭക്ഷണവും കഴിക്കാം. തെരുവു കുട്ടികളുടെ മോഷണം കുറയുവാൻ അതിടയാക്കി. ഒരിക്കൽ തീയറ്ററിൽ നിന്ന് ഒരു സ്വർണ്ണമോതിരം ഒരു തെരുവു കുട്ടിക്ക് കിട്ടി. അതുമായി കുട്ടി ഡോ. തര്യൻെറയടുക്കൽ വന്നു. മോഷ്ടിക്കയോ, മറ്റുള്ളവരുടെ മുതൽ എടുക്കയോ ചെയ്യരുതെന്നു പഠിച്ചതിൻെറ ഫലമായാണ് സ്വർണ്ണ മോതിരവുമായി കുട്ടി വന്നത്. ഡോ. തര്യൻ കുട്ടിയുമായി പോയി തീയറ്റർ ഉടമയെ കണ്ടു, മോതിരം ഏല്പിച്ചു. പരസ്യം ചെയ്തിട്ടും ഉടമസ്ഥൻ വന്നില്ല. രണ്ടുപേരും കൂടി പോയി അതു വാങ്ങി പോലീസ് സ്റ്റേഷനിൽ ഏല്പിച്ചു. 6 മാസം കഴിഞ്ഞപ്പോൾ സബ് ഇൻസ്പെക്ടർ രണ്ടുപേരെയും വിളിച്ചു യുക്തമായ ഏതെങ്കിലും നല്ല കാര്യം ഈ പണമുപയോഗിച്ചു ചെയ്യുവാൻ ഉപദേശിച്ചു. ആ മോതിരം വിറ്റ പണം ഉപയോഗിച്ച് ആ കുട്ടി ഒരു സൈക്കിൾ റിക്ഷാ വാങ്ങി.

നടത്തണമെന്നു ഞങ്ങൾക്കാഗ്രഹമുണ്ടായിരുന്നു. അവരുടെ കൈവശമുള്ള ബാങ്ക് ബാലൻസ് വെറും ആയിരം രൂപയും. ഫെലൊഷിപ്പിൽ നിന്ന് അതിനുള്ള പണം എടുക്കാ മെന്നു ഞങ്ങൾ കരുതി. ഓരോ ദിവസവും ഞാനവരുടെ വീട്ടിൽ ചെല്ലും. പണം ആവശ്യമുണ്ടോ എന്നറിയുവാൻ. ഒരു ദിവസം പറഞ്ഞു, 'ഇന്ന് 5000 രൂപയുടെ ഒരു ചെക്ക് ഒരു സ്നേഹിതൻ അയച്ചു തന്നു''. ഓരോ ദിവസവും, സ്നേഹിതരും ബന്ധുക്കളും ദാനങ്ങൾ നൽകിയതിനാൽ ഫെലൊഷിപ്പിൽ നിന്ന് പണം എടുക്കേണ്ടി വന്നില്ല. വിവാഹമെല്ലാം കഴിഞ്ഞപ്പോൾ പിതാവ് വന്നു എന്നോടു പറഞ്ഞു, "സകല ചെലവും കഴിഞ്ഞു 20,000 രൂപ മിച്ചമുണ്ട്''. അത് ഫെലൊഷിപ്പിലേക്ക് തരികയാണ്''. ഞാൻ പറഞ്ഞു, അതുവേണ്ട, പെൺകുട്ടിയ്ക്ക് വേണ്ടി ബന്ധുക്കളും സ്നേഹിതരും തന്ന പണമാണത്. അത് അവർക്ക് തന്നെ കൊടുത്തേക്കുക. ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും.

■ **അനീതി നിറഞ്ഞ ഒരു സാമൂഹ്യഘടനയിൽ ഇതുപോലെ ഒരു സ്ഥാപനം സത്യസന്ധമായി നടത്തിക്കൊണ്ടുപോകുവാൻ പ്രയാസമല്ലേ?**

ഞങ്ങളുടെ എല്ലാ ഇടപാടുകളിലും വിശ്വസ്തതയും ആർജവത്വവും ഉണ്ടായിരിക്കണമെന്ന് നിർബന്ധമുണ്ട്. അതുകൊണ്ട് എല്ലാം സുതാര്യമാണ്. ഒരു പൈസ കൈക്കൂലി കൊടുക്കയോ, അർഹതയില്ലാത്ത പണം ഞങ്ങൾ വാങ്ങുകയോ ചെയ്യില്ല.

ഒരിക്കൽ 8 ഏക്കർ ഭൂമി ഞങ്ങൾ വാങ്ങി. ചാരിറ്റബിൾ സൊസൈറ്റികൾ വസ്തു വാങ്ങുകയോ വിൽക്കയോ ചെയ്യരുതെന്ന ഒരു നിയമം നിയമസഭ പാസ്സാക്കിയതറിയാതെയാണ് ഞങ്ങളത് വാങ്ങിയത്. ഏഴെട്ടു വർഷങ്ങൾക്ക് ശേഷം ഞങ്ങളവിടെ ഒരു റിട്രീറ്റ് സെന്റർ പണിതപ്പോൾ പ്രശ്നങ്ങളായി. നി യമം ലംഘിച്ചിരിക്കുന്നതിനാൽ ഭൂമി സർക്കാരിന് പോകും എന്ന നിലയായി-ഞങ്ങൾ കുറ്റക്കാരാണെന്നു ആദ്യത്തെ അന്വേഷകർ കണ്ടെത്തി. കൈക്കൂലി കൊടുത്തു പ്രശ്നം പരിഹരിക്കുവാൻ മദ്ധ്യസ്ഥർ വന്നു. ഞങ്ങൾ വഴങ്ങിയില്ല. ഞങ്ങൾ അപ്പീൽ നൽകി. അവിടെയും ഞങ്ങൾക്കെതിരായായിരുന്നു വിധി. അവസാന റൗണ്ടിൽ കേസ് ഒരു ജഡ്ജിൻെറ മുമ്പിലാണെത്തിയത്. ആശുപത്രിയിൽ വരുന്ന രോഗികളുടെ ലിസ്റ്റു കൊണ്ടു വരാനാവശ്യപ്പെട്ടു. ലിസ്റ്റു നോക്കിയപ്പോൾ 95% പേരും അക്രൈസ്തവരായിരുന്നു. അടിസ്ഥാനപരമായി ഒരു മതഗ്രൂപ്പാണ് ഇത് നടത്തുന്നതെങ്കിലും, പ്രവർത്തനങ്ങൾക്ക് മതേതര സ്വഭാവ്മുള്ളതിനാൽ നിയമം ബാധകമല്ല എന്നു വിധിച്ചു.

ഞങ്ങൾ വസ്തു വാങ്ങുമ്പോൾ, വില കുറച്ചു വയ്ക്കുവാൻ ഭൂമി നൽകുന്നവർ ആവശ്യപ്പെടാറുണ്ട്. അതിന് ഞങ്ങൾ വഴങ്ങാറില്ല. അതു കൊണ്ടു ചില നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, അതിലും കൂടുതൽ നേട്ടങ്ങളാണ് ഞങ്ങൾക്കുണ്ടായിട്ടുള്ളത്.

■ **ഇതുപോലെയുള്ള ആശുപത്രികൾ വേറേയുണ്ടോ?**

മദ്ധ്യപ്രദേശിൽ, രാജനന്ദൻകാവിൽ ഡോ. പി. എ. ഏബ്രഹാമിൻെറ നേതൃത്വത്തിൽ ഒരാശുപത്രിയുണ്ട്. എൻെറ മകൾ ഒറീസ്സയിൽ 'ആഷാകിരൺ' എന്ന പേരിൽ അടുത്തയിടെ ഒരാശുപത്രി തുടങ്ങിയിട്ടുണ്ട്. അവിടെ 5 പേർ ഉണ്ട്.

■ **ഇവിടെ മത പരിവർത്തനം നടക്കുന്നുണ്ടോ?**

ഉണ്ട്, ഞങ്ങളുടെ കൂടെ താമസിക്കുന്നവർ, ഇവിടത്തെ ജീവിതവും സാക്ഷ്യവും കണ്ടു ക്രിസ്ത്യാനികളായിത്തീരുന്ന ഒരനുഭവമാണുള്ളത്. അവർക്കിഷ്ടമുള്ള സഭയിൽ സ്നാനം എടുക്കുന്നു. ക്രിസ്ത്യാനികളാകുവാൻ താത്പര്യപ്പെട്ടു വരുന്നവരോടു ഇന്ന സഭയിൽ ചേരണമെന്നു ഞങ്ങൾ പറയാറില്ല.

■ **മതപരിവർത്തനം നടത്തുന്നതിനെതിരെ പുറത്തുള്ളവർ പ്രതികരിക്കാറുണ്ടോ?**

ഒരിക്കൽ ദ്രാവിഡ കഴകക്കാർ ഇവിടെ വന്നു. ഡോക്ടർ ഇവിടെ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും നല്ല കാര്യങ്ങളാണ്. പക്ഷേ, മതപരിവർത്തനം നടത്തുവാൻ പാടില്ല. ഞാനവരോടു പറഞ്ഞു. "നിങ്ങളെൻെറ വീട്ടിൽ വരുമ്പോൾ, ഞാൻ നിങ്ങളെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ, എൻെറ വീട്ടിലുള്ള ഏറ്റവും നല്ല ഭക്ഷണമായിരിക്കും നിങ്ങൾക്ക് നൽകുക. ഞാൻ ഏറ്റവും നല്ലതെന്നു കരുതുന്നത് എന്റെ ആത്മികതയാണ്. ഞാൻ സ്നേഹിക്കുന്നവർക്ക് നൽകുന്നത്, ഞാൻ ഏറ്റവും നല്ലതെന്നു കരുതുന്ന ഈ 'ആത്മികതയാണ്'. അത് ഞാനവരുമായി പങ്കുവയ്ക്കുന്നു. ഈ ആത്മികതയിലേക്ക് വരുവാൻ താത്പര്യപ്പെടുന്നവരോടു നിങ്ങൾ വരേണ്ട എന്നു ഞാനെങ്ങനെ പറയും'' കുറെ കഴിഞ്ഞപ്പോൾ അവർ ഇറങ്ങിപ്പോയി. ●



# ഒടൻചരത്തും ആശുപത്രിയിലെ ഡോക്ടർമാരുടെ സാക്ഷ്യങ്ങൾ

## ഡോ. പി. ഡി. കോശി



എഫ്. ആർ. സി. എസുകാരനായ ഡോ. പി. ഡി. കോശി കുവൈറ്റിൽ 15 വർഷക്കാലം പ്രവർത്തിച്ചു. ഭാര്യയും ഡോക്ടർ. കുവൈറ്റ് യുദ്ധകാലത്തു അത്ഭുതകരമായി രക്ഷപെട്ടു. വീണ്ടും തിരികെ പോയി. കുവൈറ്റിലെ ജോലി ഉപേക്ഷിച്ച്, 1992 മുതൽ ഒടൻചരത്തിൽ പ്രവർത്തിക്കുന്നു.

വളരെ ഉയർന്ന ശമ്പളത്തിൽ കുവൈറ്റിൽ ജോലി ചെയ്തിരുന്ന അദ്ദേഹം ഇവിടെ പ്രവർത്തിക്കുന്നതിൻെറ കാരണം ഇപ്രകാരം വിവരിച്ചു.

'നാഗ്പൂരിൽ പഠിക്കുമ്പോൾ ഡോ. തര്യൻ അവിടെ വരുമായിരുന്നു. ഇവിടെ വന്നു പ്രവർത്തിക്കുവാൻ ക്ഷണിച്ചു. പഠനം കഴിഞ്ഞപ്പോൾ കുറെ കടമൊക്കെ ഉണ്ടായിരുന്നതിനാൽ കുവൈറ്റിൽ പോയി. ഡോ. തര്യൻ അങ്ങോട്ടും കത്തെഴുതിയിരുന്നു. യുദ്ധ സമയത്ത് ഞാനിവിടെ വന്നു കുറെക്കാലം പ്രവർത്തിച്ചു. നമ്മുടെ മനഃസാക്ഷിയനുസരിച്ചു പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. അന്നെനിക്കു 2000 രൂപയായിരുന്നു ശമ്പളം. അന്നൊരിക്കൽ ഒരു മാസം ഞാൻ സൗജന്യ ചികിത്സ കൊടുത്തത് 8000 രൂപയുടേതാണ്. എന്തിനാണ് ഇത്രയും തുകയ്ക്ക് സൗജന്യം നൽകിയതെന്നാരും തിരക്കിയില്ല. കേരളത്തിലായിരുന്നെങ്കിൽ എന്നെ അന്നേ പറഞ്ഞുവിട്ടേനെ. 'പാര' വയ്പില്ല. ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിച്ചറിഞ്ഞവരാണ് ഇവിടെയുള്ളവർ പഠിച്ചിരുന്ന കാലത്ത് ഇവാൻജലിക്കൽ യൂണിയനുമായി ബന്ധപ്പെട്ടിരുന്നു."

## ഡോ. ജേക്കബ് കുരുവിള



"റാന്നിയ്ക്കടുത്ത് മന്ദിരം ആശുപത്രിയിൽ ഞാൻ ആദ്യം കുറെനാൾ പ്രവർത്തിച്ചിരുന്നു. 1971-ൽ ഇവിടെ ചേർന്നു. ക്രിസ്ത്യൻ മെഡിക്കൽ പ്രയർ ഫെലോഷിപ്പിൻെറ ഒരു മീറ്റിംഗിൽ ഡോ. തര്യനും, ഡോ. ചെറിയാനും പങ്കെടുക്കുകയും ഈ ആശുപത്രിയിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇവിടെ ഞാൻ സന്തോഷവാനാണ്. ഒരു മെഡിക്കൽ മിഷനറിയായിരിക്കുകയെന്നതാണ് എൻെറ ജീവിത ലക്ഷ്യം. മുകളിൽ നിന്നും മറ്റ് ഉത്തരവുകൾ വരുന്നതുവരെ ഞാനിവിടെ പ്രവർത്തിക്കും".

## ഡോ. ലതാ പോൾ | ഡോ. പോൾ ഇമ്മാനുവൽ



"ഞാൻ 1987- ലാണ് ഇവിടെ വന്നത് ദൈവത്തിൻെറ പദ്ധതിയനുസരിച്ചു പാവപ്പെട്ട ജനങ്ങളെ സേവിക്കുന്നതാണ് എൻെറയും എൻെറ ഭർത്താവിൻെറയും നിയോഗമെന്നു ഞങ്ങൾ കരുതുന്നു. ഇവിടെ സി. എസ്. ഐ. സഭാംഗങ്ങളാണ്."

" ഒരു മിഷൻ ഹോസ്പിറ്റലിൽ പ്രവർത്തിക്കുവാനാണ് ദൈവം എന്നെ വിളിച്ചിരിക്കുന്നത് ശമ്പളം എനിക്ക് പ്രശ്നമല്ല. ദൈവത്തിൻെറ വിളിയോട് ഞാൻ സഹകരിക്കുന്നു. ഞാൻ സന്തോഷവാനാണ് - 1981 മുതൽ ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നു".

## ഡോ. സുശീൽ തര്യൻ

- മറ്റ് ആശുപത്രികളിൽ പ്രവർത്തിച്ചാൽ കൂടുതൽ പണം കിട്ടില്ലേ?

തീർച്ചയായും. പക്ഷേ, ഇവിടെ എനിക്ക് ലഭിക്കുന്ന പല കാര്യങ്ങളും ആ ആശുപത്രികളിൽ കിട്ടില്ല.

- താങ്കളുടെ വിദ്യാഭ്യാസയോഗ്യതയുള്ള മറ്റ് ഡോക്ടർമാർ ആകർഷകമായ ശമ്പളത്തിൽ മറ്റു ആശുപത്രികളിൽ പ്രവർത്തിക്കുന്നു, ഉപഭോഗ വസ്തുക്കൾ ഉപയോഗിക്കുന്നു. അതങ്ങയെ ആകർഷിക്കുന്നില്ലേ?

ഇവിടെ ലളിതമായ ജീവിതം നയിക്കുന്നതിൽകൂടി തന്നെ ഞാൻ സന്തോ

**ഡോ. സൂസൻ കുരുവിള ഡോ. കുരുവിള വർക്കി**



"ഞങ്ങൾക്കുണ്ടായ ദൈവവിളിയുടെ ഭാഗമായാണ് ഇവിടെ ശുശ്രൂഷിക്കുന്നത്. ഗ്രാമാന്തരീക്ഷത്തിൽ പാവപ്പെട്ട രോഗികളെ ശുശ്രൂഷിക്കുന്നതിൽ കൂടി ഞങ്ങൾ സന്തോഷം പങ്കിടുന്നു. എനിക്ക് ഇവാൻജലിക്കൽ യൂണിയൻ പശ്ചാത്തലവും എൻെറ ഭർത്താവ് ഡോ. കുരുവിള വർക്കിക്ക് എസ്.സി.എം. പശ്ചാത്തലവും ഉണ്ടായിരുന്നു".

ഡോ. കുരുവിള വർക്കി: "ഭാവിയെപ്പറ്റി ഞങ്ങൾക്ക് യാതൊരു ആശങ്കകളുമില്ല. ഞങ്ങൾ വിശ്വസിക്കുന്ന ദൈവം ഞങ്ങളെയും ഞങ്ങളുടെ ആശുപത്രിയെയും തുടർന്നു നടത്തുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു".

ഷവാനാണ്. പണത്തിനു വേണ്ടി ജോലി ചെയ്യുവാൻ ഞാൻ ഒരാശുപത്രിയിലും പോകില്ല. എൻെറ മുൻഗണനാക്രമത്തിൽ പണത്തിന് വലിയ സ്ഥാനമില്ല.

■ **എന്തുകൊണ്ടാണ് ഈ ആശുപത്രിയിൽ രോഗികൾ വരുന്നതെന്ന് തെരക്കിയിട്ടുണ്ടോ?**

പ്രധാനമായവ: ചെലവു കുറവാണ്. മരുന്നുകൾ 'ജിന്നറിക് പേരിലുള്ളത്, വിശ്വസനീയമായ ഉല്പാദകരിൽ നിന്നും ഞങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നു. കുറഞ്ഞ ചെലവിൽ മരുന്നുകൾ നൽകുവാൻ സാധിക്കുന്നു. ആവശ്യമില്ലാത്ത പരിശോധനകൾ ചെയ്യുവാൻ ഞങ്ങൾ തുനിയാറില്ല. മിനിമം പരിശോധനകളിൽ കൂടി കൃത്യമായും വ്യക്തമായും രോഗനിർണ്ണയം നടത്തുവാൻ ഞങ്ങൾ ശ്രമിക്കുന്നു.

■ **മരുന്നുകൾ സ്റ്റോക്ക് ചെയ്യുന്നതു പോലെ മറ്റ് ക്രമീകരണങ്ങൾ ഉണ്ടോ? ബഹുരാഷ്ട്രകമ്പനികളുടെ ചൂഷണങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുവാൻ?**

ഹോർലിക്സ് ഉപയോഗിക്കുന്നതിനു പകരമായി ഇവിടെത്തന്നെ 'സത്മാവ്' എന്ന ഒരു പൊടി കൊടുക്കുന്നുണ്ട്. ബഹുരാഷ്ട്ര കമ്പനികളുടെ തട്ടിപ്പിനിരയകാതെയിരിക്കുവാൻ, ഞങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്ന ഒരു ഗുണമേന്മയുള്ള ഉല്പന്നമാണ്. നിലക്കടല, പഞ്ഞിപ്പുല്ല്, കരിപ്പെട്ടി തുടങ്ങിയവയടങ്ങുന്ന ഒരു മിശ്രിതം. ഒരു പായ്ക്കറ്റിന് ഒരു രൂപയേ വിലയുള്ളു. ●

**ഒടൻഛത്രം ക്രിസ്ത്യൻ ഫെലോഷിപ്പ് സൊസൈറ്റി!**



■ ഡോ. കുരുവിള വർക്കി (ചീഫ് ഫിസിഷൻ) ■ ഡോ. സൂസൻ കുരുവിള (സ്കിൻ സ്പെഷലിസ്റ്റ്) –28 വർഷം ■ ഡോ. കെ. ഒ. ജോൺ (സർജൻ) ■ ഡോ. മേരി ജോൺ (ഗൈനക്കോളജിസ്റ്റ്) –24 വർഷം ■ ഡോ. കെ ജേക്കബ് (ഒഫ്താൽമോളജിസ്റ്റ്) –28 വർഷം ■ ഡോ. ആനി ജേക്കബ് (ലാബ്) ■ ഡോ. പോൾ ഇമ്മാനുവൽ (ഗൈനക്കോളജിസ്റ്റ്) ■ ഡോ. ലതാ പോൾ (അനസ്തറ്റിസ്റ്റ്) ■ ഡോ. തോമസ് ഫിലിപ്പ് (ഓർത്തോപീഡിക്സ്) ■ ഡോ. സ്ലീബി തോമസ് (ഇ.എൻ.റ്റി) ■ ഡോ. സുശീൽ തര്യൻ (സൈക്യാട്രിസ്റ്റ്) ■ ഡോ. വൽസാ തര്യൻ (ഇ.എൻ.റ്റി) ■ ശ്രീ. കെ. എം. ചെറിയാൻ (ലാബ് ടെക്നീഷ്യൻ) ■ ശ്രീമതി മറിയാമ്മ ഫിലിപ്പ് ■ ഡോ. എ. കെ. തര്യൻ

## ഉന്നത വിദ്യാഭ്യാസം

അമ്പിളിക്കൈയിൽ ആരംഭിച്ചിട്ടുള്ള ആർട്ട്സ് ആൻഡ് സയൻസു കോളജിൽ കേരളത്തിൽ നിന്നുള്ള കുട്ടികൾക്കും, താഴെപ്പറയുന്ന ബി.എസ്.സി. കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതാണ്. മാത്സ്, ബയോകെമിസ്ട്രി, കൊമേഴ്സ്, ബി.ബി.എ., കംപ്യൂട്ടർ. പോളിടെക്നിക്കിലും, ബി.എസ്സി. നേഴ്സിംഗ് കോളജിലും കേരളത്തിൽ നിന്നുള്ളവർക്ക് പ്രവേശനം ലഭിക്കും. സ്വാശ്രയ സ്ഥാപനങ്ങളായതിനാൽ ഫീസ് കേരളത്തെ അപേക്ഷിച്ച് കൂടുതലാണെങ്കിലും കാപ്പിറ്റേഷൻ ഫീസ് നൽകേണ്ടതില്ല.

ലേക്ക് താമസം മാറ്റി. കുഷ്ഠരോഗം, ക്ഷയം, കാൻസർ തുടങ്ങിയ രോഗങ്ങളുടെ വിദഗ്ധ ചികിത്സ ലഭിക്കുന്ന ഒരാശുപത്രിയാക്കുവാൻ ഡോ. ചെറിയാനു സാധിച്ചു. രോഗം വന്നിട്ടു ചികിത്സിക്കുന്നതിനു പകരം രോഗപ്രതിരോധ പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധതിരിച്ചു. നിരവധി സംഘടനകൾ ഡോ. ചെറിയാൻെറ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാൻ തയ്യാറായി. ഡോ. ചെറിയാൻെറ എല്ലാ പ്രവർത്തനങ്ങൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരവും ലഭിച്ചു. ആരോഗ്യ സംരക്ഷണത്തിൽ സർക്കാർ 2000 -ാമാണ്ടിൽ ഉദ്ദേശിച്ചിട്ടുള്ള 'ടാർജറ്റ്' ഈ ആശുപത്രി നേടിക്കഴിഞ്ഞിരിക്കയാണ്.

വിദേശ സഹായമുള്ളതിനാൽ പല ഡിപ്പാർട്ടുമെൻറുകളിലെയും ചികിത്സ സൗജന്യമാണ്. 12 ഡോക്ടർമാർ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്നു. ദിവസവും ഇരുനൂറോളം രോഗികൾ ചികിത്സയ്ക്ക് വരുന്നുണ്ട്.

വിദേശ സഹായമുള്ളതിനാൽ പല ഡിപ്പാർട്ടുമെൻറിലെയും ചികിത്സ സൗജന്യമാണ്. 12 ഡോക്ടർമാർ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്നു. ദിവസവും ഇരുനൂറോളം രോഗികൾ ചികിത്സയ്ക്ക് വരുന്നുണ്ട്.

ബി. എസ്. സി. നേഴ്സിംഗ്, ഐ. ടി. ഐ., പോളിടെക്നിക്ക് തുടങ്ങിയവ പഠിക്കുവാൻ കേരളത്തിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ വരുന്നു. സ്വാശ്രയ കോഴ്സുകളായതിനാൽ മറ്റു സ്ഥാപനങ്ങളേക്കാൾ ഫീസ് കൂടുതലാണ്.

## THE INFINITE BEING

*Oh! The Omnipresent Soul the absolute reality-*
*All my finite sensitivity, I submit to you*
*Thy eternal presence, I long to be part of.*

*Oh! The Omniscent Mind the absolute Philos-*
*The wisdom, truth and righteousness, I desire.*
*Mould Thou infinite, my finite instinct,*
*Carnality the Satan forever won.*

*Oh! The Omnipotent Materialism-*
*The finite causation and the infinite chaos,*
*Limitless energy Thou contain in,*
*This limited vessel that Thou abide.*

*Oh! Peace that passeth understanding-*
*Into Thy likeness transform This,*
*The space-time shadow of Thy perfection.*
*Thou Immortality, I surrender to You,*

*Love sublime, Immortality Oh! Divine,*
*Transcendent ethos Thy inspiration,*
*Mortality, death, destruction, sin beget-*
*Redemption, restitution, reconciliation, Thy pathos.*

**Kuruvilla Philipose, Vadavathoor**






ഡോ. ജേക്കബ് ചെറിയാൻ മാർത്തോമ്മാ ബിഷപ്പുമാരുടെ മധ്യത്തിൽ

1990-ൽ അമ്പിളിക്കൈയിലുള്ള ആശുപത്രി സുവർണ്ണ ജൂബിലിയാഘോഷിച്ചു. സുവർണ്ണ ജൂബിലി സ്മരണികയിൽ കെ. എൻ. എച്ചിൻെറ എൽ. ലൂയർസ് എഴുതിയ ലേഖനം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്.

"ഡോ. ജേക്കബ് ചെറിയാനെയും സഹപ്രവർത്തകരെയും കാണുമ്പോൾ എനിക്കോർമ്മ വരുന്നത് വേദപുസ്തകത്തിലെ ഈ വാക്യങ്ങളാണ്.

എളിയവരും ദരിദ്രരുമായവർ വെള്ളം തിരഞ്ഞു നടക്കുന്നു. ഒട്ടും കിട്ടായ്കയാൽ അവരുടെ നാവ് ദാഹംകൊണ്ടു വരണ്ടു പോകുന്നു. യഹോവയായ ഞാൻ അവർക്ക് ഉത്തരമരുളും. യിസ്രയേലിൻെറ ദൈവമായ ഞാൻ അവരെ കൈവിടുകയില്ല. ഞാൻ പാഴ്മലകളിൽ നദികളെയും താഴ്വരകളുടെ നടുവിൽ ഉറവകളെയും തുറക്കും. മരുഭൂമിയെ ഞാൻ നീർപൊയ്കയും വരണ്ട നിലത്തെ നീരുറവകളും ആക്കും................യഹോവയുടെ കൈ അതു ചെയ്തു എന്നും യിസ്രയേലിൻെറ പരിശുദ്ധൻ അതു സൃഷ്ടിച്ചു എന്നും അവരെല്ലാവരും കണ്ടു അറിഞ്ഞു വിചാരിച്ചു ഗ്രഹിക്കേണ്ടതിനു തന്നെ"–

നാടിൻെറ വികസനത്തിന് സഹായകരമായ വിവിധ പദ്ധതികൾ അവതരിപ്പിച്ചു കടം വരുത്താതെ ഫലപ്രദമായി നടത്തുവാൻ ഡോ. ജേക്കബ് ചെറിയാന് സാധിക്കുന്നു. പത്തൊൻപതോളം സ്ഥാപനങ്ങളുടെ ഡയറക്ടറായിരുന്നു കൊണ്ട് ഫലപ്രദമായ ക്രിസ്തീയ ശുശ്രൂഷ നടത്തുവാൻ ഡോ. ജേക്കബ് ചെറിയാൻ ശ്രമിക്കുന്നു.

# FOLLOWERSHIP

C. John Mathai

**Our episcopal heads and leaders follow the pattern of authority and pomp similar to Roman emperors. Servanthood is only in words. We litigate and fight for all sorts of things and rely on the State to settle disputes in churches, and between churches. Prayer life and waiting on God are being purched out by other activities and crowded schedules.**

"A new word has been creeping into the Christian vocabulary in the last few years- FOLLOWERSHIP", says Selwyn Hughes, in the recent issue of "Every Day with Jesus"

He goes on to say - "Believing that Jesus is the Saviour of the world is one thing, obeying him is another. Believing is a spectator sport, following is what makes you a player. Indeed, following is where the cost of commitment becomes evident. I am convinced that **if the world is to see who Jesus is, and what Christianity is all about, a new breed of followers must emerge."**

"Followership is the primal call of authentic Christianity" syas Joseph Stowell, another contemporary evangelist and scholar.

'Then Jesus said to his disciples: "If anyone wants to come with me, he must forget self, carry his cross and follow me". Jesus was quite clear about what he expected from his followers. We see the same clear statement at least in four places in the gospels.Some Christians have a tendency to see our personal difficulties and sickness as crosses we bear. But it is quite clear from the New Testament that by 'cross' Jesus meant only the suffering and travail we come across when we seriously take up the responsibility of working for the kingdom of God. The disciples understood what Jesus meant. Paul's physical suffering (or disease) was mentioned by him as only a 'thorn in the flesh'. When Jesus was confronted with disease, He always provided healing. To people who were hungry, He gave food. He never saw justification for such suffering. But He showed the example of welcoming suffering and even death on the cross in the pursuit of spreading the Gospel of the Kingdom; and revealed by His resurrection from the dead, that God the Father is in control and that our suffering and death on our crosses by following Jesus' example will contribute to the establishment of the kingdom. In this respect, very few of the so - called followers of Christ are real followers, bearing their crosses. The churches and individual christians make compromises at every step to avoid the cross. We have invented theological explanations for such evasion of the cross. Without the cross, Christianity is no different from any other religion. Jesus came with the unique message that God is love; God's love is beyond our sense of justice; and that God is a Father who really suffers for us. The only way to manage the affairs of God's creation successfully, is to accept the method of love - love that is prepared to be crucified - and to apply it in practice in all our dealings.


Selwyn Hughes continues the study on followership by dealing with ten characteristics of Jesus, that we must follow.

(1) Servanthood (2) Readiness to forgive injuries (3) Single - mindedness (4) Joy (5) Poise in the midst of pressure and antagonism (6) Ability to turn negatives into positives (7) Ability to unfold the nature of God to the people with whom we come into contact (8) Ability to see potential in people (9) Courage (10) Constant communion with the Father.

These characteristics are not at all evident in churches and christian groups at present. Our episcopal heads and leaders follow the pattern of authority and pomp similar to Roman emperors. Servanthood is only in words. We litigate and fight for all sorts of things and rely on the State to settle disputes in churches, and between churches. Nobody considers evangelism as our primary responsibility. Prayer life and waiting on God are being purched out by other activities and crowded schedules. In this situation, there is great need to focus our thoughts on 'followership' in Kerala churches also.

It does not need great organisations or ecclesiastical support and approval. The effort can start in small groups. There who are concerned about this aspect can meet together to discuss how they can be real followers of Christ in their day -to- day life. In the present situation of competitive rivalry, corruption and quest for unlimited material progress, the problems will appear beyond solution. But if we meet together for God's guidance, with the Bible as our guide, I feel sure that problems will not be unsurmountable. We need not be great theologians for that. After all, Jesus selected as his disciples, very ordinary people, and they proved to be equal to the great task. It needs only willingness and dedication on our part.

It is gratifying that many such groups are meeting in different parts of the world, trying to put into practice christian standards in their daily life. For example: In Singapore, a large number of 'cell - groups' have evolved from the background of Baptist churches. In Europe and America, in addition to small groups of lay people meeting regularly, there are groups of christian scholars exercising over the relevance of christianity to world problems. We should be thankful that in Kerala also, there are many prayer groups - some inter-denominational and without ecclesiastical leadership. But, I wonder whether any of them are exercised over the applicability of christianity in our day - to day - life, and in the solution of all the problems in our social and political life also. **We will be effective in our evangelism only if we can intelligently apply christianity in our everyday life, and demonstrate how Christ is our leader, and we are His true followers.** Educated christian youth have a great responsibility in this. They can follow the study and discussions going on in other parts of the world through the Internet and other media, and share it with fellow- Christians here. 'New Vision,' I hope, will prove to be a great avenue of service in this process. ●



# പോണാൽ എക്യുമെനിസം

**ഫാദർജി**

## ആത്മിയം മുഴുവൻ എൻെറ തൊപ്പിക്കുള്ളിലാണെന്ന് ഊറ്റം കൊള്ളുന്ന, ചിന്ത മുരടിച്ച ആത്മിയനേതാക്കന്മാരെ തള്ളി മറിച്ചിട്ടാലേ റിവൈവലിസം നടക്കൂ.

എൻെറ ഒരു റവ. ആത്മസുഹൃത്ത് ഒരിക്കൽ ചൂടായി.

'എന്തിന്?''

തൻെറ പൗരോഹിത്യ ജീവിതത്തിൻെറ നല്ലൊരു സമയം എക്യുമെനിക്കൽ സമ്മേളനങ്ങൾക്കുവേണ്ടി ചെലവഴിച്ച, പൊതുവെ ശാന്തപ്രകൃതനായ, കശ്ശീശ വല്ലാതെ ചൂടായി.

'എന്തിനാണെന്നോ?'

എക്യുമെനിക്കൽ സമ്മേളനങ്ങളിൽ പങ്കെടുത്ത് വിശാല മനോഭാവങ്ങൾ പ്രകടിപ്പിക്കുന്നവർ കാര്യത്തോടടുക്കുമ്പോൾ മൗലികവാദവും സ്വജനപക്ഷപാതവും പ്രകടിപ്പിക്കുന്നതു കണ്ടാണ് നിഷ്കളങ്കനായ അച്ചൻ ചൂടായത്. അതു കണ്ടപ്പോൾ, സത്യം പറഞ്ഞാൽ, എനിക്ക് വിശാലമായി ഒന്ന് ചിരിക്കണമെന്ന് തോന്നി.

'അതെന്താ താങ്കൾ ചിരിക്കുന്നത്?'

എൻറച്ചോ, എക്യുമെനിസം എന്നു പറഞ്ഞാൽ അത്രയ്ക്ക് സീരിയസായ പരിപാടിയണെന്നാണോ അച്ചൻ കരുതിയിരിക്കുന്നത്? നമ്മുടെ നാട്ടിലെ നെയ്പറ്റുള്ള അച്ചായന്മാർ വൈകുന്നേരം ഇറ്റ് സ്മോളടിക്കുവാനും, സൈറ്റടിക്കുവാനും വേണ്ടി നടത്തുന്ന നിശാക്ലബ്ബുകളില്ലേ, അതുപോലൊരു പൊങ്ങച്ചപ്പരിപാടിയാണിത്. ആകാശങ്ങളിലിരിക്കുന്ന ബാവയും ചൊല്ലി തുടങ്ങി കുറെ ഹൈഫൈ തിയോളജി കസർത്തും നടത്തി, 'പങ്കിടണം', 'ദൈവ സ്നേഹം, 'സഹിഷ്ണുത,' 'ഷെയറിംഗ്', 'ദളിത്', 'എക്കോളജി' തുടങ്ങിയ തുറുപ്പു ചീട്ടുകൾ ശാപ്പാടിൻെറ സമയം വരെ കശക്കി എറിഞ്ഞ്, ഫൈവ് കോഴ്സ് മീൽസും വെട്ടിവിഴുങ്ങി 'ഹായ്' പറഞ്ഞു പിരിയുന്ന കുരിശിൻെറ ആൾക്കാരുടെ ഒരു തമാശയല്ലേ അച്ചോ ഇത്?

എന്നിനാണച്ചോ ഈ സഭകൾ തമ്മിലടുക്കുന്നത്? കത്തോലിക്ക തറവാട്ടീന്ന് മുണ്ടും മടക്കിക്കുത്തി ലൂതർ മാമ്മൻ ചവിട്ടി ഇറങ്ങിപ്പോയത് ദൈവനിശ്ചയമല്ലെന്ന് നെഞ്ചത്തു കൈ വച്ച് അച്ചനു പറയുവാൻ കഴിയോ? കത്തോലിക്ക സഭയിലെ അപ്രമാദിത്വവും പോപ്പിൻെറ തോന്ന്യാസവും അവസാനിപ്പിക്കുവാൻ ദൈവം നട്ടെല്ലു കൊടുത്തയച്ച ടെറർ ആയിരുന്നില്ലേ ലൂതർ. ആ ഭിന്നിപ്പിൽ നിന്ന് എത്രയോ പുത്തൻ ക്രൈസ്തവ ആശയങ്ങൾ മുളച്ചു വന്നു. അതിനുമുമ്പ് എല്ലാത്തിൻെറം കൂമ്പു നുള്ളുകയായിരുന്നില്ലേ?

ഭിന്നത ആത്മിയ വളർച്ചയ്ക്ക് ആവശ്യമാണച്ചോ.

ആത്മിയ വളർച്ച എല്ലാവരുടെയും അവകാശമാണ്. അതിന് അധികാരത്തിലിരിക്കുന്ന പൗരോഹിത്യ സ്ഥാനികൾ തടസ്സം നിൽക്കുമ്പോൾ, വാതിലു തടയുമ്പോൾ, ഭിന്നിക്കാൻ ദൈവം ഗ്രീൻ സിഗ്നൽ കൊടുക്കും. പിന്നെ ക്ലാഷാണ്, ടോട്ടൽ ക്ലാഷ്!

സമാധാനം ആവശ്യമാണ്. സമാധാനം ഉണ്ടാക്കുന്നവർ ദൈവത്തിൻെറ പുത്രന്മാരുമാണ്. പക്ഷെ പൊള്ളയായ സമാധാനത്തിനുവേണ്ടി അഭിമാനവും സർഗശക്തിയും മൂല്യബോധവും അടിയറ വയ്ക്കുന്നത് ഒരു തരം അധാർമ്മികമായ കീഴടങ്ങലാണ്. അവിടെ വാൾ തന്നെയാണ് വേണ്ടത്. വാക്കുകൾ കൊണ്ടുള്ള വാൾപ്പയറ്റ്.

ചെളി ചവിട്ടിക്കുഴച്ചുകൊണ്ടു നിന്ന ആളുകളേയും വിളിച്ചുകൊണ്ട് ഫറവോനെതിരെ പോരിന് ചെല്ലാൻ മോശയെ തള്ളി വിട്ടത് നമ്മുടെ ദൈവം തന്നെയല്ലേ? മോശ കുറച്ചുനാൾ ഫറവോൻെറ അടുത്ത് ചമ്രം പടിഞ്ഞിരുന്ന് എക്യുമെനിസം പറഞ്ഞു നോക്കിയതാണ്.


മനുഷ്യനിൽ വിപ്ലവാശയങ്ങൾ വിതയ്ക്കുന്നത് പരിശുദ്ധാത്മാവാണ് – പുതിയ ചിന്ത, പുതിയ ജീവിതശൈലി, പുത്തൻ നേതൃത്വം. ആത്മിയം മുഴുവൻ എൻെറ തൊപ്പിക്കുള്ളിലാണെന്ന് ഊറ്റം കൊള്ളുന്ന, ചിന്ത മുരടിച്ച ആത്മിയ നേതാക്കന്മാരെ തള്ളി മറിച്ചിട്ടാലേ റിവൈവലിസം നടക്കൂ.

തലയിലിത്തിരി തലയുള്ളവർ കൂടുന്നിടത്തൊക്കെ ഭിന്നാഭിപ്രായങ്ങളുണ്ടാകും. സംഘടനയിൽ, കുടുംബത്തിൽ, രാഷ്ട്രീയത്തിൽ ഒക്കെ ഭിന്നിപ്പില്ലേ? ഒരു രാഷ്ട്രീയ കക്ഷി ഭിന്നിച്ച് ഒടുവിൽ നേതാവ് മാത്രമായപ്പോൾ അയാൾ ഒരു ഈർച്ചവാളിൻെറ മുമ്പിൽ ചെന്ന് 'എനിക്ക് പിളരണം' എന്നു പറഞ്ഞത് അച്ചൻ കേട്ടിട്ടില്ലേ?

അച്ചോ, സഭകളുടെ സമ്മേളനമൊക്കെ ഒരു എൻറർടെയിൻമെൻറായി എടുത്താൽ മതി. മനസ്സിനു ചുറ്റും സങ്കുചിത ചിന്തയുടെ മതിലും കെട്ടി എക്യുമെനിസത്തിനു വരുന്ന വിവിധ സഭാനേതാക്കന്മാർ പ്രമേയം പാസാക്കുമ്പോഴും ഒരുമിച്ചിരുന്നു ഫോട്ടോ എടുക്കുമ്പോഴും അച്ചനെപ്പോലുള്ളവർ വളരെ സിൻസിയറായി ചിന്തിച്ചുപോകും. വെറും ആത്മിയ തമാശകളല്ലേ, അച്ചോ ഇതൊക്കെ. അതിൽ പങ്കെടുക്കുന്നവർക്കൊക്കെ സ്വന്തം സഭ മാത്രം വലുത്, അതിന് നാല് ഫോറിൻ തുട്ടു കിട്ടാനു ള്ള വഴിയെന്ത്, ഔദ്യോഗിക കസേരയിലെ തൻെറ സ്ഥാനം എങ്ങനെ നിലനിർത്താം, തടങ്ങിയ കാര്യങ്ങൾ മാത്രമാണ് ശ്രദ്ധ.

താത്പര്യമില്ലാതെ ചിരിച്ചും പൊള്ളയായ സ്നേഹത്തിൻെറ വിശേഷണങ്ങൾ ഉപയോഗിച്ചും വെറും ഹിപ്പോക്രസി നാടകം അഭിനയിച്ചും ഇത്തരം സമ്മേളനത്തിൽ പങ്കെടുത്തിട്ട് സഭയ്ക്ക് എന്തു പുണ്യം കിട്ടാനാണ്? മറ്റു സഭകളെക്കുറിച്ചു മനസ്സിലാക്കുവാൻ അവരുടെ പ്രസിദ്ധീകരണങ്ങളും റിസർച്ച് കമ്മ്യൂണിക്കേഷനും വായിച്ചാൽ മതിയല്ലൊ?

അത്താഴപ്പട്ടിണിക്കാരും മുഴുപ്പട്ടിണിക്കാരും കോടിക്കണക്കിനുള്ള നമ്മുടെ രാജ്യത്ത് കോടികൾ പൊടിച്ച് എക്യുമെനിക്കൽ കസർത്തു നടത്തുന്നതിൽ പങ്കെടുത്ത് ആ പാഴ്ചെലവിൽ മാപ്പുസാക്ഷിയാകുന്നതെന്തിനാ സുഹൃത്തേ? ●



# Communal Harmony - A Woman's Response

**It is the individual who is the back bone of the nation, the pivot of all social activity. Therefore, it should be the mind-set of the individual that has to change in order to bring about peace and communal harmony.**

**SUSAN JACOB, CHENNAI**

Is this the beginning or the end? I wonder! Are we ripping apart the very fabric of society by destroying basic human values that form the warp and the weft of everyday life?

**Where has Love gone?**

**Why am I alive,** if all I can think about is my family, my relatives, my religion and my community?

**Why do I learn and amass a number of degrees,** if all I can teach, write and speak is about intolerance, fanaticism and a strange kind of fascism?

**Why am I an expert in Science and Technology,** if all I can design and manufacture are weapons of war and destruction?

**Why am I in Trade and Commerce,** if my business results in exploiting the poor for my gains?

**Why am I a leader,** if all I can do is churn out false promises to gullible masses and thrive on corruption and deception?

**Why am I a Christian**, if all I can do is silently watch the world go by?

**Why am I an Indian,** if I cannot harmonise and blend peacefully within the mosaic of varying cultures, religions and languages that add substance, colour and dynamism to the Indian subcontinent?

**Why am I a Woman,** if I cannot make the most of my womanhood to inculcate values and sound principles in my children and in the people with whom I interact?

Questions, questions galore! Whenever in dilemma, I always try to analyse by putting questions to myself, and from these hard-hitting questions, the pattern that emerges is that-

It is the individual who is the back bone of the nation, the pivot of all social activity. Therefore, it should be the mind-set of the individual that has to change in order to bring about peace and communal harmony. And if it is the Individual, who has to change? Then the instrument of change, can very well be a woman, because, it is the mother, who is the first person her child comes into contact with!

From that emotional moment when the child reaches across for the reassuring presence of its mother, the child starts learning and absorbing all that he can from the mother. The mother helps that little bundle of mystery, that little child, to grow into a big mature person, who can handle life and help others also. Thus the mother makes a contribution not only to another life, but also to future generations.

What a tremendous responsibility God has entrusted us with! we are builders of character, we are entrusted with the responsibility of setting the whole gamut of human responses in the right perspective - we mould society - we build TOMORROW, TODAY!

Then why don't we turn our attention to this task with prayerful care?. Surely we need the grace of God and profound understanding to handle Gods' children?. We need to build the edifice of the life of our children on the foundation of sound values and love for peace, not forgetting that on life's road "we are not islands unto ourselves"- we have to travel along with myriads of people helping one another, respecting each other, understanding the cultural, religious and linguistic sentiments of others, so that we live together in harmony and yet, preserve the rich traditions of each sub - culture.

Years ago, when the WCC-NCCI conducted a consultation on "Christian education in a Multi-faith society", Christian educators from various denominations agreed that if children were taught to understand and respect the tenets of another religion, then, it would be an investment in the furture. It would guarantee fruitful returns, in terms of "Peaceful Tomorrows".

The level at which such education should be introduced and "how much" of it has to be introduced, in order to get a comprehensive overview of other religions, was decided on. The Sunday School texts, incorporating these lessons are ready and samples were distributed to all Churches in India by the NCCI. By this we hope that, when the children reach the cross-roads of life, they will make the right choices that help them to maintain an equilibrium of peace and harmony, that they will cast their vote for peace instead of conflict.

Thus we see that as mothers, educators, professionals or businessmen we are called to be good role-models, character builders, counsellors and doves with the Olive branch. ●



# നിങ്ങളുടെ സംഭാഷണത്തിനു വിലയുണ്ടോ?

## രക്തയോട്ടം നിന്നാൽ വ്യക്തികളേ മരിക്കുകയുള്ളു. പക്ഷേ, ആശയ വിനിമയം നിലച്ചാൽ സ്ഥാപനങ്ങളും, കുടുംബങ്ങളും, സമൂഹം തന്നെയും നശിച്ചുപോകും.

ജോർജ് ബഹനാൻ. റ്റി.
(കൗൺസലർ തെറാപ്പിസ്റ്റ്)

ഒരു ബസ്സിൽ കയറാൻ ക്യൂ നിന്നവരിൽ ഒരാൾ കണ്ടക്ടറോട് ചോദിച്ചു: 'സാർ, ഈ ബസ് എത്ര മണിക്ക് പോകും'. കണ്ടക്ടർ പറഞ്ഞു: 'രണ്ടു മണി'. യാത്രക്കാരൻ ആകാംക്ഷയോടെ പറഞ്ഞു: 'രണ്ടു മണിയോ'. കണ്ടക്ടർ പറഞ്ഞു: "എന്താ, രണ്ടു മണി എന്ന് കേട്ടിട്ടില്ലേ". പിന്നെ യാത്രക്കാരൻ പ്രതികരിക്കാഞ്ഞതുകൊണ്ട് സന്ദർഭം വഷളായില്ല. കൃത്യം രണ്ടു മണിക്ക് യാത്ര തുടങ്ങി.

* * * *

ഓഫീസിൽ പോകാൻ ഒരുങ്ങുന്ന ഒരു ഭർത്താവ് അടുക്കളയിൽ ഭാര്യയോട് ചോദിച്ചു: "വല്ലതും കഴിക്കാൻ റെഡിയായിട്ടുണ്ടോ". "ഞാനീ ചെയ്യുന്നതൊക്കെ കാണരുതോ", ഭാര്യ പ്രതികരിച്ചു. വേലക്കാരില്ലാതെ, തനിയെ ജോലിയെല്ലാം ചെയ്യുന്ന ഭാര്യയുടെ വിഷമം അറിയുന്ന ഭർത്താവ് പ്രതികരിച്ചില്ല. ഭക്ഷണം കഴിഞ്ഞ് അയാൾ ഓഫീസിലേക്ക് പോയി.

* * * * *

ഈ രണ്ടു സന്ദർഭങ്ങളിലെയും സംഭാഷണത്തിൽ ആശയവിനിമയത്തിന് തടസ്സമുണ്ടായി. ആശയവിനിമയത്തിനുള്ള തടസ്സമാണ് (Communication gap) ഇന്നത്തെ വലിയൊരു പ്രശ്നം. ഓഫീസറും, കീഴുദ്യോഗസ്ഥനും, പ്രിൻസിപ്പലും അദ്ധ്യാപകരും, ഭർത്താവും ഭാര്യയും, മാതാപിതാക്കളും മക്കളും ഒക്കെ തമ്മിലുള്ള ആശയവിനിമയത്തിലുണ്ടാകുന്ന തടസ്സം സങ്കീർണ്ണമായ പ്രതിസന്ധിയാണ് ഉണ്ടാക്കുന്നത്. വ്യക്തിബന്ധങ്ങളുടെ മന:ശാസ്ത്രം ആഴമേറിയതാണ്. വ്യക്തി ബന്ധങ്ങൾക്ക് അർത്ഥവും ആരോഗ്യവും ഉണ്ടാക്കാൻ പല അംശങ്ങൾ ആവശ്യമാണ്. അതിൻ പ്രധാനം സംഭാഷണം തന്നെ. സംഭാഷണങ്ങൾക്ക് അർത്ഥവും, ആത്മാർത്ഥതയും ഉണ്ടാകുമ്പോൾ മനുഷ്യ ബന്ധങ്ങളുടെ മേൻമ വർദ്ധിക്കും. ആശയവിനിമയം അവതാളത്തിലായാൽ മനുഷ്യശരീരത്തിൽ രക്തയോട്ടം നിലച്ചാലുള്ള അനുഭവമാണ്, മരണം. രക്തയോട്ടം നിന്നാൽ വ്യക്തികളേ മരിക്കുകയുള്ളു. പക്ഷേ, ആശയ വിനിമയം നിലച്ചാൽ സ്ഥാപനങ്ങളും, കുടുംബങ്ങളും, സമൂഹം തന്നെയും നശിച്ചുപോകും.

അപ്പോൾ സംസാരിക്കാൻ, സംഭാഷണം നടത്താൻ, പഠിക്കണം. *സംഭാഷണം ഒരു കലയാണ്, ശാസ്ത്രമാണ്. നല്ല സംഭാഷണത്തിന് ധാരാളം സാദ്ധ്യതകളുണ്ട്.* നാമുപയോഗിക്കുന്ന വാക്കുകൾ, വാക്കിന്റെ അർത്ഥവ്യാപ്തി, വാക്കുകൾ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന മുഖഭാവം, വാക്കുകൾക്ക് കൊടുക്കുന്ന ഊന്നൽ ഇതെല്ലാം സംഭാഷണത്തിന്റെ ഗതിയെ മാറ്റിമറിക്കും.

സംഭാഷണം അർത്ഥവത്താക്കാൻ മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കണം.

മകൻ: ഞാൻ പരീക്ഷ മോശമായിട്ടാണ് എഴുതിയത്.

അച്ചരൻ: പരീക്ഷ മോശമായിട്ടെഴുതിയാൽ തോല്ക്കും.

ഈ സംഭാഷണത്തിൽ അച്ചരന്റെ പ്രതികരണം ഒട്ടും തന്നെ ക്രിയാത്മകമല്ല. അച്ചരനും മകനും തമ്മിൽ വാക്കുകൾ കൊണ്ടൊരു സ്റ്റണ്ടിനു തന്നെ സാദ്ധ്യതയുണ്ട്. ഇങ്ങനെയുള്ള വിരുദ്ധ സംഭാഷണം (crossed transaction) തീർത്തും ഒഴിവാക്കാൻ പഠിക്കണം. മകന്റെ വാക്കുകൾക്ക് അച്ചരന്റെ പ്രതികരണം ഇങ്ങനെയാകാമായിരുന്നു: 'സാരമില്ല, പരീക്ഷയിൽ അതൊക്കെ സാധാരണമല്ലേ, ഇനിയും നന്നായി പഠിച്ചെഴുതാമല്ലോ". *ഉത്തേജനം നല്കുന്ന ക്രിയാത്മകമായ പ്രതികരണം നല്ലൊരന്തരീക്ഷം സൃഷ്ടിക്കും.* ഇതിനെ സമാന്തര സംഭാഷണം (Complimentary transaction) എന്നു പറയാം. സംഭാഷണം സമാന്തരമായാൽ അത് തുടർന്ന് നടക്കും.

എ: നിന്റെ ഹെയർസ്റ്റൈൽ വളരെ നന്നായിരിക്കുന്നു.

ബി: ഒന്നു സോപ്പിടാതെ പോടാ.

ഈ സംഭാഷണത്തിൽ ബി-യുടെ പ്രതികരണം 'താങ്ക്യൂ' എന്നാണെങ്കിൽ സംഭാഷണം സമാന്തരമാകും. അല്ലെങ്കിൽ മുകളിൽ കൊടുത്തിരിക്കുന്ന വിരുദ്ധ സംഭാഷണം തുടർന്നുപോകാൻ വിഷമം വരും.

'അപ്പൻ എങ്ങോട്ടാ പോകുന്നത്'. 'ഞാൻ പോകുന്ന വഴിയെല്ലാം നിന്നോടു പറഞ്ഞിട്ടു വേണോ പോകാൻ'. ഈ സംഭാഷണം നടത്തിയ രണ്ടുപേരും ഇന്ന് ജീവിച്ചിരിപ്പില്ലെങ്കിലും ഈ വിരുദ്ധ സംഭാഷണത്തിന്റെ തീവ്രത എന്തു മാത്രം ഉണ്ടെന്ന് ചിന്തിച്ചു നോക്കൂ. 'ഞാൻ ചന്തയിൽ പോകുന്നു,' അല്ലെങ്കിൽ 'പള്ളിയിൽ പോകുന്നു', അങ്ങനെ എന്തെങ്കിലും ഒരു മറുപടി പറഞ്ഞിരുന്നെങ്കിൽ ആ സംഭാഷണം മനോഹരമാകുമായിരുന്നു.

ഈ ലേഖനത്തിന്റെ ആദ്യം കൊടുത്തിരിക്കുന്ന രണ്ടു സംഭാഷണങ്ങളും വിരുദ്ധ സംഭാഷണങ്ങളാണ്. വഴിമുട്ടി നിൽക്കുന്ന ആ രണ്ടു സംഭാഷണങ്ങളും എങ്ങനെ ക്രിയാത്മകമാക്കാം എന്നു ചിന്തിക്കൂ.

ചില സംഭാഷണങ്ങൾ ഒളിച്ചു വച്ചുള്ള സംഭാഷണങ്ങ (Ulterior transaction) ളായി മാറാം. സംഭാഷണത്തിൽ അന്യോന്യം അടിച്ചിരുത്താനുള്ള ഒരു വകുപ്പു കൂടി ഒളിച്ചുവച്ചിട്ടുള്ള സംസാരം. ഒരു ഗ്രൂപ്പിൽ ജോയി അവരുടെ വിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു വിഷയം ഉന്നയിച്ചു. അപ്പോൾ അതേ ഗ്രൂപ്പിലെ ജെയിംസ് അതേറ്റു പിടിച്ചു.

ജെയിംസ്: നീ ഇവിടെയെങ്ങുമല്ലേ?

ജോൺ: ഞാൻ ഇവിടെത്തന്നെയുണ്ട്.

ഇവിടത്തെ ഒളിച്ചുവച്ചുള്ള സംഭാഷണത്തിന്റെ ഉദ്ദേശ്യം ഇതല്ലേ?

ജെയിംസ്: നീ ഇവിടെയെങ്ങുമല്ലേ? (നീ മണ്ടനാ)

ജോൺ: ഞാൻ ഇവിടെത്തന്നെയുണ്ട്. (ഞാൻ നിന്നെക്കാൾ മിടുക്കനാണ്)

ഇങ്ങനെയുള്ള സംഭാഷണരീതിയിൽ ആരും ഒന്നും നേടുന്നില്ല. അന്യോന്യം വേല വച്ചു എന്ന സംതൃപ്തി മാത്രം മിച്ചം.


നമ്മൾ സംഭാഷണം നടത്തുന്നത് മറ്റുള്ളവരെ വേല വയ്ക്കാനും, താറടിക്കാനും, പൊങ്ങച്ചം പറയാനുമാണ്. സംഭാഷണത്തിന്റെ അനന്തസാദ്ധ്യതകളെപ്പറ്റി ആർക്കും അവബോധമില്ല. നമ്മുടെ സംഭാഷണം മറ്റുള്ളവർക്ക് ശക്തിയും, ധൈര്യവും, സമാധാനവും, സന്തോഷവും, ഉത്തേജനവും കൊടുക്കണം.

നമ്മുടെ സംഭാഷണത്തിന് ശക്തിയില്ല, അർത്ഥമില്ല, ലക്ഷ്യവുമില്ല. കുറച്ചു പറയുക, കൂടുതൽ അർത്ഥവ്യാപ്തി ഉണ്ടാക്കുക- കർത്താവിന്റെ സംഭാഷണങ്ങളുടെ പ്രത്യേകത അതാണ്. അർത്ഥശങ്കയില്ലാത്ത വാക്കുകൾ. വളരെ പ്രമാദമായ ചോദ്യത്തിന് കർത്താവ് വളരെ പരിമിതമായ വാക്കുകളിൽ ഉത്തരം കൊടുക്കുന്നു, 'കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ'. പരീശൻമാർക്ക് ആശ്ചര്യമുണ്ടാക്കിയ ഉത്തരം. കർത്താവിന്റെ സംഭാഷണങ്ങളുടെ എല്ലാ അംശങ്ങളും വളരെ ആഴത്തിൽ പഠിക്കേണ്ടതാണ്. അത്തിമരത്തിലിരുന്ന സഖായിയോട് കർത്താവ് ഒരു സംഭാഷണം തുടങ്ങിവച്ചു. ആ സംഭാഷണം ഒരു വലിയ മാറ്റത്തിന് കാരണമായി. അതേ സഖായിയോട് കർത്താവിന്റെ സ്ഥാനത്ത് നിങ്ങൾ എന്തു പറയുമായിരുന്നു എന്ന് ചിന്തിക്കുന്നത് രസകരമാണ്. നമ്മുടെ പട്ടക്കാരും ജനങ്ങളും കർത്താവിന്റെ സംഭാഷണരീതി ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. എന്തു മാത്രം കലഹങ്ങൾ അത് ഒഴിവാക്കും. അതിന് യേശുക്രിസ്തുവിലുള്ള ഭാവം നമ്മളിലുണ്ടായിരിക്കണം. ●

# യു.സി.എം.
## - തലസ്ഥാനനഗരിയിലെ എക്യുമെനിക്കൽ പ്രസ്ഥാനം

**യു.സി.എം.** എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെൻറ് ഇന്ന് കേരള തലസ്ഥാനത്തെ ക്രൈസ്തവർക്കു ഏറെ പരിചിതമാണ്. കാലം ചെയ്ത ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ നേതൃത്വത്തിൽ 1950-ൽ രൂപംകൊണ്ട ഈ പ്രസ്ഥാനം ഐക്യ ക്രിസ്മസ് ആഘോഷങ്ങൾ മാത്രം നടത്തുന്ന ഒരു സംഘടനയായിട്ടാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ 1990 മുതൽ അതിന്റെ പ്രവർത്തനമേഖലകൾ വിസ്തൃതമാക്കുന്നതിനും വേണ്ടി യു. സി. എം. എന്ന പേരിൽ വ്യവസ്ഥാപിത രീതിയിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമായി മാറ്റുകയുണ്ടായി.

കത്തോലിക്ക – ഓർതഡോക്സ് – യാക്കോബായ – മാർത്തോമ്മ – സി. എസ്. ഐ –സാൽവേഷൻ ആർമി – ലൂഥറൻ തുടങ്ങി പന്ത്രണ്ടോളം സഭാവിഭാഗങ്ങളിലെ അത്മായക്കാർ അംഗങ്ങളായും വിവിധ സഭാ മേലദ്ധ്യക്ഷന്മാർ രക്ഷാധികാരികളായുമുള്ള ഈ



ഷെവ. കോശി എം. ജോർജ്
തിരുവനന്തപുരം

ഐക്യ ക്രിസ്തീയ കൂട്ടായ്മയെപ്പറ്റി കേരളത്തിലെ ക്രൈസ്തവർ അറിഞ്ഞിരിക്കേണ്ടതത്രെ.

അക്രൈസ്തവരുടെ ഇടയിൽ യഥാർത്ഥ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുവാൻ യു. സി. എം, അംഗങ്ങളെ ആഹ്വാനം ചെയ്യുന്നു. ക്രൈസ്തവ ഐക്യം അധര വ്യായാമത്തിൽ മാത്രം ഒതുക്കി നിർത്താതെ പ്രവൃത്തി പഥത്തിലേക്കു കൊണ്ടുവരിക, നിർദ്ധനരേയും നിരാലംബരേയും ജാതിമതഭേദമെന്യേ ശുശ്രൂഷിക്കുക, വർഗ്ഗീയ സൗഹാർദ്ദം, ദേശീയ അഖണ്ഡത, ലോക സമാധാനം എന്നിവ നിലനിർത്തുക, ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കയും അതിനുവേണ്ടി പോരാടുകയും ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് യു.സി.എം. പ്രവർത്തിക്കുന്നത്. എല്ലാവർഷവും ക്രിസ്മസ്, ഈസ്റ്റർ, സെയിന്റ് തോമസ് ദിനം എന്നിവ സംയുക്തമായി ആഘോഷിക്കുന്നു. ജനുവരി 18 മുതൽ 25 വരെ ഐക്യ പ്രാർത്ഥനയും മൂന്നു മാസത്തിലൊരിക്കൽ നഗര പ്രാന്തത്തിലുള്ള ഒരു ദേവാലയത്തിൽ വച്ച് കൺവൻഷനും സെപ്റ്റംബർ മാസത്തിൽ വിപുലമായ രീതിയിൽ ഐക്യ സുവിശേഷയോഗങ്ങളും സംഘടിപ്പിക്കുന്നു.

മൂന്നുമാസത്തിലൊരിക്കൽ, നഗരത്തിലെ പ്രഗൽഭരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഉൾപ്രദേശങ്ങളിലെ പല സ്ഥലങ്ങളിലും ചെന്ന് രോഗികളെ പരിശോധിക്കയും സൗജന്യമായി മരുന്നുകൾ നൽകുകയും തുടർന്ന് വൈദ്യസഹായം ആവശ്യമുള്ളവർക്ക് അത് ഏർപ്പാടാക്കിക്കൊടുക്കുകയും ചെയ്യുന്നു. കൂടാതെ, വിവിധ ആതുരാലയങ്ങൾ സന്ദർശിച്ച് അർഹരായവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ഇടവക തലത്തിലും സ്കൂൾ, കോളജ് തലങ്ങളിലും വാർഷിക കലാമൽസരങ്ങൾ നടത്തി സർഗ്ഗ പ്രതിഭകളെ ആദരിക്കുവാനും യു.സി.എം. ശ്രദ്ധയ്ക്കുന്നു.

ഭിന്നതകളേക്കാളുപരി, ക്രൈസ്തവർക്ക് യോജിക്കാവുന്ന മേഖലകൾ അനേകമാണെന്ന് വിളിച്ചറിയിക്കുന്ന പ്രവർത്തനശൈലിയുടെ ഉടമകളായ അത്മായ നേതാക്കൾ ഈ പ്രസ്ഥാനത്തിന്റെ ഭാരവാഹികളായി പ്രവർത്തിക്കുന്നു. നമ്മുടെ കർത്താവിന്റെ മഹാപുരോഹിത പ്രാർത്ഥനയുടെ സാരാംശം ഉൾക്കൊണ്ട് ക്രിസ്തുവിൽകൂടി പിതാവിൽ ഒന്നായിത്തീരുവാനുള്ള ആഹ്വാനത്തിന്റെ മാറ്റൊലി കേരളത്തിന്റെ ഇതര ഭാഗങ്ങളിലേക്കു വ്യാപിക്കുവാനും, തദ്വാരാ, ദൈവനാമം മഹത്വപ്പെടുവാനും ഇടയാകട്ടെ.

*(തുമ്പ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിലെ പ്രോജക്ട് മാനേജരാണ് ലേഖകൻ)* ●



# യാത്ര തീരുന്നില്ല...

**യോഹന്നാൻ മാത്യു**

അനന്തമായ യാത്ര! ഇത് എപ്പോൾ ആരംഭിച്ചെന്നറിയില്ല. എങ്ങോട്ടെന്നും.

ചിരപരിചിതമായ വഴികൾ, സ്ഥലങ്ങൾ, വ്യത്യാസമേയില്ല.

പക്ഷേ, ആളുകൾ കണ്ടതായി പോലും ഭാവിക്കുന്നില്ലല്ലോ. ഞാൻ അറിയുന്നവർ, വളരെ ഇടപെട്ടിട്ടുള്ളവർ എന്താണ് എന്നെ തിരിച്ചറിയാത്തത്? അത്രയ്ക്കു ഞാൻ വ്യത്യാസപ്പെട്ടോ? പ്രായം അത്രയ്ക്കായില്ലല്ലോ. പിന്നെ വേഷം? എത്രയോ നാളായി ധരിക്കുന്നതാണ്.

അതാ, അവിടെ മുക്കിന് കുറെ ആളുകൾ കൂടിനില്ക്കുന്നു. ഏതോ അപരിചിതനോ ഭ്രാന്തനോ എന്നപോലെയാണല്ലോ എന്നെ നോക്കുന്നത്?

അതിലൊരാളെ - സിൽക്കു ജൂബയിട്ട, റെയിബൻ ഗ്ലാസു വച്ച, കഴുത്തിൽ സ്വർണ്ണമാലയിട്ട ആളെ നല്ല മുഖ പരിചയം. ഒരു പരിഹാസഭാവത്തിൽ എന്നെ നോക്കുന്ന ആ ആളിനെ നല്ല പരിചയം തോന്നിക്കുന്നല്ലോ!

ശരിയാണ്, അയാൾക്ക് എന്നെ ഒരിക്കലും മറക്കാൻ സാധിക്കയില്ല. ഏതാണ്ട് 35 വർഷങ്ങൾക്കു മുമ്പ് എൻെറയൊരു ഉറ്റ സുഹൃത്ത് കൂട്ടിക്കൊണ്ടു വന്ന് പരിചയപ്പെടുത്തിയ ആൾ.

ആ സംഭവം ഞാനോർക്കുന്നു: "ഇദ്ദേഹം എൻെറ വളരെ അടുത്ത ആളും, അയൽക്കാരനും, ഒരു തരത്തിൽ പറഞ്ഞാൽ ബന്ധുവും - നല്ല സൗകര്യത്തിൽ കഴിഞ്ഞിരുന്ന ഒരു കുടുംബത്തിലെ അംഗം. പക്ഷേ, ഇപ്പോൾ വളരെ ബുദ്ധിമുട്ടിലാണ്. അദ്ദേഹത്തിന്, അങ്ങയുടെ ഒരു ചെറിയ സഹായം വേണം. അങ്ങയെക്കൊണ്ടേ അത് സാധിക്കയുള്ളു. ഞാൻ പറഞ്ഞാൽ ചെയ്യുമെന്ന് ഉറപ്പുള്ളതിനാൽ കൊണ്ടുവന്നതാണ്".

സ്നേഹിതൻ അത്യധികം പരവശനായും ദു:ഖിതനായും കണ്ടു. എനിക്ക് സഹതാപം തോന്നി.

"ശരി, എന്നാൽ കഴിവതു ചെയ്യാം', ഞാൻ പറഞ്ഞു. 'എൻെറ പൊന്നു സാറേ, ഉപേക്ഷിക്കല്ലേ; ഞങ്ങൾക്ക് മറ്റൊരു നിവൃത്തിയുമില്ല' എന്ന് ദയനീയമായി പറഞ്ഞപ്പോൾ ഞാൻ കൂടുതൽ ആർദ്രഹൃദയനായി.

'എന്നാൽ നമുക്കു അത്രടം പോയി നോക്കാം,' ഞാൻ പറഞ്ഞു. അവർ വന്ന ടാക്സി കാറിൽ യാത്ര തിരിച്ചു.

ഏതായാലും ഞാൻ ഉദ്ദേശിച്ച ആൾ വീട്ടിലുണ്ടായിരുന്നു. കുശല പ്രശ്നങ്ങൾക്കുശേഷം ഞാൻ കാര്യം പറഞ്ഞു.

'എന്തിനാണ് സാറിനെ ഇങ്ങനെ ഉപദ്രവിച്ചത്? സാറിൻെറ ഒരെഴുത്ത് വാങ്ങിച്ചുകൊണ്ടുവന്നാൽ മാത്രം മതിയായിരുന്നല്ലോ'.

ഞാൻ പറഞ്ഞു, 'സാരമില്ലെന്നേ, എങ്ങനെയും കാര്യം നടക്കട്ടെ'.

'സാർ വന്നു പറഞ്ഞ കാര്യമല്ലേ? ഞാൻ വേണ്ടതു ചെയ്യാം'. "സാറേ, ഈ ഉപകാരം ഞാനും കുടുംബവും ഒരു കാലത്തും മറക്കുകയില്ല. സാർ ഞങ്ങൾക്ക് ദൈവത്തെ പോലെയാണ്. അങ്ങയെ ദൈവം സമൃദ്ധിയായി അനുഗ്രഹിക്കും, സംശയമില്ല" എന്നിങ്ങനെ കാറിൽ വച്ച് സുഹൃത്തിൻെറ ബന്ധു പറഞ്ഞു.

അതേ മനുഷ്യൻ ഇപ്പോഴെൻെറ മുമ്പിൽ നിൽക്കുന്നു! ഒരു പക്ഷേ, ഞാൻ കുറെക്കൂടി പ്രായം ചെന്നതിനാൽ അയാൾക്ക് എന്നെ മനസ്സിലാകാഞ്ഞതായിരിക്കും. അല്പം കൂടെ അടുത്തു ചെന്നാൽ ഓർക്കുമായിരിക്കും.

ഞാൻ മുമ്പോട്ടു അടുത്തു ചെന്നു. 'എന്താ, എന്തു വേണം.' ഞാൻ പുറകോട്ടു മാറി. ചോദ്യത്തിൽ ദേഷ്യവും പരിഹാസവും കലർന്നിരുന്നു.

* * * *

വീണ്ടും നടത്തം തുടർന്നു. അതേ വഴികൾ തന്നെ; സ്ഥലങ്ങളും മാറിയിട്ടില്ല. കെട്ടിടങ്ങൾ പോലും!

ആ വരുന്നത്? ഞാൻ ഓഫീസറായിരുന്നപ്പോൾ എൻെറ സഹപ്രവർത്തകനായിരുന്ന, വളരെ ഭവ്യതയോടെ മാത്രം പെരുമാറിയിരുന്ന, മാന്യവ്യക്തി - എൻെറ പിൻഗാമിയായ ഓഫീസർ. എനിക്ക് സന്തോഷവും അഭിമാനവും തോന്നി.

പക്ഷേ, അയാൾ എന്തിനാണ് എന്നെ കണ്ടപ്പോൾ കുട താഴ്ത്തിപ്പിടിച്ചത്? വെയിലിനെ മറച്ചതായിരിക്കും. അയാൾക്കും കഷണ്ടിയായല്ലോ?

'എവിടെ പോയിരുന്നു സാർ'? ഞാൻ വിനയത്തോടെ ചോദിച്ചു. പരിഹാസരൂപത്തിലുള്ള ഘനഗംഭീരമായ ഒരു നോട്ടം. ഞാൻ അല്പം ഭയപ്പാടോടെ അവിടെത്തന്നെ നിന്നു പോയി. ഓഫീസർ വേഗത്തിൽ നടന്നു നീങ്ങി.

* * * *

വല്ലാത്ത ഉഷ്ണം. നെറ്റിയിൽ നിന്നു വിയർപ്പുതുള്ളികൾ കണ്ണിലേക്കിറങ്ങി. ഒന്നും അത്ര വ്യക്തമല്ല. എവിടെയെങ്കിലുമൊന്ന് ഇരുന്നാൽ കൊള്ളാമായിരുന്നു. അത്രയ്ക്ക് ക്ഷീണം. വയസ്സുകാലത്ത് ഈ നടപ്പ് ഒഴിവാക്കേണ്ടതായിരുന്നു. പക്ഷേ, എങ്ങനെ വഴിയരികിൽ ഇരിക്കും? ചപ്പും ചവറും കൂട്ടി ഇട്ടിരിക്കുന്നു. ദുർഗ്ഗന്ധവും വമിക്കുന്നു. കാർക്കിച്ചു തുപ്പാൻ തോന്നി. പക്ഷേ, വേണ്ട. കാണുന്നിടത്തെല്ലാം തുപ്പുന്നത് തെറ്റല്ലേ? തോന്നുന്നിടത്തെല്ലാം തുപ്പുന്നത് എൻെറയൊരു വൃത്തികെട്ട സ്വഭാവമാണെന്നാണല്ലോ ഭാര്യ പറയാറുള്ളത്. ഒരിക്കൽ ഇവിടം വൃത്തിയാക്കാൻ മറ്റുള്ളവരുമായി ചേർന്ന് ശ്രമിച്ചതാണ്, ഒന്നും നടന്നില്ല. നടത്തിയില്ല, എന്നതല്ലേ ശരി?

ദൂരെ നിന്നും വെള്ള വസ്ത്രം ധരിച്ച ഒരാൾ വരുന്നെന്ന് തോന്നുന്നു. ഓ, അത് ഞങ്ങളുടെ ഇടവക വികാരിയാണല്ലൊ. ആടുകളുടെ വലിയ ഇടയനു കണക്കു ബോധിപ്പിക്കേണ്ട ചെറിയ ഇടയൻ - എന്നെ തിരിച്ചറിയും, തീർച്ച.

ഞാൻ ഭയഭക്തിപൂർവം കൈകൾ കൂപ്പി. Praise the Lord പറയുകയും ചെയ്തു. അച്ചൻ വളരെ ധൃതിയിലായിരുന്നു. അത്യാവശ്യമായ വല്ല ശവസംസ്കാരമോ, സ്നാനശുശ്രൂഷയോ കാണും, ചരിഞ്ഞൊരു നോട്ടം. അതിവേഗം അച്ചൻ നടന്നു നീങ്ങി.

* * * *

ഞാൻ യാത്ര തുടർന്നു. ദാഹം, ക്ഷീണം, പരവേശം. വയസ്സുകാലത്തു ഈ യാത്ര വേണ്ടായിരുന്നെന്ന് പിന്നെയും തോന്നി. എങ്ങോട്ടാണ് ഈ യാത്ര?, എപ്പോൾ അവസാനിക്കും?, അറിയില്ല. എങ്കിലും യാത്രതന്നെ.

അനന്തമായ യാത്ര! പരിചയമുള്ള വഴികൾ, സ്ഥലങ്ങൾ, മനുഷ്യർ. പക്ഷേ, ആരും എന്നെ തിരിച്ചറിയുന്നില്ലല്ലോ?'

"അപ്പച്ചാ, ഉറക്കം കഴിഞ്ഞില്ലേ?"

"എൻെറ യാത്ര' എവിടെ വരെ ആയി?

ങേ, ഞാൻ എവിടെയാണ്?" കണ്ണു തുറന്നപ്പോൾ കൊച്ചുമോൾ മുൻപിൽ.

"ദാ, ആൻറിബയോട്ടിക്സ് കഴിച്ചതിൻെറയായിരിക്കും- ഉറക്കം, ഉറക്കം തന്നെ",. ഭാര്യ വിളിച്ചു പറഞ്ഞു. അല്പം ക്രുദ്ധയായല്ലേ അവൾ പറഞ്ഞത്? അല്ലെന്നാശ്വസിക്കാം!

■

# CREATION

*God created the donkey and told him: 'You will work tireless from Sun up to Sun down, carrying heavy bags on your back, you eat grass, you will not Have intelligence and you will live 50 years. You will be a donkey!' The donkey answered: "I will be a donkey. But living 50 years is too much, Give me only 20 years: 'God gave him 20 years.*

***God created the dog and told him:** 'You will look after men's, you will be His best friend, you will eat whatever they give you and you, will live 25 Years. You will be a dog.'! The dog answered, 'God, living 25 years is too much, give me only 10 years.' And God gave him 10 years.*

***God created the monkey and told him:** 'you will jump from branch to branch, You will do silly things, you will be amusing and you will live 20 years. The monkey answered: God, living 20 years is too much, give me only 10 Years.' and God agreed.*

***Finally, God created man and told him:** 'you will be man, the only rational Being on this earth, you will use your intelligence to control other Animals, you will dominate the world and you will live for 20 years' The man answered: 'God , I will be man, but living 20 years is not enough. Why don't you give me the 30 years that the donkey refused, the 15 years That the dog did not want, and the 10 years that monkey refused?*

***That was what God did, and since then, man lives 20 years like a man, then He gets married and spends 30 years like a donkey, working and carrying the Load on his back, then when his children leave, spends 15 years like a dog, Looking after the house and eating whatever is given to him, then he gets Old, retires, and spends 10 years like a monkey jumping from house to house Or from children to children doing silly things to amuse the grand children.***

**Jacob Mathew, Chennai**

•


## പുതിയ പുസ്തകങ്ങൾ

**ക്രൈസ്തവ സാഹിത്യസമിതി പ്രസിദ്ധീകരണങ്ങളായ താഴെപ്പറയുന്ന പുസ്തകങ്ങൾ കൈപ്പറ്റിയിരിക്കുന്നു.**



- ഞാനിതാ യാഗമായി....(ചെറുകഥാ സമാഹാരം)
  ബാബു കൊടംവേലിൽ - വില : **30** രൂപ
- മതേതര രാഷ്ട്രത്തിലെ ക്രൈസ്തവ ദൗത്യം (പഠനം)
  റവ. ഡോ. ടി. എം. ഫിലിപ്പ് - വില : **60** രൂപ
- ക്രൈസ്തവ ബിഷപ്പുമാർ ജനകീയ പോരാട്ടങ്ങളിൽ (ജീവചരിത്രം)
  പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട് - വില : **60** രൂപ

# THE INDIAN CHURCH AT THE TURNING POINT

**K. JACOB SAMUEL**

The recent "incidents of violence against the minorities and the poor" have contributed in no small measure to the flocking together of all the Indian Churches of all hues and colours, backgrounds, cultures and languages demonstrating to the world that the Indian Church is capable of rising as one man when the need arose. It is also in the fitness of things that the Church is celebrating 20 centuries of the Church in India.

The Indian Church should be grateful to the Lord for the "extremist and fundamentalist ideology" for bringing about a semi-balance of unity at the fag end of the 20th Century. This is a turning point in the annals of history of the Indian Church. At this turning pint it is imperative that the Indian Church takes up an in-depth introspection of its programmes, strategies and activities vis-a-vis its aims and objectives. It has to necessarily consider whether religious conversion is a major objective rather than preaching the gospel to make people know of Christ, His incarnation, love for humanity, His death on the Cross and resurrection and proclaim that Christ came into the world for the entire mankind.

The Indian Church has been respected by the entire country for its contribution to the development of the country, mainly in the fields of health and education. **India is known for its respect for all religions and religious tolerance. If there arose a recent upsurge against the Church, it needs to be examined as to where exactly the shoe pinches.** The Church has to necessarily find out whether the so called "forced conversion" is a fact and whether it constitutes a major reason for the present hostility.

In this context we have to look at the provisions in the Constitution of India. Article 25 (1) of the Indian Constitution reads: *"Subject to public order, morality and health and other provisions of this part (Part -II) all persons are equally entitled to freedom of conscience and the right to freely profess, practise and propagate the religion"* Mr Alladi Kuppuswamy, former Chief Justice of Andhra Pradesh High Court says that the Constitution clearly empowers a person to preach his own religion and shifted from Christ to the crusade leader. Adoration of the creature rather than the Creator has become very conspicuous. This apart, both Christians and non-Christians ask, "Where do all these money come from?" Obviously from "the land of milk and honey". And it becomes milk and honey to those selected few.

Serious introspection is needed with regard to the role of the ecclesiastical as well as lay leaders in the changing Indian socio, political and religious scenario. Similarly, a serious re-thinking is needed about the vestment of the episcopacy particularly, except that of the Protestant churches.

The Indian Church is now asked to furnish the account of its stewardship of the two millennia. **Shock treatments are good at times to shake off the slumber. The Indian Church should be able to transform the present challenge into an opportunity.** And this great responsibility is cast on the leadership, both ecclesiastical and lay. Perhaps the most powerful gospel ever preached in India came from Mrs. Gladys Staines when her husband Mr Graham Stewart Staines and two sons were brutally murdered in Manoharpur village of Orissa.

*(The author is on the Faculty of Loyola Institute of Business Administration, Loyola College, Chennai)*

## ഹെൽത്ത് ഗിൽഡ് എന്ന മഹൽ പ്രസ്ഥാനം

സി.എം.എസ്. മിഷനറിയായി കേരളത്തിലെത്തിയ മിസ്സ് ഐറാ എം. ഡാൽട്ടൺ 1963-ൽ സ്ഥാപിച്ചതാണ് ഹെൽത്ത് ഗിൽഡ് എന്ന പ്രസ്ഥാനം. ക്ലേശപൂർണ്ണമായ ജീവിതത്തിലൂടെ വലയുന്നവർക്ക് സഹായഹസ്തം നീട്ടി, കഷ്ടതകളിലും വേദനകളിലും ദുഃഖത്തിലും അവരുമായി ബന്ധം പുലർത്തി കൂട്ടായ്മയും പ്രാർത്ഥനയും മൂലം ശരീരത്തിനും മനസ്സിനും, ആത്മാവിനും അവശ്യം ആവശ്യമായ ആരോഗ്യം കൈവരുത്തി, അവരെ കർമ്മോന്മുഖരാക്കുവാനുദ്ദേശിച്ചുള്ളതാണ് ഈ സാഹോദര്യ സമിതി. കേരളത്തിലും പുറത്തുമായി 400-ൽ പരം സ്ത്രീപുരുഷന്മാർ അംഗങ്ങളായുണ്ട്.


ഗിൽഡിന്റെ ആഭിമുഖ്യത്തിൽ "ഹെൽത്ത് ഗിൽഡ്" എന്ന ഒരു വാർത്താപത്രികവർഷത്തിൽ നാലുപ്രാവശ്യം പ്രസിദ്ധീകരിച്ചു വരുന്നു. ആത്മിയ ജീവിതം സമ്പുഷ്ടമാക്കുന്നതിനു സഹായകരമായി വിജ്ഞാനപ്രദമായ ലേഖനങ്ങൾ അതിൽ ക്രമമായി ഉൾക്കൊള്ളിക്കുന്നു. വേറെ ഇംഗ്ലീഷ്, മലയാളം പ്രസിദ്ധീകരണങ്ങളും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, പ്രയർസൈക്കിൾ (പ്രാർത്ഥനാചക്രം) എന്ന ഒരു ചെറു പുസ്തകവുമുണ്ട്. അതിൽ 31 ദിവസങ്ങളിലായി ഓരോ അംഗത്തിന്റെ പേരും താമസസ്ഥലവും ജനന തീയതിയും ചേർത്തിട്ടുണ്ട്. പ്രാർത്ഥനാചക്രം എന്ന പേര് അന്വർത്ഥമാക്കുമാറ്, ചക്രം ഒന്നു കറങ്ങുമ്പോൾ പന്ത്രണ്ടുപ്രാവശ്യം അംഗങ്ങൾ പരസ്പരം പ്രാർത്ഥനയിൽ സ്മരിച്ചുകഴിഞ്ഞിരിക്കുമെന്നത് ഒരു സവിശേഷതയല്ലയോ? ഓരോ ദിവസവും പേരുകൾ വായിച്ച ശേഷം പുസ്തകത്തിൽ കൊടുത്തിരിക്കുന്ന ഒരു കൊച്ചു പ്രാർത്ഥന ക്രമമായി ഉപയോഗിക്കുന്നു. പ്രതിദിനം ഹൃദിസ്ഥമാക്കേണ്ട അനുയോജ്യമായ തിരുവചനങ്ങളും ചേർത്തിട്ടുണ്ട്. പുറംതാളിലെ ഒന്നാം പേജിലുള്ള വാക്യം ശ്രദ്ധിക്കുക : – "നിങ്ങൾക്ക് രോഗശാന്തി ലഭിക്കുവാൻ തമ്മിൽത്തമ്മിൽ പ്രാർത്ഥിക്കുകയും ചെയ്യുവിൻ" (യാക്കോ. 5:16) ജന്മദിനത്തിൽ ഓരോ അംഗത്തിനും പ്രാർത്ഥനാശംസകൾ ലഭിക്കും.

ഗിൽഡ് അംഗങ്ങളുടെ ഒരു ഏകദിന സംഗമം എല്ലാവർഷവും മാർച്ച് മാസത്തിൽ രണ്ടാം ശനിയാഴ്ച, തിരുവല്ല ബഥേൽ ആശ്രമത്തിൽ നടത്തിവരുന്നു. അന്നേ ദിവസം ദിവ്യാരാധനയും, പ്രസംഗങ്ങളും ജനറൽ ബോഡി മീറ്റിംഗും ക്രമീകരിച്ചു വരുന്നത് ഒരു പ്രത്യേകതയാണ്.

ഗിൽഡിന്റെ പ്രാദേശിക ശാഖകൾ തിരുവനന്തപുരം, റാന്നി, കോട്ടയം, തിരുവല്ല, കോടുകുളഞ്ഞി, ചെങ്ങന്നൂർ, മാവേലിക്കര എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ഓരോ ശാഖയിലും രണ്ടു വ്യക്തികൾ (ഒരു പുരുഷനും ഒരു സ്ത്രീയും) ഇതര അംഗങ്ങളുമായി ബന്ധപ്പെട്ട് കാര്യപരിപാടികൾ ആവിഷ്കരിക്കുന്നു. കൂട്ടായ്മയും ആത്മിയ ജീവനും കൂടുതൽ ആഴമാക്കുന്നതിന് ഇതു സഹായിക്കുന്നു.

ഗിൽഡിന്റെ ഇപ്പോഴത്തെ ഡയറക്ടർ: പ്രൊഫ. കെ. സി. ജേക്കബ് (ബിഷപ്പ് മൂർ കോളജ്, മാവേലിക്കര) .

*- തിയൊഡോർ ഏബ്രഹാം*



# വായനക്കാർ പ്രതികരിക്കുന്നു

ഈ അവസരം ന്യൂവിഷനെപ്പറ്റി അല്പം ഉറക്കെ ചിന്തിക്കുവാൻ ശ്രമിക്കുന്നത് സദയം ക്ഷമിക്കുമെന്ന് കരുതുന്നു.

വരിക്കാരനായിട്ട് കഷ്ടിച്ച് ഒരു വർഷ മായിക്കാണും. അതിനു രണ്ടു മൂന്നു മാസം മുമ്പ് യാദൃച്ഛികമായാണ് ന്യൂവിഷൻെറ ഒരു ലക്കം കണ്ടത്. ഇതിനുള്ള funds എവിടെ നിന്ന് എന്ന ചോദ്യമാണ് ആദ്യം മനസ്സിലുദിച്ചത്. U.S.A. യിലും Canada യിലുമുള്ള ചില പേരുകൾ കണ്ടപ്പോൾ സംശയം ഉണ്ടായി. വരിക്കാരനായി വായിക്കാൻ തുടങ്ങിയപ്പോൾ ആ സംശ യം മാറി. എങ്കിലും ഒന്നു ബാക്കി നിൽക്കുന്നു. Kerala Christian migration ഉണ്ടായാൽ അവിടെ മാസിക പ്രചരിപ്പിക്കുമോ എന്ന്.

മാസികയുടെ പേരിൻെറ പുറകിൽ അല്പം ധാർഷ്ട്യം ഇല്ലയോ എന്ന സംശയവും ഉണ്ടാകാതിരുന്നില്ല. ന്യൂവിഷനു ഏതോ പുതിയ വിഷൻ ലഭിച്ചു, അതു അനുവാചകരിലേക്കു പകരണം. Beatific vision ആകാൻ സാധ്യതയില്ല. മോശെക്കുപോലും അതു നിഷേധിക്കപ്പെട്ടു. പിന്നെ വിഷൻ- അതു മനസ്സിൻെറ വ്യാഖ്യാനം മാത്രമാണെന്ന് ഒരു വിഭാഗം ഭൗതിക ശാസ്ത്രജ്ഞന്മാർ പറയുന്നുണ്ടല്ലോ. പിന്നെ ന്യൂവിഷൻ. സൂര്യനു കീഴിൽ പുതുതായി യാതൊന്നുമില്ലെന്ന് ശലോമോൻ പറയുന്നു.

Ecumenical fellowship having a concern for the mission & ministry of the church, ഇതാണല്ലോ 'New Vision'. എക്യുമെനിസം Africa, Asia മുതലായ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന മിഷനറി സംഘടനകളുടെ ആവശ്യമായി ത്തീർന്നു. Lambeth Quadrilateral അടിസ്ഥാനമാക്കി ഇംഗ്ലണ്ടിൽ ചില ആലോചനകൾ നടന്നു എന്നു കേട്ടിട്ടുണ്ട്.' യൂറോപ്യൻ നേതൃത്വത്തിൽ നാം അതു ഏറ്റുപാടി. സി. എസ്. ഐ. യുടെ പിറവിക്കു അല്പം മുമ്പ് T.S.Elliot 'Reunion by Destruction' എന്നൊരു pamphlet പ്രസിദ്ധീകരിച്ചതായി അറിയുന്നു. ഒരു സഭയ്ക്കു അതിൻെറ Dogma, Doctrine എന്നിവ ഉണ്ടല്ലോ. എന്തിനു അവകളഞ്ഞുകുളിക്കണം? മാനുഷികമൂല്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പണ്ട് LMS, CMS ചെയ്തതുപോലെ പ്രവൃത്തി മേഖലയ്ക്ക് അതിരു നിർണ്ണയിക്കുക ഇവയൊക്കെ പോരേ? സി.എസ്.ഐ. യുടെ എക്യുമെനിസം എന്താണ് ? സഭ തന്നെ ഞങ്ങൾക്കു വേണ്ടി ഉണ്ടാക്കിയതാണ് എന്നോ മറ്റോ ഒരു ലേഖകൻ എഴുതിക്കണ്ടു (ജൂബിലി പതിപ്പ്). - ഞങ്ങളും നിങ്ങളും - ലേഖകനെ കുറ്റം പറയുവാൻ ഒരു കാരണവും കാണുന്നില്ല. മദ്ധ്യകേരള മഹായിടവകയിൽ നിന്ന് എന്തു കൊണ്ടാണ് ഒരു Moderator ഇതുവരെയും ഉണ്ടാകാതെ പോയത്? അതിൽ യാതൊരു ഖേദവും ഇല്ലാത്ത ഒരാളാണിതെഴുന്നത്.

വ്യക്തി വിഭജിക്കപ്പെട്ടരിക്കുന്നു. വിശുദ്ധ പൗലൊസു പോലും രണ്ടു ശക്തികൾ തന്നിൽ വ്യാപരിക്കുന്നു എന്നുപറയുന്നു. കുടുംബം, സഭ, സമൂഹം, രാഷ്ട്രം, ലോകം - ഇവയിലെല്ലാം division അല്ലേ കാണുന്നത്. Organic, conciliar - എല്ലാം പദങ്ങൾ കൊണ്ടുള്ള കളിയല്ലേ? അകത്തുണ്ടെങ്കിൽ പുറത്തുകാണാം. അടുത്തതായി fellowship.

"For most of us there is no link with other men to be found in our religion. We have no fellowship of (or in) the Holy Ghost, no sense that we belong to one another because we belong to Him..... We know some little fragment of the grace of our Lord, Jesus Christ, and of the love of God; but of the Fellowship of the Holy Ghost we know virtually nothing." ഏതാണ്ട് അറുപതു വർഷം മുമ്പ് ആർച്ചുബിഷപ്പ് William Temple പറഞ്ഞത് ഇംഗ്ലീഷ് സമൂഹത്തെ കുറിച്ചായിരിക്കാം.

ഇനിയും mission & ministry of the church. ഏദൻ തോട്ടത്തിൽവെച്ച് ദൈവവും മനുഷ്യനുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു. ഈ ബന്ധം പുന:സ്ഥാപിക്കേണ്ടിയിരിക്കുന്നു; മനുഷ്യൻ നിത്യജീവൻ പ്രാപിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം പ്രാപിക്കാൻ മനുഷ്യനെ സഹായിക്കുക എന്നതായിരിക്കണം സഭയുടെയും ന്യൂവിഷൻെറയും ദൗത്യം. ഇതു സാദ്ധ്യമായാൽ ministry യെ പ്പറ്റി ആശങ്കവേണ്ട. പക്ഷേ, ജീവങ്കലേയ്ക്കുള്ള പാത കണ്ടെത്തുന്നവർ ചുരുക്കമത്രെ.

ഏതാണ്ട് മുപ്പത് വർഷം മുമ്പ് David Jenkins എന്ന പുരോഹിതൻ യേശുവിൻെറ കന്യകാജനനം, പുനരുത്ഥാനം എന്നിവയിൽ സന്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. എങ്കിലും അന്നത്തെ യോർക്കിലെ ആർച്ചുബിഷപ്പിന് അദ്ദേഹത്തെ ബിഷപ്പായി അഭിഷേകം ചെയ്യുവാൻ പ്രയാസമുണ്ടായില്ല. കാൻറർബറി ആർച്ചുബിഷപ്പായിരുന്ന റോബർട്ട് റൺസിയെപ്പറ്റി ഒരു ലേഖകൻ എഴുതി, 'not particularly clever, not conspicuously holy' നമുക്ക് ഇതൊക്കെ സങ്കല്പിക്കാൻ പറ്റുമോ.

നീതി, മനുഷ്യത്വം, സ്നേഹം, സമാധാനം, ദുർബലരോടുള്ള കരുതൽ, ഇവയുടെ നിഷേധമുണ്ടാകുമ്പോൾ ശക്തമായി പ്രതികരിക്കേണ്ടത് ക്രൈസ്തവ ധർമ്മമായിരിക്കാം. നല്ലതുതന്നെ. എന്നാൽ ജീവിതത്തിൽ നീതി എന്നൊന്നുണ്ടോ? ചെറിയ പ്രാണികളെ തവള വിഴുങ്ങുന്നു, തവളയെ പാമ്പ്, ചെറിയ പാമ്പിനെ അതിലും വലുത് - ഇങ്ങനെ പോകുന്നു പ്രകൃതിയുടെ നിയമം. ഇതിൽ ആർക്കെങ്കിലും എന്തെങ്കിലും അനീതി തോന്നുന്നുണ്ടോ? മർദ്ദിതൻ മർദ്ദകൻ ആകുന്നതിന് ചരിത്രത്തിൽ ഉദാഹരണം എത്രവേണമെങ്കിലും കാണാം. ഒരുവൻെറ നീതി മറ്റൊരുവന് അനീതിയായി തോന്നാം, ഞാനും നീയും എന്ന ചിന്ത ഉള്ളടത്തോളം കാലം.

ഈ ദ്വൈത ചിന്തയെ അതിജീവിക്കുവാൻ ശ്രമിക്കുകയെങ്കിലും ചെയ്യുന്ന ഒരുവന് ന്യൂവിഷൻ ഒരു talking shop ആയി തോന്നിയേക്കാം. പിന്നെ, നടത്തിപ്പുകാർക്കും എഴുത്തുകാർക്കും സംതൃപ്തി കിട്ടിയെന്നു വരാം.

*കുരുവിള മാത്തൻ*
*തിരുവനന്തപുരം*

■◆◆◆■

ക്രൈസ്തവ ഗോളത്തിൽ ഏറെ പ്രസിദ്ധി നേടിക്കഴിഞ്ഞ ഒരു ക്രൈസ്തവ നേതാവാണല്ലോ ഡോ. ബാബു പോൾ. ഇദ്ദേഹത്തിൻെറ, ക്രൈസ്തവ വിശ്വാസവുമായി ബന്ധപ്പെട്ട ചിന്താഗതി, കാഴ്ചപ്പാട്, അഭിപ്രായങ്ങൾ ഇവ വളരെ വിലപ്പെട്ടതായി ന്യൂ വിഷൻ മാസിക കരുതുന്നതുകൊണ്ടാണല്ലോ

ഇതിനോടകം പല ലക്കങ്ങളിലായി ഇവ വായനക്കാർക്ക് അറിയാൻ അവസരം നൽകിയത്. അറിഞ്ഞ സ്ഥിതിക്കും, മറ്റു പലരുടേയും ചിന്താഗതി മനസ്സിലാക്കിയതിനാലും, അദ്ദേഹത്തിൻെറ ചില പരാമർശങ്ങളെ ദൈവവചനാടിസ്ഥാനത്തിലും യാഥാർത്ഥ്യങ്ങളുമായി തട്ടിച്ചും നടത്തിയ വിലയിരുത്തലിൻെറ ചുരുക്കം ചുവടെ ചേർക്കുന്നു.

* ഭാരതത്തിലെ ഇഷ്ട ദേവാ സങ്കല്പം ഉപാസനയുടെ ഒരു മുഖം മാത്രമാണ്. എനിക്കു കന്യകമറിയാമിനോടും എൻെറ ഭാര്യയ്ക്കു പരുമല തിരുമേനിയോടും ഉള്ള പ്രത്യേകമായ ആ ബന്ധം (ഇഷ്ദൈവ) ആണ് ഭാരതത്തിലെ ഇഷ്ടദേവാ സങ്കല്പം എന്നു നാം മനസ്സിലാക്കുമ്പോൾ അതിൽ അല്പം ലഘൂകരണം ഉണ്ടെങ്കിലും ഏകദൈവ വിശ്വാസത്തിനു വിരുദ്ധമെന്നു കരുതി തള്ളിക്കളയേണ്ടതല്ല ഭാരതത്തിൻെറ ആദ്ധ്യാത്മികത. (Aug.- Sep. 1998 ലക്കം)

* 'എത്രയും ദയയുള്ള മാതാവ്' എന്ന പ്രാർത്ഥന ചൊല്ലാതെ ഈ കസേരയിൽ ഞാനിരിക്കാറില്ല. തെറ്റു ചെയ്യാതെയും അറിയാതെ അബദ്ധത്തിൽ വീഴാതെയും എന്നെ കാത്തുകൊള്ളണമെ എന്നു പ്രതികരിക്കാതെ ഞാൻ കിടക്കവിട്ട് എഴുനേൽക്കാറില്ല, (June - July 1998 ലക്കം).

ക്രിസ്ത്യാനി വിശ്വസിക്കാനും പിന്തുടരാനും ബാധ്യതപ്പെട്ട ദൈവവചനത്തിന് വിരുദ്ധവും, ഒരു ക്രിസ്തീയ വിശ്വാസി പിന്തുടരാൻ പാടില്ലാത്തതുമാണ്, ഇഷ്ട ദൈവങ്ങൾക്ക് ഏകസത്യദൈവ പരിവേഷം നൽകി, പ്രാർത്ഥിക്കുന്നതും മധ്യസ്ഥത അപേക്ഷിക്കുന്നതും. (ഹൈന്ദവ ആദ്ധ്യാത്മികത, നിരവധി ദൈവങ്ങൾ ഉൾക്കൊണ്ടതാണ്. ഓരോരുത്തർ തങ്ങൾക്കിഷ്ടമുള്ളവരെ ആരാധിക്കുന്നു. ഇഷ്ടമാനവിക ദൈവങ്ങൾ ഉള്ള ക്രിസ്ത്യാനികൾക്ക് ഈ ഹൈന്ദവ ആദ്ധ്യാത്മികത അംഗീകരിക്കാൻ ബുദ്ധിമുട്ടില്ല: പിന്തുടരുന്ന വചനവിരുദ്ധതയ്ക്ക് ന്യായീകരണമായി ഇതംഗീകരിക്കേണ്ടതും ആവശ്യമായിരിക്കാം). ഈ വിഷയത്തിൽ ദൈവവചനം കല്പിക്കുന്നതിതാണ്:

എൻെറ നാമത്തിൽ എന്നോടപേക്ഷിക്കുക.... സത്യത്തിൻെറ ആത്മാവ് എന്നമറ്റൊരു കാര്യസ്ഥനെ.... നിങ്ങൾക്കു തരും..... പിതാവിനോട അപേക്ഷിക്കുക, അവൻ എൻെറ നാമത്തിൽ തരും........ രഹസ്യത്തിൽ കാണുന്ന നിൻെറ പിതാവിനോടപേക്ഷിക്കുക, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും....നിൻെറ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ..... ആവശ്യങ്ങൾ ദൈവത്തോടറിയിക്കുക......ദൈവത്തിനും മനുഷ്യർക്കും മധ്യേ ഏക മധ്യസ്ഥൻ .... പക്ഷവാദം ചെയ്യാൻ ഏതു സമയവും തയ്യാറായി എന്നും ജീവിക്കുന്ന യേശു.......പുതിയ നിയമ മധ്യസ്ഥൻ.... വിശുദ്ധസന്നിധിയിൽ പക്ഷവാദം ചെയ്യുന്ന യേശു..... ദൂതന്മാരും അധികാരങ്ങളും ശക്തികളും എല്ലാം കീഴ്പെട്ടിരിക്കുന്ന യേശു..... ലോകത്തിൽ വിഗ്രഹം ഏതുമില്ല: ഏകദൈവമല്ലാതെ മറ്റൊരു ദൈവമില്ല..... ദേവന്മാർ എന്നു പറയപ്പെടുന്നവർ (ഇഷ്ടദൈവങ്ങൾ) ആകാശത്തിലും ഭൂമിയിലും ഉണ്ടായിരിക്കും, അനേക ദേവന്മാരും കർത്താക്കന്മാരും ഉണ്ട്. എന്നാൽ നമുക്ക് ക്രിസ്തുവും പരിശുദ്ധാത്മാവും ഉൾപ്പെട്ട പിതാവായ ഏക ദൈവമേ ഉള്ളു.....കരുണ ലഭിക്കാൻ : തൽസമയ സഹായത്തിന് കൃപ പ്രാപിക്കാൻ, നാം ധൈര്യത്തോടെ ചെല്ലേണ്ടത് കൃപാസനത്തിനടുത്ത്......(നിങ്ങൾ) യേശുവിനെ നോക്കുക!!! (യോഹന്നാൻ 14:13-16, 16: 23-24, 17:11-15, മത്തായി 4:10, 6:6, ആവർത്തനം 6:13, 10:20, ഫിലി. 4:6, യാക്കോബ് 5:14-15, 1 തിമോത്തി. 2:5-6, 1 പത്രോ. 3:22, എബ്രായർ 7:25, 9:15, 12:2, റോമർ 8: 26 - 27 - 34, 1 കൊരി 8: 4-6)

ക്രിസ്തുവിൽ ജീവിച്ച് മരിച്ച്, വീണ്ടും പറുദീസയിൽ ജീവിക്കണം മനുഷ്യാത്മാക്കളിൽ ചിലരെ ഇഷ്ട ദൈവങ്ങളായി സ്വീകരിക്കാമെന്നുണ്ടായിരുന്നെങ്കിൽ യേശുവോ അപ്പോസ്തലരൊ അത് കല്പിക്കാതിരിക്കുമായിരുന്നുവോ? കല്പിച്ചില്ലെന്നു മാത്രമല്ല, അതിൻെറ ആവശ്യവുമില്ല, അതു പാടില്ല എന്നു വ്യക്തമാക്കുന്നതല്ലെ മേൽപറഞ്ഞ വചനങ്ങൾ? പിതാവായ ദൈവം യിസ്രായേല്യരെ കൈകാര്യം ചെയ്തതുപോലെ ഇന്ന് പിതാവ് നമ്മെ കൈകാര്യം ചെയ്യാത്തത് പുത്രൻെറ നമുക്കുവേണ്ടിയുള്ള മധ്യസ്ഥത കൊണ്ടു മാത്രമല്ലേ? എന്നാൽ ഓർമിക്കുക; വചനം കൂട്ടുചേർത്തുപഠിപ്പിക്കുകയോ ആചരിക്കുകയോ. വചനസത്യത്തിൽ നിന്ന് മൗലികമായ എന്തെങ്കിലും മാറ്റിമറിക്കുകയോ, മറ്റുള്ളവരിൽ നിന്ന് കടമെടുത്തോ പാരമ്പര്യമായി കിട്ടിയതിൻെറ പേരിലൊ, വചനവിരുദ്ധമായതു പിന്തുടരുന്നവർക്ക് ശക്തമായ താക്കീത് വചനത്തിലുണ്ട്: മത്തായി 25:18-19, 24:4-5, 23-25, റോമർ 1:23-25, 2 കൊരിന്ത്യർ 11:3-4, കൊലോസ്യർ 2:18, ഗലാത്യർ 1:8-9 എബ്രായർ 13 ; 8-9, 2 യോഹന്നാൻ 7-11, വെളിപ്പാട്. 22: 18-19

ഗബ്രിയേലിൻെറ സ്വരം ശ്രവിച്ച കന്യകമറിയം പാടി : "ഇനിമേൽ എല്ലാ തലമുറകളും എന്നെ അനുഗൃഹീത എന്നു വിളിക്കും, ലൂക്കോസ് 1:48 " എന്നോടു പ്രാർത്ഥിക്കുമെന്നോ എന്നെ മധ്യസ്ഥയാക്കുമെന്നോ മറിയം പ്രവചിച്ചില്ല. മറിയ അനുഗൃഹീത - ഭാഗ്യവതി - എന്ന് പാടി പുകഴ്ത്താത്ത ഒരു ക്രിസ്ത്യാനിയും കാണുകയില്ല. കർത്താവിൽ നിന്നു നേരിട്ട് വചനം കേട്ടവരോ, ഇവരിൽ നിന്നു കേട്ടവരോ ആരും മറിയയുടെ ആത്മാവിനോടോ മൺമറഞ്ഞ ഏതെങ്കിലും വിശുദ്ധരുടെ ആത്മാക്കളോടോ പ്രാർത്ഥനാ - മധ്യസ്ഥത നടത്തിയതായി വചനത്തിലൊരിടത്തും എനിക്കുകാണാൻ കഴിഞ്ഞില്ല. പറുദീസയിലെ മനുഷ്യാത്മാക്കളും ഭൂമിയിൽ ജീവിച്ചിരിക്കുന്ന മനുഷ്യരുമായി എന്തെങ്കിലും ബന്ധം - പരസ്പരം - നടക്കുമോ ഇല്ലയോ എന്നത് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം കർത്താവ് പഠിപ്പിച്ചിട്ടുണ്ട്, ലൂക്കോ. 16: 19-31. കാനായിലെ കല്യാണത്തിന് വീഞ്ഞും തീർന്നു എന്ന വിവരം മറിയ യേശുവിനെ അറിയിച്ചു, ഒരു ശുപാർശയും ചെയ്തില്ല. ശുപാർശ ചെയ്താലും അത് തെറ്റാകുമായിരുന്നില്ല. കാരണം, അന്നവിടെയുണ്ടായിരുന്നവരിൽ മറിയയ്ക്കു മാത്രമെ തൻെറ മകൻെറ ദൈവികതയെകുറിച്ച് അല്പമെങ്കിലും ധാരണയുണ്ടായിരുന്നുള്ളു. പിന്നീടൊരിക്കൽ മറിയയും സഹോദരന്മാരും യേശുവിനെ കാണാൻ ചെന്നതായി ശിഷ്യന്മാർ യേശുവിനെ അറിയിച്ചപ്പോൾ അവരോട് യേശു പറഞ്ഞതും ശ്രദ്ധയോടെ ചിന്താവിഷയമാക്കേണ്ടതാണ്. ഇന്നും നാമോരോരുത്തരും നമ്മുടെ ആവശ്യങ്ങളേക്കാൾ അധികമായി, ബന്ധുക്കളുടെയും സ്നേഹിതരുടെയും രാജ്യാന്തര സുവിശേഷവേലയ്ക്കായും, ഭരണാധികാരികൾക്കായും, സഭയ്ക്കായും ഒക്കെ പ്രാർത്ഥിക്കുന്നു, മധ്യസ്ഥത ചെയ്യുന്നു. പക്ഷെ ആരോട്? പിതാവിനോടും പുത്രനോടും! 'സ്വർഗ്ഗസ്ഥനായ പിതാവേ......യേശുവിൻെറ നാമത്തിൽ : മത്തായി 6:9-13. ഇതുപോരെന്നുള്ളത് ഒരു പുതിയ സുവിശേഷം തന്നെ അ. പ്ര. 4: 12, യെശയ്യാ 42:8 എന്നിവകൂടി ചിന്തിക്കാൻ അഭ്യർത്ഥിക്കുന്നു.

"നിങ്ങളെന്നോടു ചോദിക്കും, നിങ്ങളെല്ലാവരെയും മാനസാന്തരപ്പെടണം, സുവിശേഷം ഘോഷിക്കണം എന്നൊക്കെയല്ലേ കർത്താവ് പറഞ്ഞിരിക്കുന്നത് എന്ന്. എനിയ്ക്കുടനെ പറ

യാനുള്ളത് അത് എന്നോടും നിങ്ങളോടുമല്ല പറഞ്ഞത്, സത്യക്രിസ്ത്യാനികളോടാണ് പറഞ്ഞത്: സത്യക്രിസ്ത്യാനിക്കുള്ള കമ്മിഷൻ ആണ്." ( Aug. - Sep. 1998 ലക്കം)

"മത്തായിയുടെ സുവിശേഷ സാഹചര്യം: ക്രിസ്തുവിനെയും സഭയെയും കുറിച്ച് മത്തായിയുടെ ദർശനം എന്നിവ പഠിക്കുമ്പോൾ, ദൈവരാജ്യത്തിനു വേണ്ടി നാം സമ്പൂർണ്ണമായി സമർപ്പിക്കണം എന്നുള്ളതാണ്. അല്ലാതെ അരിയും തുണിയും കൊടുത്ത് ക്രിസ്ത്യാനികളുടെ എണ്ണം കൂട്ടുക എന്നതല്ല യഥാർത്ഥ കല്പന എന്നു ഗ്രഹിക്കാൻ കഴിയും. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായിരിക്കും; മാനസാന്തരം മൂല്യങ്ങളുടെ പുനർനിർവചനമാണ്. സഭയേക്കാൾ കൂടുതലായി ദൈവരാജ്യത്തെക്കുറിച്ചാണ് യേശുവും പൗലൊസും ചിന്തിച്ചതെന്നു തോന്നുന്നു......ഹിന്ദുമതത്തെ അധിക്ഷേപിക്കുകയും ഹിന്ദുക്കൾക്ക് ആത്മരക്ഷയില്ല എന്നു പ്രസംഗിക്കുകയും ചെയ്യുന്നത് രണ്ടു മതവും ഒരുപോലെ നമുക്ക് അന്യമാണ് എന്നു തെളിയിക്കുന്നു...... ഭാരതത്തിൽ ക്രൈസ്തവ വിരോധം വളർത്തുന്നുവെന്ന പ്രചാരണം ശരിയാണെന്നു തോന്നുന്നില്ല..... ബ്രിട്ടീഷുകാർ മതം മാറ്റാനല്ല വന്നത്. അവർക്ക് അവരുടെ സാമ്പത്തിക ലക്ഷ്യങ്ങളായിരുന്നു പ്രധാനം. അതിന്റെകൂടെ സാമൂഹ്യമായ വല്ല പരിഷ്കാരവും ഉണ്ടായെങ്കിൽ അതു യാദൃശ്ചികം എന്നേ പറയാവൂ, അതുകൊണ്ട് ഭാരത സുവിശേഷവൽക്കരണത്തിന് നാം ഒരു പുതിയ നിർവചനം കണ്ടെത്തേണ്ടിയിരിക്കുന്നു...........ദൈവസന്നിധിയിൽ കാത്തിരുന്ന് ഈശ്വര സാക്ഷാത്കാരം പ്രാപിക്കാതെ ഭാരതത്തിലെ സഭ പാശ്ചാത്യരെ ആശ്രയിച്ച് സുവിശേഷവത്ക്കരണത്തിന് ശ്രമിക്കരുത്... ഇവിടെ ഇപ്പോൾ എന്തുകൊണ്ട് ഇങ്ങനെയൊക്കെ മതഭേദത്തിന്റെ പേരിൽ ഉണ്ടാകുന്ന സംഘട്ടനങ്ങൾ, അതിക്രമങ്ങൾ - സംഭവിക്കുന്നു എന്നതിന് ലളിതമായ ഒരുത്തരം കാണുക പ്രയാസമാണ്" (Feb. -Mar. 1999 ലക്കം)

സത്യക്രിസ്ത്യാനി എന്നൊരു കൂട്ടർ ബൈബിളിലില്ല. എന്നാൽ 'ക്രിസ്ത്യാനി' ഉണ്ട്! അന്യ ആളുകൾ ക്രിസ്തുവിന്റെ അനുയായികളെ കൊള്ളരുതാത്തവരായിക്കരുതി അന്ത്യോക്യയിൽ വച്ചു നൽകിയ പേരാണല്ലോ ക്രിസ്ത്യാനി (അ.പ്ര. 11:16) ഈ പേര് കാലത്തിന്റെ നീക്കത്തിൽ അംഗീകരിക്കപ്പെട്ടതായി നമുക്കു മനസ്സിലാക്കാം. ഒരു പരാമർശം ഉണ്ട്, 1 പത്രൊ. 4:16. എന്നാൽ അവർ ഉപയോഗിച്ചത്, വിശുദ്ധർ: സഹോദരർ: വൃതന്മാർ (വേർതിരിക്കപ്പെട്ടവർ) എന്നിങ്ങനെയായിരുന്നു. പുതിയനിയമത്തിൽ അ. പ്ര. മുതൽ വെളിപ്പാടു വരെയുള്ള ഭാഗങ്ങളിൽ ഈ സംബോധന ധാരാളമായിക്കാണാം (അ. പ്ര. 15:23, 1 കൊരി. 1:2, മത്തായി 24:31). ഈ പേരുകളിലുള്ള ക്രിസ്ത്യാനി എന്നു വിളിക്കപ്പെടാൻ അർഹത ആർക്ക്? ദൈവകൃപയാൽ, ക്രിസ്തുവിങ്കലെ വിശ്വാസം മൂലം യഥാർത്ഥത്തിൽ നീതികരിക്കപ്പെട്ട് വീണ്ടെടുക്കപ്പെട്ട ആൾ എന്നു ബോധ്യമുള്ളവർ മാത്രം, റോമർ 3:24, 26, 27.5:1 etc. ഈ ക്രിസ്ത്യാനിക്കുള്ള മുഖ്യ കല്പനയാണ് സുവിശേഷം ഘോഷിക്കുക, മാനസാന്തരപ്പെടുത്തുക (സകലജാതികളും) എന്നുള്ളത്. ഡോ. ബാബു പോളിന്റെ ഭാഷയിൽ കമ്മീഷൻ; മത്തായി 28:20, ലൂക്കോ. 24: 47, അ. പ്ര. 1:8, 26:18, 9:15, സാങ്കേതികമായി തന്നോടല്ല ഇതു പറഞ്ഞതെന്ന് പറയാൻ അദ്ദേഹത്തിനു തികഞ്ഞ സ്വാതന്ത്ര്യം ഉണ്ട്. ആർക്കും ചോദ്യം ചെയ്യാനാവില്ല. ഒരു. ക്രിസ്ത്യാനിയും - രക്ഷിക്കപ്പെടാത്തവർ പോലും - ഇങ്ങനെ പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. ദൈവരാജ്യത്തിനു വേണ്ടിയുള്ള സമർപ്പണമെന്നാൽ, ഈ കമ്മിഷൻ പ്രാവർത്തികമാക്കുന്നതിനു തന്നെത്തന്നെ സമർപ്പിക്കുന്നതല്ലാതെ മറ്റെന്തെങ്കിലുമാണോ? അരിയും തുണിയും കൊടുത്ത് മതം മാറ്റാൻ കർത്താവോ അപ്പോസ്തലരോ കല്പിച്ചിട്ടില്ല എന്നത് നൂറുശതമാനം ശരി' അതുപോലെ, ഇന്നാരും ഇങ്ങനെ ചെയ്യുന്നില്ല എന്നതും ശരി. എന്നാൽ അരിയും തുണിയും മാത്രമല്ല, മരുന്നും വിദ്യയും ശുശ്രൂഷയും സ്നേഹവും, കരുണയും തങ്ങളെത്തന്നെയും (ജീവൻ കളഞ്ഞും) നൽകാൻ കർത്താവു കല്പിച്ചിട്ടുണ്ട്, മത്തായി 25,35,36. ആരെയും മതം മാറ്റാൻ കല്പിച്ചിട്ടില്ല: എന്നാൽ സകലരെയും ശിഷ്യരാക്കിക്കൊൾവാൻ കല്പനയുണ്ട്. ഇതുരണ്ടും ഇന്ന് ലോകവ്യാപകമായി നടക്കുന്നു, പണ്ടത്തേക്കാൾ അധികം ! അരി- തുണി- വെള്ളമൊഴി - നിർബന്ധിത മതം മാറ്റമെന്ന് കുറ്റപ്പെടുത്തുകയും ആരോപിക്കുകയും ചെയ്യുന്ന ക്രിസ്തീയ നേതാക്കളും സഭകളും ഇന്നുണ്ട്. ക്രിസ്തുവിലായി പുതിയ സൃഷ്ടിയുള്ള ഒരു ക്രിസ്ത്യാനിക്ക്, ചെയ്യുന്ന ക്രിസ്തീയ മാനസാന്തരം ഉൾക്കൊള്ളുന്ന മൂല്യങ്ങളെ വ്യക്തമായി അറിയാം. കാരണം, മാനസാന്തരം ആണ് അവനെ പുതുസൃഷ്ടി എന്ന സ്ഥിതിയിലേക്കെത്തിച്ചത്. ഒന്നില്ലാത്ത മറ്റേത് അർത്ഥശൂന്യം. ഹിന്ദുമതത്തെ ഒരു ക്രിസ്ത്യാനിയും അധിക്ഷേപിച്ചതായി ഞാൻ കേട്ടിട്ടില്ല. അത്രയ്ക്കു മൗഢ്യം ആർക്കാണുള്ളത്. ഹിന്ദുക്കൾക്ക് ആത്മരക്ഷയില്ല എന്നും വിവരമുള്ളവർ ആരും പറയുമെന്നു ഞാൻ കരുതുന്നില്ല. എന്നാൽ ഇതുബോധ്യപ്പെടാതെ ക്രിസ്തീയ വിശ്വാസത്തിലേക്കു വരുന്നവർ ക്രിസ്തുവിന്റെ അതുല്യതയെ അറിയാത്തവരാണ്. സുവിശേഷകർ അന്യമത ജാതികളോട് ശക്തമായി പറയുന്നതും പറയേണ്ടതുമായ ഒരു കാര്യമുണ്ട്. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല, യോഹന്നാൻ 14:6". അപ്പോസ്തലകാലം മുതൽ ഇതു പറഞ്ഞ് മൃഗീയ പീഠനങ്ങളും കൊലപ്പെടുത്തലും സഹിച്ചവരുടെ രക്തത്തിന്മേലാണ്, ദൈവം തന്റെ സഭയെ (രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തെ) ഇന്നേവരെ നിലനിർത്തി വളർത്തിയും നാമതിന്റെ ഭാഗമായിരിക്കുന്നതും എന്ന കാര്യം ഇന്നത്തെ ബുദ്ധിജീവികൾ ദയവായി കോട്ടിമാട്ടാതിരുന്നാൽ മതി. ഭാരതത്തിൽ ഇന്നു പണ്ടത്തേക്കാൾ വളരെ ശക്തവും ആസൂത്രിതവുമായ രീതിയിൽ ക്രൈസ്തവ വിരോധം വളർത്തുന്നത്. രണ്ടു ദേശമാണ് ഇതിന്റെ പിന്നിൽ. ഒന്ന്: രാഷ്ട്രീയം, ഇൻഡ്യ ഹിന്ദുക്കൾ ഭരിക്കണം. രണ്ട്: മിഷനറിപ്രവർത്തനം വ്യാപകമായതോടെ വടക്കേ ഇന്ത്യയിലും മറ്റും ധാരാളം ഗിരിവർഗ്ഗ പിന്നോക്കക്കാർ വെളിച്ചംകിട്ടി സാമൂഹ്യമായും വിശ്വാസപരമായും വ്യത്യാസപ്പെട്ട് ക്രിസ്തുവിന്റെ ശിഷ്യരാകുന്നു. ഇത് തടയണം. അക്രമിച്ചും ഭീതിപ്പെടുത്തിയും പ്രേഷിതപ്രവത്തനം ഇല്ലാതാക്കുക, കഴിയുമെങ്കിൽ ക്രൈസ്തവരെ മൊത്തം രാജ്യത്തുനിന്ന് ഓടിക്കുക. സംഘട്ടനം എന്നു പറയുന്നതു ശരിയല്ല. അന്യോന്യം ഉള്ള അക്രമമാണ് സംഘട്ടനം. ക്രിസ്തീയ പ്രവർത്തകർ എല്ലാം സഹിക്കുന്നതല്ലാതെ (അവർക്കതേ ചെയ്യാൻ പാടുള്ളുവല്ലോ) ഒരു തിരിച്ചടിയുമില്ല. ആകയാൽ അരങ്ങേറുന്നത് ഏകപക്ഷീയ അക്രമം. അതുകൊണ്ട് മതഭേദസംഘട്ടനം' എന്ന പദപ്രയോഗമെ ക്രിസ്ത്യാനിപറയാൻ പാടില്ലാത്തത്. കാരണം, കണ്ടു പിടിക്കേണ്ടതായും ഒന്നുമില്ല.

ഭാരതസഭ പാശ്ചാത്യരെ ആശ്രയിച്ച് ഇൻഡ്യൻ സഭ ഇന്നേവരെ ആരെയെങ്കിലും ആശ്രയിച്ചു അഭിപ്രായം നല്ല ഒരുപദേശംതന്നെ. എന്നാൽ ഇൻഡ്യൻ സഭ ഇന്നേവരെ ആരെയെങ്കിലും ആശ്ര

യിച്ചു സുവിശേഷ പ്രവർത്തനം നടത്തിയതായി ഞാൻ കരുതുന്നില്ല. വിദേശികൾ ഇവിടെ വന്നു പ്രവർത്തിച്ചപ്പോൾ നാം അവരുമായി സഹകരിച്ചു. ആളുകൊണ്ടും അർത്ഥംകൊണ്ടും മറ്റു വിധത്തിലും അവർ സഹായിച്ചു. ഇന്ന് നാം തിരിച്ച് മറ്റുള്ളവരെ സഹായിക്കുന്നു. കേരള ക്രൈസ്തവർ സുവിശേഷീകരണത്തിനായി എത്താത്ത രാജ്യങ്ങൾ ഇന്നുണ്ടാകുമോ എന്ന് സംശയം, ക്രിസ്തുവിൽ ദൈവമക്കളായവർ ലോകത്തെവിടെയെല്ലാമുണ്ടോ അവരെല്ലാ ആത്മിയമായി ഒരു പിതാവിൻെറ മക്കൾ, അവർ അന്യോന്യം കരുതുന്നു, സഹായിക്കുന്നു, ദൈവകല്പന നിർവഹിക്കുന്നതിൽ സഹകരിക്കുന്നു. എല്ലാവരും അന്യോന്യം ബന്ധപ്പെട്ടുകഴിയുന്നു. കത്തോലിക്കസഭ ലോകം മുഴുവൻ ഒരു സഭയുടെ ഭാഗമായി മാർപ്പാപ്പയുടെ കീഴിൽ പ്രവർത്തിക്കുന്നു. പ്രവർത്തകരും അച്ചന്മാരും ബിഷപ്പുമാരും. കർദ്ദിനാളന്മാരുമൊക്കെ നാടേതെന്നു നോക്കാതെ ലോകം മുഴുവൻ ഒരു വയൽ പ്രദേശം എന്നുകരുതി പ്രവർത്തിക്കുന്നു. യാക്കോബായ സഭ ലോകമെമ്പാടുമായി അവരുടേതായ പ്രത്യേക ക്രമീകരണങ്ങളിലും ദർശനത്തിലുംകൂടി നടത്തുന്ന പ്രേഷിതപ്രവർത്തനത്തിൻെറ അളവുനോക്കിയാൽ മറ്റുസഭകളെല്ലാം ചേർന്നാലും അതിനു തക്കവണ്ണമാവുകയില്ല. ഓരോ സഭയും അവരുടേതായ ദർശനത്തിലൂടെ പ്രവർത്തിക്കുന്നു. ജാതികളുടെയിടയിലെ സുവിശേഷീകരണത്തിൽ ഒട്ടും പ്രവർത്തിക്കാത്ത സഭകൾ നമ്മുടെ നാട്ടിലുണ്ട്. ഏതുവിധത്തിലുള്ള പ്രവർത്തനമായാലും ശരി പിതാവ് വരം നൽകുന്നവരാണ് വിശ്വാസത്തിലേക്കു വരുന്നത്. യോഹ 6:65, അവർ ക്രിസ്തുവിനെ കണ്ട് - അറിഞ്ഞാണ് വിശ്വസിക്കുന്നത്. യോഹ. 6:40. അവർ വെള്ളത്താലും ആത്മാവിനാലും ജനിക്കാൻ മുന്നോട്ടുവരുന്നു, യോഹ. 3:3-5 അവർ വെളിച്ചത്തിലേക്കു വരുന്നു, യോഹ. 3:21 അവർ ക്രൂശു വഹിക്കാൻ ക്രിസ്തുവിനെയും വചനത്തെയും ലജ്ജിക്കാതെ പിന്തുടരാൻ തയ്യാറാക്കുക, ലൂക്കോ. 9:24 -26. വചനം അനുസരിക്കുന്നു, ലൂക്കോ. 1:28. മനുഷ്യരുടെ മുമ്പാകെ ഏറ്റുപറയുന്നു, ലൂക്കോ 12:8. ഉറച്ചുനിൽക്കാൻ ശ്രമിക്കുന്നു: അന്യോന്യം സ്നേഹിക്കുന്നു: ദുരുപദേശങ്ങളിൽ തെറ്റിപ്പാകാതിരിക്കാൻ വചനം ശോധനചെയ്യുന്നു, യോഹ. 8:31, 10: 27, 15:10-12, മത്തായി 5:18-19, 24: 4-5, 23 -25. കാര്യങ്ങൾ ഇങ്ങനെയെങ്കിലും ഒരു ക്രിസ്ത്യാനിയും ഈ വക (വചന) കാര്യങ്ങളിൽ പൂർണ്ണനല്ല: പൂർണ്ണനാ കാനും ഒക്കുകയില്ല. ഒക്കുമായിരുന്നെങ്കിൽ പരിശുദ്ധാത്മാവിൻെറ ആവശ്യമേ ഇല്ലായിരുന്നു. എല്ലാനാളും കൂടെയിരിക്കാമെന്ന ക്രിസ്തുവിൻെറ വാഗ്ദാനവും ആവശ്യമില്ലായിരുന്നു. സകലരിലും ഉന്നതതനായിരുന്ന വചന പ്രഘോഷകൻ വി. പൗലൊസ് പറയുന്നു: 'എന്നിൽ വസിക്കുന്ന പാപം എന്നെക്കൊണ്ട് ഞാൻ ഇച്ഛിക്കാത്ത തിന്മ പ്രവർത്തിപ്പിക്കുന്നു, റോമർ 7:17-21. എന്നാൽ ഇതിൻെറ പേരിൽ താൻ സത്യക്രിസ്ത്യാനിയല്ല എന്ന ഒഴികഴിവു പറയാതെ സുവിശേഷീകരണയത്നത്തിൽ അതീവ തീക്ഷണതയുള്ളവനായി പറയുകയാണ്: 'സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് പ്രശംസിക്കാൻ ഒന്നുമില്ല, നിർബന്ധം എൻെറ മേൽകിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കയ്യോ കഷ്ടം, 1 കൊരി. 9:16.

ചരിത്രസത്യയാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാത്ത ഒരു കാര്യം കൂടി ബാബു പോൾ പ്രസ്താവിച്ചു എന്ന് ഞാൻ കരുതുന്നത് വിശകലനം ചെയ്യട്ടെ. ബ്രിട്ടീഷുകാർ മതം മാറ്റാനല്ല വന്നത്, അവർക്ക് സാമ്പത്തിക ലക്ഷ്യങ്ങളായിരുന്നു പ്രധാനം: ശരിയായ അഭിപ്രായപ്രകടനം, എന്നാൽ 'സാമൂഹ്യമായ വല്ല പരിഷ്കാരവും ഉണ്ടായെങ്കിൽ അതുയാദൃശ്ചികം'! ഈ അഭിപ്രായം ഒരിക്കലും പറയരുതാത്തതായിരുന്നു എന്ന് ഞാൻ കരുതുന്നു. കാരണം, എത്രയോ ബ്രിട്ടീഷ് ഭരണാധികാരികൾ ബോധപൂർവം ഇൻഡ്യൻ ജനതയുടെ സാമൂഹ്യ - വിദ്യാഭ്യാസ രംഗങ്ങളിൽ ദൂരവ്യാപകഫലങ്ങൾ ഉളവാക്കിയ പരിഷ്കാരങ്ങൾ വരുത്തിയിരിക്കുന്നു! സതി നിർത്തലാക്കിയത് ആര്? അതുപോലെ ഭരണാധികാരികൾക്കു സമാന്തരമായി വന്ന മിഷനറിമാർ നമുക്ക് ചെയ്ത സേവനം ആർക്ക് നിഷേധിക്കാനാകും? ചുരുക്കത്തിൽ ഈ മിഷനറിമാരല്ലേ കേരളത്തിന് ഇന്നത്തെ വിദ്യാഭ്യാസ, സാമൂഹിക പുരോഗതി പ്രദാനം ചെയ്തതിൻെറ പിന്നിലെ മുഖ്യകാരണക്കാർ? എന്തിനേറെ: കേരളത്തിലെ ക്രൈസ്തവരായ നമ്മെ ഇന്നത്തെ നിലയിലുള്ള നാമാക്കിയത് മുഖ്യമായും ബ്രിട്ടീഷ് മിഷനറിമാരും ഭരണാധികാരികളുമല്ലെ? ഈ രാജ്യത്തിന് ആർക്കും എന്തും പറയാവുന്ന സ്ഥിതി: ആർക്കും ഒന്നും ചെയ്യാനും പറ്റാത്ത അവസ്ഥ!

ഏതായാലും, ഒരിടത്തുനിന്നും യാതൊരെതിർപ്പും വരാതെയും ആരെയും വചനസത്യങ്ങൾ അതേപടി അറിയാക്കാതെയും, ആരും ക്രിസ്തുവിൻെറ അനുയായികൾ ആകാൻ ഇടവരാത്താതെയും, പീഡനങ്ങൾ അംഗങ്ങളെയെല്ലാം അതാതു വിശ്വാസമാർഗ്ഗത്തിൽ നിലനിർത്തിയുമുള്ള അംഗീകരിച്ചു അതിലെ അംഗങ്ങളെയെല്ലാം അതാതു വിശ്വാസമാർഗ്ഗത്തിൽ നിലനിർത്തിയുമുള്ള ഒരു അത്യാന്താധുനിക സുവിശേഷ വൽക്കരണത്തിന് ഒരു പുതിയ നിർവചനം കണ്ടെത്താൻ കഴിയുന്നവർ അതിന് ശ്രമിക്കട്ടെ, അങ്ങനെയൊന്ന് ഉരുത്തിരിഞ്ഞാൽ ആ വിവരം ലോകമെമ്പാടും അറിയിക്കാൻ മാധ്യമങ്ങൾ പരസ്പരം മത്സരിക്കുകതന്നെ ചെയ്യും. പ്രേഷിതവേലയ്ക്ക് ആളെ കിട്ടാതെയും വരികില്ല. ഉന്നതരായ വ്യക്തികളുടെ വാക്കുകൾക്ക്, അത് വചനസത്യങ്ങൾക്കോ സത്യയാഥാർത്ഥ്യങ്ങൾക്കോ വിരുദ്ധമായിരുന്നാൽപോലും സാമാന്യ ജനങ്ങളിൽ ഒരളവുവരെ അതു സ്വാധീനം ചെലുത്തും. കാരണം കർത്താവുതന്നെ പറഞ്ഞിട്ടുണ്ട്. 'വിശുദ്ധ ലിഖിതമോ ദൈവത്തിൻെറ ശക്തിയോ അറിഞ്ഞുകൂടാത്തവരാണ് ഏറെയും. മത്തായി 22:29 അതേ സമയം ഇക്കാര്യത്തിൽ ബോധ്യമുള്ളവർ ചെയ്യേണ്ടതെന്താണ്. വി. പൗലോസ് പറഞ്ഞിരിക്കുന്നത്: 'വചനത്ഗ്ഗത്തിനും ദൈവപരിജ്ഞാനത്തിനും വിരോധമായി പൊങ്ങുന്ന എല്ലാ ശക്തികളെയും ദൈവസന്നിധിയിൽ ശക്തിയുള്ള ആത്മികായുധങ്ങൾകൊണ്ടു പോരാടി നിർമാർജ്ജനം ചെയ്യേണ്ടതുണ്ട്. സാത്താന്യകോട്ടകളെ ഇടിച്ചുനിരത്താൻ ശക്തിയുള്ള ആത്മികായുധങ്ങളുമായി സാത്താനെ നേരിടാൻ, ദൈവത്തെ ഭയപ്പെടുകയും സ്നേഹിക്കുകയും ചെയ്യുന്ന ദൈവമക്കൾക്കു കഴിയേണ്ടതാണ്. 2 കൊരി 10:3-5. എന്തെല്ലാം സംഭവിച്ചാലും ഒരു ക്രിസ്ത്യാനി യുടെയും ഹൃദയം കലങ്ങരുത്. ദൈവത്തിലും ക്രിസ്തുവിലും ഉള്ള വിശ്വാസം അധികമായി ഉറപ്പിക്കണം. എന്തും സഹിച്ചും തൻെറ ഉത്തമസാക്ഷികളായി ജീവിക്കുന്നവർക്ക് സ്ഥലം ഒരുക്കുവാൻ പോയ കർത്താവിലാണ് നമുക്ക് നിത്യജീവനു നിദാനമായ ജീവജലം ഉള്ളത്. ഈ ജീവജലം പാനം ചെയ്യുന്ന ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ നിന്ന് ജീവജലത്തിൻെറ നീരുറവകൾ പ്രവഹിക്കും. ആർക്കും ഈ പ്രവാഹം തടഞ്ഞു നിർത്താനാവില്ല, യോഹന്നാൻ 14:1-3, 7:38.

*എം. സി. ജോണി*
*കല്ലൂർ*

# C.S.I.
## FAMILY & YOUTH CONFERENCE
**(Regions IV and V)**

*Sponsored by:*

**THE CSI COUNCIL OF NORTH AMERICA**

*Theme:* **Spirituality in today's context**

*Dates:* **22 - 25 July 1999**

*Venue:* **Hyatt Regency Hotel, Lisle, Chicago, IL**

*Leaders:*

**THE MOST REV. WILLIAM MOSES** (Moderator, Church of South India)

**THE RT. REV. K. MICHAEL JOHN** (Former Bishop of CSI East Kerala Diocese)

**THE RT. REV. DR. J. W. GLADSTONE** (Bishop of CSI South Kerala Diocese)

**and other Bishops from India as well as presbyters & lay leaders.**

*Your prayers and participation are solicited.*


## NAAC accreditation for UC College

The National Assessment and Accreditation Council (NAAC) of the University Grants Commission has rated the Union Christian College, Aluva, as an institution with 'five star' grade.

The five - star accreditation is the highest rating by the NAAC, which is an autonomous institution of the UGC. The accreditation was based on the report of a Peer Team assessment covering seven criteria like curricular aspects; teaching, learning and evaluation, research, consultancy and extension; infrastructure and learning resources etc.

The Peer Team praised the 'high standards of teaching - learning' there. The promotion and maintenance of research culture are strong in some departments while the record of extension activities is creditable, the Peer Team noted. The team found the Alumni Association 'the singularly strong point of the college'.

The 78-year-old UC College is affiliated to the Mahatma Gandhi University and currently has twelve undergraduate and eight postgraduate courses.


**(THE HINDU)**


## W A N T E D

The Student Christian Movement, Kerala region is in search of a programme secretary. Graduates below 30 years of age, who are committed to christian mission and are prepared to work among students along with a team may write with full details. SCM background, ecumenical involvement and theological studies preferred. Please write to :-

**Prof Joseph Thomas, Convener, Search Committee**

**Henry Baker College, Melukavumattom, Kottayam - 686 652.**




Edited by Prof. Mathew Koshy Punnackadu and published by Rev. K. C. Mathew for New Vision, Manganam - 686 018